


ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം

# ബേഥേൽ പത്രിക

വാല്യം 30 ലക്കം 9

സെപ്റ്റംബർ 2017




# ആശയാവിഷ്കാരത്തിന്റെ മൂന്നു പതിറ്റാണ്ട്

**1985**ൽ രൂപംകൊണ്ട ചെങ്ങന്നൂർ ഭദ്രാസന ത്തിന്റെ ഔദ്യോഗിക നാവായി 1987 ഒക്ടോബർ മാസത്തിൽ അഭിവന്ദ്യ തോമസ് മാർ അത്താനാസി യോസ് തിരുമേനിയുടെ സ്വപ്ന സാക്ഷാത്ക്കാര മായി രൂപം പ്രാപിച്ചതാണ് ബഥേൽ പത്രിക. ഭദ്രാ സനത്തിന്റെ ഹൃദയ തുടിപ്പുകളെ തിരിച്ചറിഞ്ഞ് അക്ഷരങ്ങളിലൂടെ സഞ്ചരിച്ച് 3 പതിറ്റാണ്ടുകൾ പിന്നിടുകയാണ് ബഥേൽ പത്രിക. ഭദ്രാസനത്തിന്റെ ബഹുമുഖമായ വളർച്ചയ്ക്ക് എന്നും കൂട്ടുപോയി ട്ടുള്ള ഒരു മാധ്യമമാണ് ഇത്. കടന്നുവന്ന വഴിക ളിൽ ഏറെ പ്രതിസന്ധികളും സാമ്പത്തിക പരാധീ നതകളും ഉണ്ടായെങ്കിലും കഴിഞ്ഞ 30 വർഷമായി ഒരുലക്കം പോലും മുടങ്ങാതെ പ്രസിദ്ധീകരിക്കപ്പെട്ട ഒരു ഭദ്രാസന മുഖപത്രം എന്ന് എന്നും അഭിമാന ത്തോടെ പറയാം. ഉണ്ടായിട്ടുള്ള ഒരു പ്രതിസ ന്ധിയും പത്രികയുടെ പ്രസിദ്ധീകരണത്തെ ബാധി ച്ചിരുന്നില്ല.

അക്ഷരത്തിന് ആത്മാവ് പകർന്ന് ദൈവവിശ്വാ സത്തിന്റെയും വേദവിജ്ഞാനത്തിന്റെയും അക്ഷര കൂട്ടുകൾ നിറം മങ്ങാതെ വായനക്കാരിലേക്ക് എത്തിക്കുവാൻ ബഥേൽ പത്രികയ്ക്ക് സാധിക്കുന്നു എന്നത് ഏറെ കൃതാർത്ഥതയോടെയാണ് സ്മരിക്കു ന്നത്. സഭയുടെ കാതലായ വിശ്വാസ സത്യങ്ങളെ മാറ്റേറുന്ന വ്യാഖ്യാനത്തിലൂടെ വായനക്കാരിലേക്ക് എത്തിക്കുവാൻ കഴിയുന്നുണ്ട്. വചന വിചിന്തന ങ്ങളും, വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും ജീവിത മൂല്യങ്ങളും മാത്രമല്ല ആനുകാലിക പ്രസ ക്തമായ എല്ലാ വിഷയങ്ങളും ഈ നാളുകളിൽ ബഥേൽ പത്രികയുടെ താളുകളിലൂടെ അനാവരണം ചെയ്യപ്പെട്ടിട്ടുണ്ട്.

സമകാലീന വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന തിനും സമൂഹത്തിന് ആവശ്യമായ മൂല്യവത്തായ സന്ദേശങ്ങൾ പകർന്നുകൊടുക്കുന്നതിനും നഷ്ട പ്പെട്ടുപോയ മൂല്യങ്ങളെ തിരികെ പിടിക്കുന്നതിനും വായനക്കാരെ പ്രബോധിപ്പിക്കുന്ന പല ആശയ ആവിഷ്ക്കാരങ്ങളും പത്രികയുടെ മൂല്യം കൂടുതൽ തേജസ്സുറ്റതാകുന്നു. മികവുറ്റ ലേഖനങ്ങളും വേദ പഠനങ്ങളും പ്രബോധന പരമ്പരകളും അനേകരുടെ ഹൃദയങ്ങളെ കൈയ്യടക്കാൻ പത്രികയിലൂടെ കഴി യുന്നുണ്ട്. പ്രഗത്ഭമതികളായ ഒരുപറ്റം വായനക്കാർ പത്രികയ്ക്കുണ്ട് എന്നത് അവർ നല്കുന്ന പ്രതിക രണങ്ങളിലൂടെയും ക്രിയാത്മകമായ വിമർശനങ്ങ ളിലൂടെയും തിരുത്തലുകളിലൂടെയും മനസ്സിലാക്കു വാൻ കഴിയുന്നു.

അച്ചടി രംഗത്ത് കാലാകാലങ്ങളിൽ ഉണ്ടായ മാറ്റ ങ്ങൾ പത്രികയുടെ രൂപ പരിണാമങ്ങളിലും ചേർത്തു വെയ്ക്കുവാൻ സാധിക്കുന്നുണ്ട്. ആധു നിക വിവര സാങ്കേതിക വിദ്യകളുടെ വളർച്ചയും വികാസവും അച്ചടി മാധ്യമങ്ങൾ ഏറെ വെല്ലുവിളി ഉയർത്തുന്ന ഈ കാലഘട്ടത്തിൽ, സാങ്കേതിക വിദ്യകളുടെ വളർച്ചയ്ക്കൊപ്പം വളരാൻ പത്രിക ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. വിരൽത്തുമ്പിലെ വിജ്ഞാനത്തിന് പ്രാധാന്യമേറുന്ന ഈ കാലത്തിൽ എല്ലാ നൂതന സാങ്കേതിക സാമഗ്രികളിലും പത്രി കയുടെ സാന്നിദ്ധ്യം ഉറപ്പിക്കാൻ ഇന്നു കഴിയുന്നു ണ്ട്. മൊബൈൽ ഫോണുകളിലും ടാബ്‌ലെറ്റുക ളിലും കമ്പ്യൂട്ടറുകളിലും ലോകത്തിന്റെ എവിടെയി രുന്നു പത്രിക വായിക്കുവാനുള്ള സാങ്കേതിക തികവ് പത്രികയുടെ മാറ്റ് വർദ്ധിപ്പിക്കുന്നു.

പോസ്റ്റൽ രംഗത്തുണ്ടായ മാറ്റങ്ങൾ ആണ് പത്രി കയുടെ പുതിയ പ്രധാന വെല്ലുവിളി. കത്തിടപാടു കൾ കുറഞ്ഞ് ആനുകാലികങ്ങൾ മാത്രമായപ്പോൾ അതിന്റെ വിതരണത്തിൽ പൂർണ്ണത കൈവരിക്കു വാൻ പോസ്റ്റൽ ഡിപ്പാർട്ടുമെന്റിന് കഴിയാത്തത് പ ത്രികയുടെ പ്രചരണത്തെ സാരമായി ബാധിച്ചിട്ടു ണ്ട്. ഈ പ്രതിസന്ധിയെ തരണം ചെയ്യുവാൻ പുതിയ മാർഗ്ഗങ്ങൾ രൂപപ്പെടേണ്ടിയിരിക്കുന്നു.

ഈ കാലമത്രയും ബഥേൽ പത്രികയെ സഹാ യിച്ചവർ അനേകരുണ്ട്. ഒരു പ്രതിഫലവും പറ്റാതെ ഇതിനെ വളർത്തിക്കൊണ്ടു വന്നവർ. ഇതിനെ കമ നീയമാക്കുവാൻ എല്ലാ സാങ്കേതിക വിദ്യയും പകർന്നു നൽകിയവർ, മുദ്രണം നിർവഹിക്കാൻ ഏറ്റെടുത്ത സ്ഥാപനങ്ങൾ, ഈടുറ്റ സൃഷ്ടികൾ നൽകി സഹായിച്ചുകൊണ്ടിരിക്കുന്നവർ, പരസ്യ ങ്ങൾ നൽകി സഹായിക്കുന്നവർ, ഓരോ ലക്കവും സർവ്വാത്മന ഹൃദയപൂർവ്വം സ്വീകരിക്കുന്ന വായന ക്കാർ... അവർക്കു മുന്നിൽ ഒരിക്കൽക്കൂടി ഹൃദയ പൂർവ്വം കൃതജ്ഞത പ്രകാശിപ്പിക്കുന്നു. തുടർന്നും മാസികയുടെ വളർച്ചയിൽ ഏവരുടെയും കൈത്താ ങ്ങൽ പ്രതീക്ഷിക്കുന്നു.

**ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്**

www.bethelpatrika.org
ബഥേൽ പത്രിക 30
1987 - 2017
സെപ്റ്റംബർ 2017 വാല്യം: 30 ലക്കം: 9

## പത്രാധിപ സമിതി

**മാനേജിംഗ് എഡിറ്റർ & പബ്ലീഷർ**
അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ
ഫോൺ: 0479 - 2453310, 2451331

**ചീഫ് എഡിറ്റർ**
റവ. ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്
ഫോൺ: 0479 - 2450287, 9447431096
E-mail: frabrahamkoshy@gmail.com

**എക്സിക്യൂട്ടീവ് എഡിറ്റർ**
റവ. ഫാ. വൈ. തോമസ്
ഫോൺ: 0479 - 2453551, 9495351959

**എഡിറ്റർ**
ശ്രീ. സജി പട്ടരുമഠം
ഫോൺ: 9446114346

**അസോസിയേറ്റ് എഡിറ്റർ**
റവ. ഫാ. സുനിൽ ജോസഫ് ഡാണാംപടിക്കൽ
ഫോൺ: 0479 - 2454504, 9947429667

**സർക്കുലേഷൻ മാനേജർ**
റവ. ഫാ. തോമസ് വർഗീസ് കടവിൽ
ഫോൺ: 0479 - 2457586, 9447776146

**സർക്കുലേഷൻ**
റവ. ഡീക്കൻ സോളമൻ ബാബു
ഫോൺ: 9947438884
റവ. ഡീക്കൻ സിബിൻ കെ. നിക്സൺ
ഫോൺ: 9656657614

**വെബ് അഡ്മിനിസ്ട്രേറ്റർ**
ശ്രീ. ബിനു ചാക്കോ
ഫോൺ: 0479 - 2311692, 9446697328
Email: binu303@gmail.com

**അംഗങ്ങൾ**
റവ. ഫാ. തോമസ് കൊക്കാപ്പറമ്പിൽ
റവ. ഫാ. തോമസ് വർഗീസ് അമയിൽ
റവ. ഫാ. ഐപ്പ് പി. സാം
റവ. ഫാ. മാത്യു ഏബ്രഹാം
റവ. ഫാ. ഷിബു വർഗീസ്
ശ്രീ. ജോസ് പുതുവന
ശ്രീ. ഷാജൻ മാത്യു
ശ്രീ. എബി അലക്സാണ്ടർ
പ്രൊഫ. ബിൻസി റെജി

# താളുകളിൽ....

5 ഇടയപത്രിക
**സ്വാതന്ത്ര്യം ഉറപ്പാക്കുന്ന സമാധാന ചുവടുവയ്പുകൾ**
തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

6 സഭൈക്യം
**സഭാ സമാധാനം ഒരു മരീചികയോ..?**
ഫാ. ഡോ. ജോൺസ് ഏബ്രഹാം, കോനാട്ട്

8 സഭാകാര്യം
**സത്യമേവ ജയതേ...**
ഫാ. ബിജു പി. തോമസ്

10 ലേഖനം
**ഒരു വീണ്ടെടുപ്പിന്റെ കഥ**
ഡോ. എം. കുര്യാക്കോസ്, പുല്ലുവഴി

13 നിരീക്ഷണം
**ആദ്യം ഓർത്തഡോക്സ് ബൈബിൾ പിന്നെ...**
ഡോ. എം. കുര്യൻ തോമസ്

15 സഭാകാര്യം
**ദാവീദ്: രാജാവ്, നിബി, പുരോഹിതൻ, മഹാകവി**
അഭിവന്ദ്യ യൂഹാനോൻ മാർ പോളികാർപ്പോസ്

18 നാട്ടുചരിത്രം
**നഷ്ടപ്രതാപം വീണ്ടെടുത്ത ചെങ്ങന്നൂർ താലൂക്ക്**
വർഗീസ് ജോൺ തോട്ടപ്പുഴ

21 ആരാധനാ വിജ്ഞാനീയം
**ജീവിത രേഖ**
ഫാ. സഖറിയാ പനയ്ക്കാമറ്റം

23 വചന പരിച്ഛേദം
**ദേവാലയം ദൈവത്തിന്റെ ദൃഷ്ടിയും ഹൃദയവും....**
ഫാ. പി. വി. ജോൺ

25 ഏവൻഗേലിയോൻ ചിന്തകൾ
**വചനാമൃതം**
ഫാ. സ്റ്റീഫൻ വർഗീസ്, കുടശ്ശനാട്

മർത്തമറിയം സമാജം പരീക്ഷാ സഹായി 28
ഭദ്രാസന വാർത്തകൾ 31 ബാല പത്രിക 32
ഹരിത പത്രിക 33 , സൺഡേസ്കൂൾ വാർത്തകൾ 34

**വരിസംഖ്യ**

| | |
|---|---|
| 1 വർഷം | ₹ 130 |
| 2 വർഷം | ₹ 260 |
| 5 വർഷം | ₹ 650 |
| 10 വർഷം | ₹1300 |

**പരസ്യ നിരക്കുകൾ**

| | |
|---|---|
| Cover Back Multy | ₹ 6000 |
| Front Inner Multy | ₹ 4000 |
| Back Inner Multy | ₹ 3500 |
| Inner B/W Half | ₹ 1500 |
| Favours received | ₹ 500 |
| Matrimonial | ₹ 500 |

**Bethel Pathrika. P.B. No. 38**
**Chengannur, Kerala. 689 121**
**Ph./Fax: +91 479 2451331**
**Email: bethelpatrika@gmail.com**
**Website: www.bethelpatrika.org**

ബഥേൽ പത്രികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെ ആശയങ്ങൾ ലേഖകരുടേത് മാത്രമാണ്.
അത് മാസികയുടെ ഔദ്യോഗിക ആശയമല്ല – എന്ന് പത്രാധിപർ



# സ്വാതന്ത്ര്യം ഉറപ്പാക്കുന്ന സമാധാന ചുവടുവെയ്പ്പുകൾ

**മാ**ർത്തോമ്മാ ശ്ലീഹായുടെ അപ്പോസ്തോലിക പൈതൃകം ഉൾക്കൊള്ളുന്ന ഭാരതീയ സഭ എന്ന സ്വത്വ ബോധം നമ്മുടെ പൈതൃകമാണ്. അധികാരത്തിന്റെ പ്രമത്തതയിൽ ലോകമെമ്പാടും പടർന്നു പന്തലിച്ച കൊളോണിയൻ സ്വാധീനം ആണ് ഭാരതീയ സഭയുടെ സ്വതബോധത്തെ എന്നും ഇല്ലാതെയാക്കാൻ കിണഞ്ഞു പരിശ്രമിച്ചുവരുന്നത്. ഇത്തരം ശ്രമങ്ങളോടുള്ള ധീരമായ ചെറുത്തു നിൽപ്പുകൾ ആണ് നമ്മുടെ സഭാ ചരിത്രത്തെ പ്രൗഢവും അന്തസ്സുള്ളതും ആക്കി മാറ്റുന്നത്. മലങ്കര സഭ ഏറ്റവും അവസാനവുമായി പ്രവേശിച്ച കൊളോണിയൻ ബാന്ധവുമാണ് അന്തോഖ്യൻ ബന്ധം, പേർഷ്യൻ സഭയുമായി പുരാതനകാലം മുതലേ നിലനിന്നിരുന്ന ബന്ധത്തിലൂടെ അവർ സ്വായത്വമാക്കിയ പദങ്ങളും ശൈലികളും വ്യത്യസ്തമായ രൂപത്തിൽ ആണെങ്കിലും അന്തോഖ്യൻ ശൈലികൾ ഉണ്ടെന്ന് തിരിച്ചറിഞ്ഞ നമ്മുടെ പൂർവ്വികർ ആ ബന്ധത്തിൽ നിന്ന് സഹായങ്ങൾ സ്വീകരിച്ചിട്ടുണ്ട് എന്നത് തർക്കവിഷയമല്ല. *സഹായിക്കുക* എന്നതിന് *കീഴ്പ്പെടുക* എന്ന അർത്ഥമില്ല. അങ്ങനെ ഉണ്ട് എന്നാണ് കൊളോണിയൻ വിചാരം. അതാണ് നമ്മുടെ സഭാവഴക്കിന്റെ യഥാർത്ഥ കാരണവും.

അപ്പോസ്തോലിക പൈതൃകത്തിനായി പോരാട്ടങ്ങൾ നടത്തിയ ഒരു സഹോദരി സഭയെ സഹായിച്ചിട്ടുണ്ട് എങ്കിൽ അതിന്റെ പേരിൽ അവർ യുഗാന്ത്യ കാലംവരെ ആത്മീയ അടിമത്വം പേറണം എന്ന് ശഠിക്കുന്നത് എങ്ങനെ സ്വീകാര്യമാകും? മലങ്കര ഓർത്തഡോക്സ് സഭ ഒരു ഭാരതീയ സഭയാണ് എന്ന് അരക്കിട്ട് ഉറപ്പാക്കുന്ന നിരവധി കോടതി വിധികൾ ദൈവം നമുക്ക് നൽകിയിട്ടുണ്ട്, അതിൽ ഏറ്റവും അത്യുജ്ജ്വലം എന്ന് വിശേഷിപ്പിക്കാൻ കഴിയുന്നത് 2017 ജൂലൈ 3-ാം തീയതിയിലെ സുപ്രീംകോടതി വിധിയെയാണ് എല്ലാ പഴുതുകളും അടച്ചുള്ള വിധിയാണിത്. മലങ്കര ഓർത്തഡോക്സ് സഭ ഒരു ദേശീയ സഭയാണ് എന്ന് ഇന്ത്യൻ പരമോന്നത നീതി പീഠത്തിന്റെ ഉറപ്പിക്കൽ കൂടിയാണ് ഈ വിധി. കൂടാതെ പാത്രിയർക്കീസിന്റെ പണ്ടേ ഇല്ലാതായ ലൗകിക അധികാര വാദം, ആത്മീയ മേൽക്കോയ്മയുടെ പൊള്ളത്തരങ്ങൾ ഇവയ്ക്ക് എതിരെയുള്ള ശക്തമായ മുന്നറിയിപ്പുകൾ, സമാന്തരഭരണത്തിന് എതിരെയുള്ള കടുത്ത നിലപാടുകൾ, കാതോലിക്കാ - മലങ്കര മെത്രാപ്പോലീത്താ സ്ഥാനങ്ങൾക്ക് ലഭിച്ച തർക്കമറ്റ അംഗീകാരം, നിയമ വിരുദ്ധ പട്ടംകൊടകൾക്ക് എതിരെയുള്ള പരാമർശനങ്ങൾ, വിധിന്യായങ്ങൾ ചോദ്യം ചെയ്യപ്പെടാൻ കഴിയാത്ത സഭാ ഭരണഘടനയുടെ മൂല്യം എന്നിവ ഉയർത്തിപ്പിടിക്കുന്ന 2017 ജൂലൈ 3-ാം തീയതിയിലെ സുപ്രീംകോടതി വിധി മലങ്കര സഭയെ സംബന്ധിച്ച് ഒരു മാഗ്നാകാർട്ടയാണ്.

സഭയുടെ ശാശ്വത സമാധാനത്തിന് ഇനിയും മറ്റു വഴികൾ തുറക്കാനാകില്ല. 1958-ലെ പരിശ്രമങ്ങൾക്ക് ദീർഘായുയുസ്സ് ഉണ്ടായില്ല. അതുകൊണ്ടുതന്നെ തട്ടിക്കൂട്ടിയ സഭാ സമാധാന ഫോർമുലകൾക്ക് ഇനി പ്രസക്തിയില്ല. 1934-ലെ ഭരണഘടനയും, സുപ്രീംകോടതി വിധികളും അടിസ്ഥാനമാക്കി ഫലപ്രദമായ സമാധാന ചർച്ചകൾ അതിവേഗം പുരോഗമിക്കേണ്ടിയിരുന്നു.

സഹോദര സഭയുടെ മേലദ്ധ്യക്ഷൻ എന്ന നിലയിൽ എല്ലാ ബഹുമാനങ്ങളും ആദരവും പാത്രിയർക്കീസിന് നാം കൊടുക്കുന്നുണ്ട്. ഇനിയും അതിൽ മാറ്റം വരുത്തേണ്ട കാര്യമില്ല. 1934-ലെ ഭരണഘടന വിഭാവനം ചെയ്യുന്ന സഹവർത്തിത്വം അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായ്ക്ക് ഉറപ്പാക്കാൻ കഴിയുമെങ്കിൽ അദ്ദേഹത്തെ അംഗീകരിക്കുന്നതിനും നാം മടികാണിക്കേണ്ട കാര്യമില്ല. എന്നാൽ സംശയരഹിതമായി നമുക്ക് ഒന്നേപറയാനുള്ളു, മലങ്കര സഭ ദേശീയ സഭയാണ്. സ്വയംഭരണവും സ്വയശീർഷകത്വവും ഉള്ള സഭയാണ്. ഈ സഭയെ കോളനി ആക്കാനുള്ള എല്ലാ പരിശ്രമങ്ങളെയും ഞങ്ങൾ എതിർക്കും. 1934-ലെ ഭരണഘടനയ്ക്ക് ഒരു കോട്ടവും വരുത്തുവാൻ ഞങ്ങൾ അനുവദിക്കില്ല.

ഈ അവസരത്തിൽ എനിക്ക് ഓർമ്മിപ്പിക്കാനുള്ളത് 1958-ൽ സുപ്രീം കോടതി വിധിപ്രകാരം പൂർണ്ണ വിജയിയായ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ അയച്ച പൊതു കല്പനയിലെ ഒരു വാചകമാണ്. ...*നാം ഒരേ അസ്ഥിയും ഒരേ മാംസവുമാണ്. ഒരേ മനസ്സുണ്ടായാൽ മാത്രം മതി. സഭയുടെ യോജിപ്പിലാണ് വിജയം. അതിനാൽ വിനയമുള്ള ആത്മാവുകൊണ്ട് നാം അവരെ നേടണം. നിങ്ങളുടെ സംസാരത്തിലും പെരുമാറ്റത്തിലും ആരേയും മുറിപ്പെടുത്തുന്ന ഒരു വാക്കുപോലും അരുത്...*

സ്വാതന്ത്ര്യം, സാഹോദര്യം എന്നീ മഹാവികാരങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്നവർക്ക് 1934-ലെ ഭരണഘടന സ്വീകരിച്ച് ഒന്നാകാൻ കഴിയുമെന്നാണ് നമ്മുടെ പൂർണ്ണവിശ്വാസം. അതിനു കഴിയാത്തവർക്ക് സ്വന്തമായി സഭയുണ്ടാകാനും ആരാധിക്കാനും സ്വാതന്ത്ര്യമുണ്ട്. എന്നാൽ അത് മലങ്കര സഭയുടെ പൂർവ്വിക സ്വത്ത് വിഭജിച്ച് ആകരുത് എന്ന് മാത്രം. മലങ്കരസഭ കാത്തു സൂക്ഷിക്കുന്ന ജനാധിപത്യ ബോധത്തിലേക്കും സ്വാതന്ത്ര്യ അനുഭവത്തിലേക്കും കടന്നുവരുന്ന ആരുടെയും മുമ്പിൽ മലങ്കര സഭാ വാതിൽ കൊട്ടിയടക്കുന്നില്ല. എല്ലാവർക്കും കടന്നു വരാം. അവർക്ക് അർഹമായ സ്ഥാനവും സഭയിൽ ഉണ്ടാവും. അതാണ് നമ്മുടെ സഭാ സമാധാനത്തിന്റേയും ഐക്യത്തിലുള്ള ആഹ്വാനം. കേൾക്കുവാൻ ചെവിയുള്ളവർ കേൾക്കട്ടെ.

**തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത**



## സഭൈക്യം

ഫാ. ഡോ. ജോൺസ് എബ്രഹാം, കോനാട്ട്

# സഭാ സമാധാനം ഒരു മരീചികയോ?

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ നടമാടിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ട് സമാധാനം സ്ഥാപിക്കണമെന്ന അഭിപ്രായം അനുദിനം പ്രബലമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണല്ലോ 2017 ജൂലൈ 3ന് സുപ്രീം കോടതി നിർണ്ണായകമായ വിധി പുറപ്പെടുവിച്ചിരിക്കുന്നത്. സമാധാനത്തിന് ആഹ്വാനം ചെയ്തുകൊണ്ട് പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി കല്പന പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞു. മലങ്കരസഭയുടെ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം, യോജിപ്പ് മാത്രമാണെന്ന അഭിപ്രായത്തോട് പൂർണ്ണമായി യോജിക്കുന്നു. സഭാനേതൃത്വവും, നല്ലൊരു ശതമാനം വിശ്വാസികളും ആഗ്രഹിക്കുന്നതും ഇതുതന്നെയാണ്. സഭ പൊതുസമൂഹത്താൽ അവഹേളിക്കപ്പെടുന്നതും, ഭാരിച്ച ധനവ്യയം ഇതിനായി നടത്തേണ്ടി വരുന്നതും എല്ലാവരെയും ദുഃഖിപ്പിക്കുന്നുമുണ്ട്. യോജിപ്പിനുവേണ്ടി ക്രിയാത്മകമായ ഉപാധികളെക്കുറിച്ച് ചിന്തിക്കുന്ന ഇതേ അവസരത്തിൽതന്നെ രണ്ടായി പിരിയണം എന്നു പറയുന്നവരുമുണ്ട്. എന്നാൽ അവർ അതിന്റെ നൂലാമാലകളെ കുറിച്ച് ചിന്തിച്ചിട്ടുണ്ടോ എന്നു സംശയമാണ്.

1958 ൽ ഏതൊരടിസ്ഥാനത്തിൽ സഭയിൽ സമാധാനവും ഐക്യവും ഉണ്ടായോ, ആ സഭാഭരണഘടനയിൽ നിന്ന് അണുവിട മാറാതെയാണ് 1970 വരെ മലങ്കര സഭ ഭരിക്കപ്പെട്ടത്. യാതൊരു പ്രത്യേക പ്രകോപനവുമില്ലാതെയാണ് അന്ത്യോഖ്യ പാത്രിയർക്കീസ് 1970ൽ 203-ാം നമ്പർ കല്പനമൂലം അസമാധാനത്തിന്റെ വിത്തുവിതച്ചത്. സാധുവായ യാതൊരു കാരണവുമില്ലാതെ ഒരു വിഘടനം ആരംഭിച്ച്, കുറേ ആളുകളെ പിന്നിൽ നിരത്തിയിട്ട് ന്യായമായ എല്ലാ അവകാശങ്ങളും വഴക്കുണ്ടാക്കുന്നവരുമായി പങ്കുവയ്ക്കണം എന്നു പറയുന്നതിൽ അർത്ഥമുണ്ടോ? ഇനി പങ്കുവയ്ക്കാൻ സമ്മതിക്കുന്നു എന്നുതന്നെയിരിക്കട്ടെ; അതിനുള്ള മാനദണ്ഡം എന്തായിരിക്കണം?

ഭൂരിപക്ഷാടിസ്ഥാനത്തിൽ വിഭജിക്കണം എന്നതാണ് ഒരഭിപ്രായം. എല്ലാ പ്രശ്നങ്ങളും ഹിതപരിശോധനയിൽക്കൂടി പരിഹരിക്കാനാവുമോ? ഇന്ദിരാഗാന്ധിയുടെ കാലത്ത് 1969ലും 1978ലും കോൺഗ്രസ് പാർട്ടി രണ്ടായി പിളർന്നപ്പോൾ പാർട്ടി ഓഫീസുകളും മറ്റും ഓരോ സ്ഥലത്തെയും ഭൂരിപക്ഷമനുസരിച്ച് വിഭജിക്കുകയായിരുന്നോ? അവയ്ക്കായി കേസുകൾ നടന്നുവോ? മുല്ലപ്പെരിയാർ പ്രശ്നത്തിൽ രണ്ടുപ്രബലമായ അഭിപ്രായങ്ങളുണ്ട്. ഇതിൽ ഏതുനടപ്പാക്കണം എന്നതിന് കേരളവും, തമിഴ്നാടും തമ്മിൽ ഹിതപരിശോധന നടത്തിയാൽ ശരിയാകുമോ? ഒരു മോഷ്ടാവിനെ കൈയോടെ പിടിച്ചാൽ, അയാൾ നിരപരാധിയാണെന്ന് 51% ആളുകൾ പറഞ്ഞാൽ അയാൾ കുറ്റവിമുക്തനാകുമോ? കാശ്മീർ പ്രശ്നം എന്തുകൊണ്ടാണ് ഹിതപരിശോധനയിൽകൂടെ പരിഹരിക്കാത്തത്? ശ്രീലങ്കയിൽ കൂടുതൽ തമിഴർ അധിവസിക്കുന്ന മേഖലകൾക്ക് എന്തുകൊണ്ട് സ്വാതന്ത്ര്യം നൽകിയില്ല?

ഇനി സുപ്രീംകോടതി ഇക്കാര്യത്തിൽ എന്തു പറയുന്നു എന്നു നോക്കാം. കോടതി അപ്പാടെ തള്ളിക്കളഞ്ഞ ഒരാശയമാണിത്. സഭയുടെ സ്വത്തുക്കൾ എന്നും സഭയുടേതായി നിലകൊള്ളണമെന്നും അതിൽനിന്ന് ആർക്കും ഒന്നും എടുത്തുകൊണ്ടുപോകുവാൻ സാധ്യമല്ലായെന്നും കോടതി കണ്ടെത്തിയിരിക്കുന്നു. ഒരു ട്രസ്റ്റിന്റെ വസ്തുക്കൾ ഭൂരിപക്ഷാടിസ്ഥാനത്തിൽ വിഭജിക്കുവാൻ സാധ്യമല്ല. അപ്പോൾ ഭൂരിപക്ഷ വാദഗതിയുടെ പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നു.

അടിസ്ഥാനമില്ലാതെ ഉണ്ടാക്കുന്ന കലഹ

ങ്ങൾക്ക് ഭൂരിപക്ഷം മാനദണ്ഡമാക്കാനാവുകയില്ല. ഒരു പൗരന്റെയും, സംഘടനയുടെയും അവകാശങ്ങൾ, പൊള്ളയായ വാദഗതികൾകൊണ്ട് തകർക്കുക എന്നത് ജനാധിപത്യത്തിൽ അനുവദനീയമല്ല. ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടുവാനല്ലെങ്കിൽ പിന്നെ നീതിന്യായ വ്യവസ്ഥകളുടെ ആവശ്യം എന്താണ്?

മദ്ധ്യസ്ഥന്മാരുടെ നേതൃത്വത്തിൽ ചർച്ചകളിൽകൂടി പ്രശ്നം പരിഹരിക്കണമെന്നതാണ് ഉയർന്നുകേൾക്കുന്ന മറ്റൊരു നിർദ്ദേശം. ശരിയാണ്, ചില സ്ഥലങ്ങളിൽ പരസ്പരം നടന്നചർച്ചകളും, മദ്ധ്യസ്ഥരുടെ നേതൃത്വത്തിൽ നടന്ന ചർച്ചകളും വിജയത്തിൽ എത്തിയിട്ടുണ്ട്. മലബാർ ഭദ്രാസനത്തിലെ പല പള്ളികളിലെയും പ്രശ്നം അപ്രകാരം പരിഹരിക്കപ്പെട്ടിട്ടുണ്ട്. കണ്ടനാട് ഭദ്രാസനത്തിലെ ചുരുക്കംചില പള്ളികളിലും അപ്രകാരം പ്രശ്നം തീർന്നിട്ടുണ്ട്. എന്നാൽ ചർച്ചകൾ വിജയിക്കാതെ വന്ന ഉദാഹരണങ്ങൾ നിരവധിയാണ്. കോലഞ്ചേരി പ്രശ്നത്തിൽ ജുഡീഷ്യൽ മദ്ധ്യസ്ഥന്മാരും, മന്ത്രിസഭാ ഉപസമിതിയും കിണഞ്ഞു പരിശ്രമിച്ചിട്ടും ഒന്നും നടന്നില്ല. ഓർത്തഡോക്സ് സഭ എത്രമാത്രം വിട്ടുവീഴ്ചകൾക്ക് തയ്യാറായതാണ്. മണ്ണത്തൂർ, വെട്ടിത്തറ പള്ളികളുടെ കാര്യത്തിലും ചർച്ചകൾ നടന്നു എങ്കിലും തീരുമാനമൊന്നും ഉണ്ടായില്ല.

ചർച്ചകളിൽക്കൂടി ഉണ്ടായിട്ടുള്ള പരസ്പര ധാരണകൾ എത്രയോ സ്ഥലങ്ങളിൽ ലംഘിക്കപ്പെട്ടിരിക്കുന്നു. ആലുവാ സംഭവം തന്നെ ഉത്തമ ഉദാഹരണമാണ്. അന്നത്തെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇരുവിഭാഗങ്ങളുമായി ചർച്ചചെയ്ത് ഉണ്ടാക്കിയ ധാരണ എത്രയോ പ്രാവശ്യം ഏകപക്ഷീയമായി ലംഘിക്കപ്പെട്ടു. മാമലശേരി പള്ളിയിൽ 1998 ൽ ഉണ്ടായ ധാരണ കുറേക്കാലം പാലിക്കപ്പെട്ടു. എന്നാൽ പിന്നീട് അതും ഏകപക്ഷീയമായി പാത്രിയർക്കീസ് വിഭാഗം ലംഘിച്ചു. ഇനിയിപ്പോൾ പുതിയ ഒരു ധാരണയുണ്ടായാൽ കുറെ നാളുകൾക്കുശേഷം അതുവീണ്ടും ലംഘിക്കപ്പെടുകയില്ലെന്ന് എന്താണ് ഉറപ്പ്? അധികാരമുള്ള മദ്ധ്യസ്ഥനായ കോടതിയുടെ തീർപ്പുകൾ നടപ്പാക്കുന്നതിൽക്കൂടി മാത്രമേ സമാധാനം ശാശ്വതമാകൂ.

സ്വത്തു വീതം വയ്ക്കുന്നതിനുവേണ്ടിയുള്ള ഉഭയകക്ഷി ചർച്ചകൾക്കൊന്നും ഇനിയും പ്രസക്തിയില്ല. കാരണം ഇൻഡ്യയുടെ പരമോന്നത കോടതിയുടെ നിർദ്ദേശമനുസരിച്ച് എല്ലാവരും 1934 ലെ ഭരണഘടന അംഗീകരിക്കുന്നതിൽക്കൂടിയാണ് സമാധാനം ഉണ്ടാകുവാൻ പോകുന്നത്. അതിനെന്തെങ്കിലും ഭേദഗതി ആവശ്യമെങ്കിൽ അതിനെക്കുറിച്ച് ചിന്തിക്കുവാനാണ് ഒരു മേശയ്ക്കുചുറ്റുമിരുന്ന് ആലോചിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നത്.

ഇരുകൂട്ടരും സ്വയം ഒരു മേശയ്ക്കു ചുറ്റുമിരുന്നാൽ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയില്ലെന്നു ബോദ്ധ്യമായപ്പോഴാണല്ലോ കോടതിയെ സമീപിച്ചത്. അധികാരമുള്ള കോടതി എന്ന മദ്ധ്യസ്ഥൻ നിർദ്ദേശിക്കുന്ന തീർപ്പുകൾ അനുസരിക്കാൻ കൂട്ടാക്കാത്തവർ, അധികാരമില്ലാത്ത മദ്ധ്യസ്ഥർ കൽപ്പിക്കുന്ന തീർപ്പുകൾ ബഹുമാനിക്കുമോ? 2002 ൽ സുപ്രീം കോടതിയുടെ നിർദ്ദേശമനുസരിച്ച് ഇരുവിഭാഗവും ചേർന്ന് അസോസിയേഷൻ നടത്തുവാൻ ജസ്റ്റീസ് മളീമഠിനെ നിയമിച്ചിരുന്നു. ആ നടപടികൾ ഇരുവിഭാഗവും അംഗീകരിക്കുകയും ചെയ്തിരുന്നു. പക്ഷെ മദ്ധ്യസ്ഥന്റെ മേൽനോട്ടത്തിൽ നടത്തിയ അസോസിയേഷൻ എന്തേ മറുവിഭാഗം ബഹിഷ്ക്കരിച്ചു? ആ ബഹിഷ്ക്കരണമാണ് മലങ്കരസഭയിൽ വീണ്ടും രൂക്ഷമായ പ്രശ്നങ്ങൾക്കു കാരണമായത് എന്നും ഇപ്രാവശ്യത്തെ കോടതിവിധിയിൽ വ്യക്തമാക്കിയിരിക്കുന്നു.

മലങ്കരസഭ എല്ലാ കിഴക്കൻ സഭകളെയും പോലെ തന്നെ ഒരു എപ്പിസ്ക്കോപ്പൽ സഭയാണ്. എന്നാൽ 1934ലെ ഭരണഘടന ജനാധിപത്യ തത്വങ്ങൾക്ക് അർഹമായ പ്രാധാന്യം നൽകുന്നുണ്ട്. ഇടവക തലത്തിൽ ഭരണസമിതിയെ തിരഞ്ഞെടുക്കുവാനുള്ള അവകാശം ഇടവകജനങ്ങൾക്കാണ്. അവർ തിരഞ്ഞെടുക്കുന്ന പ്രതിനിധികൾക്ക് ആത്മാർത്ഥമായി ഭരിക്കുവാനുള്ള അവസരമുണ്ട്. അവരുടെ പ്രവർത്തനങ്ങൾ സഭയുടെ നന്മയ്ക്ക് എതിരാണെന്നു വന്നാൽ മാത്രം മെത്രാപ്പോലീത്തയ്ക്ക് ഇടപെടുവാൻ സാധ്യത നൽകുന്നു. അതുപോലെ തന്നെ ഭദ്രാസന തലത്തിലും ഭുരിപക്ഷമുള്ളവർക്ക് മെത്രാപ്പോലീത്തായോടു ചേർന്നുനിന്ന് ഭരണം നടത്താം. മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, കൗൺസിൽ അംഗങ്ങൾ, ഭദ്രാസന സെക്രട്ടറി എന്നീ സ്ഥാനികളെല്ലാം തിരഞ്ഞെടുക്കപ്പെടുന്നവരാണ്. അതുപോലെ തന്നെ സഭാതലത്തിലും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളാണ് ഭരണം നടത്തുന്നത്. ചുരുക്കിപ്പറഞ്ഞാൽ, ഇടവകയിൽ ഭൂരിപക്ഷമുള്ളവർ ഇടവകയും, ഭദ്രാസനത്തിൽ ഭൂരിപക്ഷമുള്ളവർ ഭദ്രാസനവും, സഭയിൽ ഭൂരിപക്ഷമുള്ളവർ സഭയും ഭരിക്കട്ടെ.

നിർദ്ദിഷ്ഠ കാലാവധികളിൽ (ഇടവകതലത്തിൽ വർഷത്തിലൊരിക്കലും മെത്രാസന - സഭാ തലങ്ങളിൽ അഞ്ചു വർഷത്തിലൊരിക്കലും) തിരഞ്ഞെടുപ്പുകൾ കൃത്യമായി നടത്തുന്ന പതിവാണ് മലങ്കരസഭയിൽ നിലനിൽക്കുന്നത്. ആ തിരഞ്ഞെടുപ്പുകളിൽ, ഭരണഘടന നിർദ്ദേശിക്കുന്ന യോഗ്യതകളുള്ള ആർക്കും മത്സരിക്കാവുന്നതും തിരഞ്ഞെടുക്കപ്പെടാവുന്നതുമാണ്.

എന്നാൽ ഉന്നത സ്ഥാനികളായ മെത്രാപ്പോലീത്തമാർ, തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം അവരുടെ കർമ്മമണ്ഡലങ്ങളിൽ നിയമിക്കപ്പെടുകയാണ്. അവരെ നിയമിക്കുന്നതിനും കൃത്യമായ നിയമാവലികളുണ്ട്. ഇടവക വികാരിമാരും നിയമിക്കപ്പെടുകയാണ്.

(ശേഷം 9-ാം പേജിൽ)



സഭാകാര്യം

ഫാ. ബിജു പി. തോമസ്

# സത്യമേവ ജയതേ

**ദൈ**വം എന്നും അങ്ങനെയാണ്. മനുഷ്യനെ ദൈവം എപ്പോഴും വിസ്മയിപ്പിക്കുന്നു. മനുഷ്യന്റെ പ്രതീക്ഷയേക്കാൾ വളരെ ഏറെയാണ് ദൈവത്തിന്റെ പ്രവൃത്തി. 'പൂവ് ചോദിച്ചാൽ പൂന്തോട്ടം നൽകുന്ന' ദൈവം. ചോദിച്ചാൽ ഉടൻ നൽകുമോ? ചോദിക്കുന്നതെല്ലാം നൽകുമോ? അത് ദൈവത്തിന്റെ നീതിയുടെ ഭാഗമാകയാൽ അതിൽ ഇടപെടേണ്ട കാര്യമില്ല. അർഹതയനുസരിച്ച് ദൈവം നൽകുന്നു. മർക്കട കരങ്ങളിൽ പൂമാല കിട്ടിയാൽ എങ്ങനെയിരിക്കും? ഉത്തരകൊറിയ, പാക്കിസ്ഥാൻ പോലെയുള്ള രാജ്യങ്ങൾ മാരകശേഷിയുള്ള ആയുധങ്ങൾ ശേഖരിക്കുന്നതിന് അന്താരാഷ്ട്ര സമൂഹം ഭയപ്പെടുന്നത് എന്തിന്? ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷിയിലുള്ള സംശയമാണ് കാരണം. നിർമ്മലവും മനോഹരവുമായ പൂന്തോട്ടം മലങ്കരയ്ക്ക് നൽകിയത് ദൈവമാണെന്ന് വിശ്വസിക്കുന്നതിനാണേറെ ഇഷ്ടം. ദൈവനീതി നീതിന്യായകോടതി അംഗീകരിച്ചു. ഉന്നത നീതിപീഠത്തിലെ സമരാധ്യനായ ഒരു ജഡ്ജ് ഒരു സന്ദർഭത്തിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്. 'തയ്യാറാക്കുന്ന എല്ലാ വിധിയിലും ദൈവഹിതം എന്തെന്ന് ഞാൻ ആരായുന്നു' സത്യത്തിലും നീതിയിലും അടിയുറച്ച് വിശ്വസിച്ച് കാത്തിരിക്കുന്ന ഏവരോടും ദൈവം നീതികാട്ടുന്നു എന്നത് പച്ച പരമാർത്ഥം. സത്യം പ്രഖ്യാപിച്ച നീതിപീഠത്തെ, തിരിഞ്ഞു നിന്നു കൊഞ്ഞനംകുത്തി കാണിച്ചിട്ടു കാര്യമില്ല. കോടതി അലക്ഷ്യത്തിനു വേറൊരു കേസ് കൂടി ഉണ്ടാകും എന്നേയുള്ളൂ.രാജ്യത്തെ നിയമങ്ങൾ ജനങ്ങൾ പാലിക്കുന്നില്ലെങ്കിൽ കേസ്സുകളുടെ എണ്ണം കൂടിക്കൊണ്ടിരിക്കും. അതിൽ പരിഭവിച്ചിട്ടോ, പരാതിപറഞ്ഞിട്ടോ കാര്യമില്ല. ദാവൂദ് ഇബ്രഹാമിന്റെയും ചാൾസ് ശോഭരാജിന്റെയും മറ്റും പേരിൽ എത്ര കേസുകളാണുള്ളത് ! നിയമം പാലിച്ചാൽ കേസ്സുകളുടെ എണ്ണം കുറയും. കേസ്സുകളുടെ എണ്ണം കൂടുന്നത് അത്ര അഭിമാനകരമല്ല. കേരളത്തിൽ ഏറ്റവും കൂടുതൽ കേസിന്റെ ഉടമസ്ഥനായി കടന്നു പോകുന്നത് ഒട്ടും നല്ലതല്ല.

കോടതി വിധികൊണ്ട് ലഭ്യമായ പരമ പ്രധാനമായ നേട്ടം, പ്രത്യേകിച്ച് കേരളത്തിനകത്ത്, ചുരുക്കമായി കേരളത്തിനു പുറത്തും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ സംബന്ധിച്ച് പൊതുസമൂഹം വെച്ചു പുലർത്തിയിരുന്ന അപകീർത്തികരമായ ഒരുതരം 'കളിയാക്കൽ' നിലപാട് മാറുവാൻ കാരണമായി എന്നതാണ്. 'കടിച്ചതും പോരാ പിന്നെയും നായയ്ക്ക് മുറുമുറുപ്പ്' എന്ന അവസ്ഥയായിരുന്നു. കേസുകളും തർക്കങ്ങളുമായി ബന്ധപ്പെട്ട ശരികളെല്ലാം കൂടെ ആയിരുന്നിട്ടും പൊതുസമൂഹം ഒരു കുറ്റവാളിയെപ്പോലെ പെരുമാറി എന്നത് ഒരു നഗ്ന യാഥാർത്ഥ്യമായിരുന്നു. സഭാതർക്കവുമായി ബന്ധപ്പെട്ട കേസ്സുകളുടെ വിശദാംശങ്ങൾ അറിയാത്ത ഇത്തരക്കാർ മലങ്കര ഓർത്തഡോക്സ് സഭാ പക്ഷത്താണ് അന്യായങ്ങളെല്ലാം എന്നു കരുതിപോന്നിരുന്നു. നീതിക്കും സത്യത്തിനുമായിരുന്നു കേസുകൾ എന്ന് ഇത്തരക്കാരെ ബോധ്യപ്പെടുത്തുവാൻ ഈ വിധി കാരണം സാധ്യമായി. സഭാ മക്കളിൽ തന്നെ ഭൂരിപക്ഷം ആളുകളും തെറ്റിദ്ധാരണ വച്ചു പുലർത്തിയിരുന്നു എന്നതും സത്യമാണ്.

രണ്ടാമതായി, കേരളത്തിൽ പ്രത്യേകിച്ച്, രാഷ്ട്രീയമായും, സാംസ്കാരികമായും മതങ്ങൾക്കിടയിലും സഹോദരീ സഭകൾക്കിടയിലും മലങ്കര ഓർത്തഡോക്സ് സഭയെ ഒറ്റപ്പെടുത്തുവാൻ സംഘടിതമായ ഒരു ശ്രമം ഉണ്ടായിരുന്നു. മാധ്യമങ്ങളും അങ്ങനെ തന്നെയായിരുന്നു. പ്രത്യേകിച്ച് പ്രാദേശികവും, ദേശീയവും അന്താരാഷ്ട്രപരമായും എക്യുമെനിക്കൽ മേഖലയിൽ അത്തരം നിലപാടുകൾ ശക്തമായിരുന്നു. ഒരു കാരണവശാലും (വേദശാസ്ത്രം, ചരിത്രപരം, ഭാഷ, വേഷം...) കൂട്ടായ്മ കൂടുവാൻ സാധ്യമല്ലാത്തവർ ഇക്കാര്യത്തിൽ അടുത്ത സുഹൃത്തുക്കളായി. തെറ്റിനെ ന്യായീകരിക്കുന്നതിനും, തിന്മയെ പേറുന്നവരെ ശക്തീകരിക്കുന്നതിനും ഇത്തരക്കാർ മത്സരിക്കുന്നതാണ് കഴിഞ്ഞ രണ്ട് ദശാബ്ദം കേരളം സാക്ഷ്യം വഹിച്ചത്. രണ്ട് സഹസ്രാബ്ദം മുൻപും, ക്രിസ്തുവിനെതിരെ 'തിന്മയുടെ ഒരു അച്ചുതണ്ട്' പ്രവർത്തിച്ചത് വേദം കാണിച്ചുതരുന്നു. ക്രിസ്തുവിന്റെ കാര്യം കാരണം പീലാത്തോസും ഹോരോദാവും ഉറ്റ സുഹൃത്തുക്കളായി. ഇവർ പരസ്പരം കൂട്ടായ്മ ആചരിക്കുവാൻ – അത്തരം വിഭാഗങ്ങളുടെ സ്ഥാപകർ വിഭാവനം ചെയ്ത വേദശാസ്ത്രപരവും

അനുഷ്ഠാനപരവുമായ കാര്യങ്ങൾപോലും ബലിയർപ്പിക്കുവാൻ തയ്യാറാകുന്നു എന്നത് വളരെ പരിഹാസ്യകരമാണ്. വ്യത്യസ്ത ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും എല്ലാം ആദരവോടെ കാണുകയും അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതാണ് ഉത്തമ ജീവിതശൈലി. എന്നാൽ സ്വാർത്ഥ താൽപര്യങ്ങൾക്കായും സത്യമല്ലാത്തവയ്ക്കുമായും സ്വന്തം അസ്തിത്വം പോലും നഷ്ടപ്പെടുത്തുന്നതിലെ ഖേദമാണ് ഇത് പരാമർശിക്കുവാൻ നിർബന്ധിക്കുന്ന ഹേതു. കാക്ക കാക്കയിലെ കാക്കത്വം നഷ്ടപ്പെടുത്തരുത്. നഷ്ടപ്പെട്ടാൽ കാക്കയല്ലാതാകും. കാക്കയ്ക്ക് കാക്കയുടേതായ ഒരഴകുണ്ട്. ആ അഴകാണ് അതിന്റെ ആകർഷണീയത. "നായ മീശവെച്ചാൽ സിംഹമാവില്ല" എന്നാണ് പഴമൊഴി.

വിധികൊണ്ട് മലങ്കരയിൽ സംജാതമാകുവാൻ പോകുന്ന കാര്യങ്ങൾ പ്രവചനാതീതമാണ്. എന്തെങ്കിലും അത്ഭുതം സംഭവിക്കുമോ എന്നറികയില്ല. കേസിന്റെ വിശദാംശങ്ങൾ കോടതി നന്നായി വ്യാഖ്യാനിച്ചു. മറ്റുള്ള കാര്യങ്ങൾ സഭാ നേതൃത്വം, വിധി നടപ്പാക്കേണ്ടതായ മാറി മാറി വരുന്ന സർക്കാരുകളുടെ സമീപനം, ജനങ്ങളുടെ ഇച്ഛാശക്തി ഇവയെ ആശ്രയിച്ചിരിക്കുന്നു. സഭാ നേതൃത്വത്തിന്റെ, വിശേഷാൽ പരിശുദ്ധ ബാവ തിരുമേനിയുടെ പക്വത യാർന്ന സമീപനം കേരള സമൂഹത്തിൽ സഭയെ സംബന്ധിച്ച് വലിയ മാന്യത സംജാതമായി എന്നത് പ്രത്യേകം പരാമർശനം അർഹിക്കുന്നു.


ലേഖനത്തിന്റെ രണ്ടാം ഭാഗത്ത് വായനക്കാരായ സഭാമക്കൾക്ക് മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രപരവും വേദശാസ്ത്രപരവുമായ തായ്വേര് എത്ര ദൃഢവും സത്യസന്ധവും മാന്യവുമാണ് എന്ന് ചുരുക്കമായി വ്യക്തമാക്കുകയാണ് ലക്ഷ്യം. രണ്ടായിരം വർഷത്തെ വിശാലമായ ചരിത്രം സമുദ്രം പോലെയാണ്. സമുദ്രത്തിന്റെ കരയിൽ നിന്നുകൊണ്ട് വിലയിരുത്തുവാൻ മാത്രമേ സാധിക്കുകയുള്ളൂ. നിഗൂഢമാണ് പലതും. ആഴം കൂടുന്തോറും കാഴ്ച ലഭിക്കാതെ കണ്ടിടത്ത് അവസാനിപ്പിക്കേണ്ടിവരും. സാധാരണക്കാർക്ക് പൊതുവായ ധാരണ ലഭിക്കുവാൻ ചുരുക്കമായി ചില കാര്യങ്ങൾ ഇവിടെ കുറിക്കുകയാണ്. ആരെയും വലുതാക്കുകയോ ചെറുതാക്കുകയോ ലക്ഷ്യമല്ല. സഭാജനം സ്വന്തം സമുദായത്തിന്റെ അസ്ഥിത്വം സംബന്ധിച്ച് വ്യക്തതയുള്ളവരും, അഭിമാനം ഉള്ളവരും, ഈ സഭയെ ഇത്രത്തോളം നയിച്ച ദൈവത്തെ സ്തോത്രത്തോടെ ആരാധിക്കുന്നവരുമാകണം എന്നതാണ് ലക്ഷ്യം. സ്വന്തം സഭയുടെ മാഹാത്മ്യം സ്വയം ഘോഷിക്കുവാൻ വിമുഖത നാം കാട്ടുന്നതിനാൽ സ്വന്തം സമുദായത്തോട് കൂറും മതിപ്പും സഭാ മക്കളിൽ കുറയുന്നു. നമ്മുടെ വിമുഖതയും അശ്രദ്ധയും കാരണം അനേകർ നമ്മുടെ പാരമ്പര്യത്തിന്റെയും, അനുഷ്ഠാനങ്ങളുടെയും, വിശ്വാസത്തിന്റെയും, ചരിത്രത്തിന്റെയും, വേഷ ഭൂഷാദികളുടേയും എല്ലാം അവകാശം ആവശ്യപ്പെടുന്ന ഒരു സാഹചര്യം ഇന്നുണ്ട്. പണവും, മാധ്യമങ്ങളും, സ്തുതിപാഠകരും മറ്റും കൂടെയുള്ളതിനാൽ അത്തരക്കാർ വിജയിക്കുകയും ചെയ്യുന്ന കാഴ്ചയാണ് ഇന്ന് കാണപ്പെടുന്നത്. സ്വന്തം സ്വത്ത് – ആത്മീകവും ഭൗതീകവും – നല്ലതുപോലെ വേലികെട്ടി ശക്തമാക്കുന്നില്ലെങ്കിൽ 'വഴിപോക്കർ' അവകാശവാദം ഉന്നയിക്കും. അത്തരക്കാർക്ക് എന്ത് കിട്ടിയാലും ലാഭമാണ്. എന്നാൽ കാലാന്തരേണ തറവാട് ശോഷിച്ച് ശൂന്യമാകും. പിന്നീട് പലതിനും തിരിഞ്ഞു നിന്ന് അവരോട് യാചിക്കേണ്ടി വരും. എല്ലാം ഉപേക്ഷിച്ച ചിലർ – പാരമ്പര്യങ്ങളെ പരിഹസിച്ച ചിലർ– ഇന്നിവയെല്ലാം അവരുടെ അഭിമാനത്തിന്റെ പ്രതീകങ്ങളാക്കി മാറ്റുന്നു. ഭൗതീക സമ്പത്ത് മാത്രമല്ല സൂചന. വിശ്വാസം, ഭാഷ, വേദശാസ്ത്രം, അനുഷ്ടാനാചാരങ്ങൾ, വേഷഭൂഷാധികൾ, ദേവാലയ നിർമ്മാണം, ചരിത്രം... നാം സത്യം പറയുമ്പോൾ ചിലർക്ക് വേദനയുണ്ടാകും. എന്നാൽ പറയേണ്ട സത്യം പറയാതിരിപ്പാൻ കഴിയുകയില്ലല്ലോ. (തുടരും..)

# സഭാ സമാധാനം ഒരു മരീചികയോ?

7–ാം പേജിന്റെ തുടർച്ച....

രാജ്യത്തിന്റെ ഭരണ സംവിധാനത്തിലും തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളും, നിയമിക്കപ്പെടുന്ന എക്സിക്യൂട്ടീവുകളും ഉണ്ടല്ലോ. ജില്ലയിലെ കളക്ടറെയും, പോലീസ് മേധാവിയെയും ആരും വോട്ടിട്ട് തിരഞ്ഞെടുക്കാറില്ലല്ലോ. സഭയിൽ സമാധാനമുണ്ടായാൽ ഒരു വിഭാഗം മാത്രം സകല അധികാരവും കൈയാളുമെന്നത് വിഘടന വാദികൾ നടത്തുന്ന ദുഷ്പ്രചരണമാണ്. സ്വതന്ത്രവും, സുതാര്യവുമായ വോട്ടെടുപ്പിൽക്കൂടി തിരഞ്ഞെടുക്കപ്പെടുന്നവരാണ് അധികാരസ്ഥാനങ്ങളിൽ എത്തുന്നത്.

സുപ്രീംകോടതിയുടെ നിർദ്ദേശമനുസരിച്ച് സഭാഭരണഘടനയുടെ അടിസ്ഥാനത്തിൽ യോജിക്കുക എന്നതാണ് ഏറ്റവും അഭികാമ്യമായുള്ള പ്രശ്ന പരിഹാരം. ആ ഭരണഘടനയുടെ ഉള്ളിൽ നിന്നുകൊണ്ട് ഒരോരുത്തരും അർഹിക്കുന്ന സ്വാതന്ത്ര്യവും അധികാരവും അവരവർക്കു നൽകുകയും, സ്വാർത്ഥത വെടിഞ്ഞ് ചുമതലാബോധത്തോടെ ഓരോരുത്തരും അധികാരങ്ങൾ വിനിയോഗിക്കുകയും ചെയ്യുമ്പോൾ സമാധാനം പൂർണ്ണമാകും. ഒരു മരീചികയെന്ന് അടുത്തകാലം വരെ ചിന്തിച്ചിരുന്ന സഭാസമാധാനം കൈയെത്തും ദൂരത്ത് വന്നിരിക്കയാണ്. അതിനെ കൈനീട്ടി പിടിക്കുകയേ വേണ്ടൂ. വൈദികരും വിശ്വാസികളും ഇതു മനസ്സിലാക്കി സഭയിൽ സമാധാനവും യോജിപ്പും ഉണ്ടാക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയാണ് വേണ്ടത്.



# ഒരു വീണ്ടെടുപ്പിന്റെ കഥ

**ലേഖനം**

ഡോ. എം. കുര്യാക്കോസ്, പുല്ലുവഴി

**പു**തിയ നിയമം ആരംഭിക്കുന്നത് യേശുക്രിസ്തുവിന്റെ വംശാവലിയോടു കൂടിയാണ്. അസാധാരണമായ ചില പ്രത്യേകതകൾ ഈ വംശാവലിയെ സവിശേഷമാക്കുന്നു. യഹൂദന്മാരല്ലാത്തവർ, സ്ത്രീകൾ, മിശ്രവിവാഹം ചെയ്തവർ, അഗമ്യകൾ എന്നിങ്ങനെ മറ്റു യഹൂദവംശാവലികളിൽ പൊതുവെ കാണുവാൻ കഴിയാത്ത വ്യക്തികളുടെ പേരുകൾ ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. താമാർ, രാഹാബ്, രൂത്ത്, ബെത്ശേബ എന്നീ സ്ത്രീകൾ യഹൂദ സമൂഹത്തിന്റെ അളവുകോലിൽ വെറുക്കപ്പെടേണ്ടവരാണ്. പക്ഷേ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിയ്ക്കുന്ന ക്രിസ്തുവിന്റെ രക്ഷണ്യപ്രവർത്തനങ്ങളുടെ ചരിത്രം ഇങ്ങനെ തന്നെ ആരംഭിയ്ക്കുവാനാണ് പരിശുദ്ധാത്മാവിന് തിരുമനസ്സായത്.'' കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിയ്ക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രേ ആകുന്നു." (എഫെ.2:28) എന്ന് പൗലോസ് അപ്പസ്തോലൻ എഴുതിയിരിക്കുന്നതിന് കാരണം ഇതാണ്. ഈ വൻകൃപയിൽ, ദൈവത്തിന്റെ മഹത്തരമായ രക്ഷാപദ്ധതിയിൽ ജാതികൾ, അഗ്രചർമ്മക്കാർ, ക്രിസ്തുവിനെക്കൂടാതെയുള്ളവർ, യിസ്രായേൽ പൗരത്വമില്ലാത്തവർ, വാഗ്ദത്തത്തിന്റെ നിയമത്തിന് അന്യർ, പ്രത്യാശയില്ലാത്തവർ, ലോകത്തിൽ ദൈവമില്ലാത്തവർ, ദൂരസ്ഥർ എന്നീ നിലകളിലായിരുന്ന നമ്മെ ദൈവവുമായി അകറ്റിയിരുന്ന 'വേർപാടിന്റെ നടുച്ചുവർ' (എഫെ.2:11-14) പുതിയ നിയമത്തിൽ നാം കാണുന്നത്. ചുങ്കക്കാരും വേശ്യകളും മുന്നമെ ദൈവരാജ്യത്തിൽ കടക്കുന്ന വിചിത്ര സംവിധാനമാണ് അവിടെ. പതിനൊന്നാം മണിനേരത്ത് വന്നവൻ ആറാം മണിനേരത്തു വന്നു കാത്തുനിന്നവനേക്കാൾ മുമ്പെ സ്വർഗ്ഗരാജ്യത്തിൽ കടന്നുവല്ലോ.

ബോവസ്സിന്റെ വയലിൽ കാലാ പെറുക്കിയ മോവാബ്യവിധവയായ രൂത്തിനെ അവൻ 'വീണ്ടെടുത്ത്'വിവാഹം ചെയ്തു. അവൾ ക്രിസ്തുവിന്റെ വംശാവലിയിൽ സ്ഥാനം പ്രാപിച്ചു. തന്റെ രക്തം ചിന്തി മനുഷ്യരെ വീണ്ടെടുക്കുന്ന പദ്ധതിയിൽ യിസ്രായേല്യർക്കും മോവാബ്യർക്കും ഒരുപോലെ ഓഹരിക്കാരാകാമെന്ന സത്യം ഇവിടെ ഉറപ്പിക്കപ്പെടുന്നു. വേദപുസ്തകത്തിൽ പഴയനിയമത്തിലെ ഒരു പുസ്തകം രൂത്തിന്റെ പേരിൽ അറിയപ്പെടുവാൻ ദൈവം അനുവദിച്ചു. കൊയ്ത്തുത്സവത്തോടനുബന്ധിച്ച് പെന്തക്കോസ്തു തിരുനാളിൽ രാവിലെ തോറായിൽ നിന്ന് വായിക്കുന്നതിനു മുമ്പായി രൂത്തിന്റെ പുസ്തകത്തിൽ നിന്ന് വായിക്കുന്ന പതിവ് യഹൂന്മാർ ഇപ്പോഴും തുടരുന്നു. "ഏഴു ആൺമക്കളെക്കാൾ ഉത്തമയായിരിയ്ക്കുന്നത്'' (രൂത്ത് 4:15) മരുമകൾ തന്റെ അമ്മായി അമ്മയ്ക്ക് വാർദ്ധക്യത്തിൽ എറെ സംതൃപതിയും സമാധാനവും ഐശ്വര്യവും പ്രദാനം ചെയ്ത സ്നേഹഗാഥ യഹൂദന്മാർ എങ്ങനെ വിസ്മരിയ്ക്കുവാനാണ്.

ദേശത്ത് ക്ഷാമം ഉണ്ടായപ്പോൾ എലീമേലെക് എന്ന എഫ്രാത്യനായ യഹൂദൻ തന്റെ കുടുംബത്തോടൊപ്പം ബേത്ലഹേമിൽ നിന്ന് മോവാബ് ദേശത്തേയ്ക്ക് കുടിയേറിപ്പാർക്കുന്നു. ഭാര്യയുടെ പേര്



## നിയമിതനായി

ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭി. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ മെത്രാസന ഭരണത്തിൽ സഹായിക്കുന്നതിനായി നിയമിതനായ യു.കെ. – യൂറോപ്പ് – ആഫ്രിക്ക ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് ഹൃദയപൂർവ്വം സ്വാഗതം.

നൊവാമി. മഹ്ളോൻ, കില്യോൻ എന്നീ രണ്ടു ആൺമക്കളും അവരൊടൊപ്പമുണ്ട്. അനുഗ്രഹീത നഗരമായ ബെത്‌ലഹേമിൽ നിന്ന് ശപിയ്ക്കപ്പെട്ട മോവാബ് ദേശത്തേയ്ക്കാണ് അവർ ഇറങ്ങിപുറപ്പെട്ടത്. മോവാബ്യർ ദൈവസന്നിധിയിൽ വെറുക്കപ്പെട്ട ജനനതിയായിരുന്നു. ആവ.7:3,23: കാണുക. അവരുമായി വിവാഹബന്ധം വിലക്കപ്പെട്ടിരുന്നു. അവരുടെ പത്താം തലമുറപോലും ഒരുനാളും യഹോവയുടെ സന്നിധിയിൽ പ്രവേശിയ്ക്കരുതെന്ന് എഴുതിയിരുന്നു. അപ്പത്തിന്റെ ഭവനത്തിൽ ക്ഷാമമുണ്ടായപ്പോൾ നീരോട്ടമുള്ളതും ഫലഭൂയിഷ്ഠവുമായ മോവാബുദേശത്തേയ്ക്ക് അവർ പോയെങ്കിലും ദൈവകോപം അവരെ പിൻതുടർന്നു. ആദ്യം എലീമെലേക് മരിച്ചു. മഹ്ളോനും കില്യോനും മോവാബ്യസ്തീകളെ വിവാഹം കഴിച്ചു. രൂത്തും ഓർപ്പയും ആയിരുന്നു. നൊവോമിയുടെ മരുമക്കൾ. അവർക്ക് രണ്ടുപേർക്കും സന്താനഭാഗ്യം ലഭിച്ചില്ല. പത്തുവർഷത്തെ മോവാബ് വാസത്തിനൊടുവിൽ ദൈവകോപം വീണ്ടും ആ കുടുംബത്തിൽ വന്നു ചേർന്നു. മഹ്ളോനും കില്യോനും മരിച്ചു. നൊവോമിയും രൂത്തും ഓർപ്പയും – മൂന്നു വിധവകൾ– ആ ഭവനത്തിൽ അവശേഷിച്ചു. "യഹോവയുടെ കൈ എനിക്ക് വിരോധമായി പുറപ്പെട്ടിരിക്കുന്നു" എന്ന് നൊവോമി വിലപിച്ചു. ബെത്‌ലഹേം വിട്ട് പോന്നതിൽ അവർ തീർച്ചയായും പശ്ചാത്തപിച്ചു കാണും. എഫ്രാത്തായിലെ സ്ഥിതി മെച്ചപ്പെട്ടിരിയ്ക്കുന്നതായി അവൾക്ക് വിവരം കിട്ടി. അവർ സ്വദേശത്തേയ്ക്ക്, തന്റെ ചാർച്ചക്കാരുടെ കൂട്ടത്തിലേയ്ക്കു തന്നെ പോകുവാൻ തീരുമാനിച്ചു. തന്റെ മരുമകൾക്ക് അവരവരുടെ ദേശത്തു തന്നെ പിതൃഗൃഹങ്ങളിലേക്ക് മടങ്ങിപ്പോകുവാൻ അവൾ അനുവാദം കൊടുക്കുന്നു. ആ വിധമുള്ള ഒരു തീരുമാനമാണ് അവരുടെ മംഗളകരമായ ഭാവി ജീവിതത്തിന് ഏറ്റവും അനുയോജ്യമായതെന്ന് അവരെ പറഞ്ഞ് ബോധ്യപ്പെടുത്തുവാൻ ശ്രമിയ്ക്കുകയും ചെയ്യുന്നു. അമ്മായിയമ്മ നൽകിയ ശ്രേഷ്ഠമായ ഉപദേശം ഓർപ്പ സ്വീകരിച്ചു. അവൾ പിതൃഗൃഹത്തിലേക്ക് മടങ്ങിപ്പോയി. പക്ഷേ രൂത്തിന് ഈ തെരഞ്ഞെടുപ്പിന്റെ മുഹൂർത്തം വിശ്വാസത്തിന്റെ ഉരകല്ലായി അനുഭവപ്പെട്ടു. അവൾ അമ്മായിയമ്മയോടൊപ്പം ബെത്‌ലഹേമിലേയ്ക്ക് പോകുവാൻ ഉറച്ച തീരുമാനമെടുത്തു. അതു മാറ്റുവാൻ നൊവോമിയ്ക്ക് കഴിഞ്ഞില്ല. അവൾ അത് സംതൃപ്തിയോടെ സ്വീകരിച്ചു.

അങ്ങനെ സുന്ദരിയും സുശീലയുമായ മരുമകളും സ്നേഹനിധിയും വിവേകശാലിയുമായ അമ്മായിയമ്മയും കൂടി പാലസ്തീൻ നാട്ടിലേയ്ക്ക് നടന്നുനീങ്ങി. താൻ കണ്ടിട്ടില്ലാത്ത ദേശം, പരിചയമില്ലാത്ത ജനങ്ങൾ, വശമില്ലാത്ത ഭാഷ ഇതെല്ലാം മനസ്സിൽ കണ്ടുകൊണ്ട് രൂത്ത് നൊവോമിയുടെ കൈപിടിച്ച് നടന്നു അപ്പങ്ങളുടെ ഭവനത്തിലെത്തി. നിറഞ്ഞവളായി പോയി ഒഴിഞ്ഞവളായി വന്ന നൊവോമിയെ കാണാൻ ജനം ഓരോരുത്തരായി വന്നുകൊണ്ടിരുന്നു.

ഇവിടെ നൊവോമിയുടെ ദുരിതപർവ്വം അവസാനിയ്ക്കുന്നു. രൂത്തിന്റെ വീണ്ടെടുപ്പിന്റെ ചരിത്രം ആരംഭിയ്ക്കുന്നു. " അവർ യവക്കൊയ്ത്തിന്റെ ആരംഭത്തിൽ ബെത്‌ലഹേമിൽ എത്തി" എന്ന അർത്ഥപൂർണ്ണമായ വാക്യത്തിൽ കൃപാവരങ്ങളുടെ (രൂത്ത് 1 : 220) നിധി മറഞ്ഞിരിയ്ക്കുന്നു.

ബോവസിന്റെ വയലാണ് രൂത്തിന്റെ വീണ്ടെടുപ്പു കഥയുടെ പ്രധാന അരങ്ങ്. അവിടെ കാല പെറുക്കാൻ അവൾക്ക് അനുവാദം കിട്ടി. യജമാനനായ ബോവസ് അവളോട് പ്രത്യേ കരുണ കാണിയ്ക്കുന്നു.

രൂത്തിന്റെ പുസ്തകത്തിലെ വിവിധ രംഗങ്ങളെ പരസ്പരം ബന്ധിയ്ക്കുകയും കഥയുടെ പുരോഗതിയക്ക് അന്തർധാര നൽകുകയും ചെയ്യുന്ന താക്കോൽ വാക്കാണ് "ഹസദ്" എന്ന എബ്രായ പദം. 'ദയ' എന്ന് ഏകദേശം അർത്ഥം. ദൈവിക കരുണ എന്നോ ശാശ്വതമായ ദൈവസ്നേഹത്തിന്റെ പ്രതിഫലനം വെളിവാക്കുന്ന നിസ്വാർത്ഥ മനസ്ഥിതി എന്നോ വിശദീകരിയ്ക്കാം. നൊവോമിയുടെ ബുദ്ധിസാമർത്ഥ്യവും വിവേകവും മരുമകളോടുള്ള വാത്സല്യവും അവളെ പ്രതിയുള്ള അനിതരസാധാരണമായ കരുതലും രൂത്തിനെ അവളുടെ വീണ്ടെടുപ്പുകാരന്റെ സന്നിധിയിൽ എത്തിച്ചു. അവൻ അവളോട് ഏറ്റവും കരുണയോടെ പെരുമാറി. രൂത്തിന്റെ വിനയവും അനുസരണവും ബുദ്ധിശക്തിയും തന്റെ ജോലിസ്ഥലത്തെ ശ്രദ്ധാപൂർവ്വമുള്ള പെരുമാറ്റവും താൻ ചെന്നു ചേർന്ന ദേശത്തോടുള്ള ബഹുമാനവും എല്ലാം അവൾക്ക് ഏറ്റവും അനുഗ്രഹപ്രദമായിത്തീർന്നു. ബോവസ് ദേശത്തെ ആചാരപ്രകാരം അവളെ ഭാര്യയായി സ്വീകരിച്ച് വിവാഹം കഴിച്ചു. അവർക്ക് ഒരു മകൻ ജനിച്ചു അയൽക്കാരും ദേശമൊക്കെയും സന്തോഷിച്ചു. "നിനക്ക് ഒരു മകൻ ജനിച്ചു" എന്നു പറ

ഞ്ഞുകൊണ്ട് അവർ നൊവോമിയുടെ സന്തോഷം ഇരട്ടിയാക്കി. രൂത്തിന്റെ പുത്രനായ ഓബേദിൽ അങ്ങനെ മോവാബ്യ സ്ത്രീയായ രൂത്തിന് രക്ഷകനായ യേശു മിശിഹായുടെ വംശാവലിയിൽ സ്ഥാനം ലഭിച്ചു.

ബോവസിന്റെ വയൽ രൂത്തിന്റെ വീണ്ടെടുപ്പിന്റെ വിളനിലമായിരുന്നു. അവൾ ബെത്‌ലഹേമിൽ എത്തുന്നതിനുമുമ്പു തന്നെ ദൈവത്തിന്റെ മുൻ നിശ്ചയപ്രകാരം ഒരുക്കപ്പെട്ട വയൽ. യവക്കൊയ്ത്തിന്റെ ആഹ്ളാദഭരിതമായ കാലത്ത് അവൾ അവിടെ എത്തിച്ചേർന്നു. വിളിച്ച വേലയ്ക്ക് യോഗ്യമായ വിധത്തിൽ തന്റെ വിശ്വസ്തന്മാർക്ക് വിളഞ്ഞു പാകമായ വയൽ കരുതിയിട്ടുണ്ട് എന്നത് നമുക്ക് എത്ര ധൈര്യം തരുന്നു. ഈ വയലിന് ശക്തനും നീതിമാനുമായ ഒരുടയവനുണ്ട്. തന്റെ വയലിലുള്ള എല്ലാവരെയും അറിയുന്ന യജമാനൻ. എല്ലാവർക്കും ശുശ്രൂഷകൾ ചെയ്യാനാവശ്യമായ വിധത്തിലുള്ള സംവിധാനങ്ങൾ അവിടെ കരുതിയിട്ടുണ്ട്. കൊയ്ത്തുകാർക്ക് മേലാൾ, കൊയ്യുന്നവർ, പെറുക്കുന്നവർ, അളക്കുന്നവർ..എല്ലാവരും മെനക്കെടാതെ പണിയുന്നു. – രാവിലെ മുതൽ വൈകുന്നതുവരെ.

വേലക്കാർക്ക് വയലിൽ ഭക്ഷിയ്ക്കാനും കുടിയ്ക്കുവാനുമുള്ളത് യജമാനൻ കരുതിയിട്ടുണ്ട്. ഭക്ഷണസമയത്ത് ബോവസ് രൂത്തിന് കഷണം ചാറിൽ മുക്കുവാൻ അനുവദിച്ചു. അവൾക്ക് മലർ കൊടുത്തു. അവൾ തൃപ്തയായി. തന്റെ വയലിൽ പണിയുന്നവർക്ക് അപ്പവും വെള്ളവും കൊടുക്കുവാൻ യജമാനൻ മറക്കുകയില്ല.

വയലിൽ കൂട്ടുവേലക്കാരും ബാല്യക്കാരിത്തികളും ഉണ്ട്. കൂട്ടായ്മയുടെ പൂർണ്ണാനുഭവം ബാല്യക്കാരിത്തികളോട് ചേർന്നുനിന്നതിനാൽ രൂത്തിനെപ്പറ്റി ഒരപവാദം പറയുവാൻ ആർക്കും സാധിച്ചില്ല. അവളുടെ സൗന്ദര്യം അവൾക്ക് വിനയായിത്തീരാതിരിക്കാൻ ബോവസ്

ശ്രദ്ധിച്ചു. മാത്രവുമല്ല " ബാല്യക്കാർ നിന്നെ തൊടരുതെന്ന് ഞാൻ അവരോട് കല്പിച്ചിട്ടുണ്ട്" എന്ന് ബോവസ് രൂത്തിന് ഉറപ്പുനൽകി. പരദേശത്തുനിന്നു വന്ന യുവതിയ്ക്ക് എത്രമാത്രം സുരക്ഷിതത്വമാണ് ആ വയലിൽ ലഭിച്ചത്.' 'നിന്റെ കാവൽക്കാരൻ കർത്താവാകുന്നു. കർത്താവ് തന്റെ വലത്തുകൈകൊണ്ട് നിനക്ക് നിഴലിടും. പകൽ സൂര്യനോ രാത്രിയിൽ ചന്ദ്രനെങ്കിലുമോ നിന്നെ ഉപദ്രവിക്കുകയില്ല.." അവൻ നിന്നെ വിരുദ്ധത്തിന്റെ കെണിയിൽ നിന്നും രക്ഷിയ്ക്കും. അവന്റെ ചിറകുകളുടെ നിഴലിൽ കീഴിൽ നീ മറയ്ക്കപ്പെടും. തന്റെ തൂവലുകൾ കൊണ്ട് നിന്നെ അവൻ മറയ്ക്കും..." (90,120 സങ്കീർത്തനങ്ങൾ).


വൈകുന്നേരം അവൾക്ക് പ്രതിഫലം കിട്ടി. ഒരു പറ യവം-വയലിൽ അദ്ധ്വാനിയ്ക്കുന്നവർക്ക് സൂര്യാസ്തമയത്തിനുമുമ്പ് നീതിയുള്ള യജമാനൻ തക്ക പ്രതിഫലം തരും.

ദൈവരാജ്യത്തിന്റെ നിഴലാണ് ബോവസിന്റെ വയലിൽ നാം കാണുന്നത്. ഉത്സവപ്രതീതിയുളവാക്കുന്ന, ആഹ്ലാദം നിറഞ്ഞുനിൽക്കുന്ന വയൽ, കാലാ പെറുക്കി നടന്ന മോവാബ്യ സ്ത്രീ അവിടെ ബോവസിന്റെ മണവാട്ടി പദത്തിലേയ്ക്ക് ഉയരുന്നു. പട്ടണത്തിലെ മൂപ്പന്മാരുടെയും ജനങ്ങളുടെയും മദ്ധ്യത്തിൽ വച്ചു ഉടമ്പടി പ്രകാരം നടന്ന വിവാഹം സ്വർഗ്ഗീയ മഹാസദസ്സിൽ നടക്കുവാൻ പോകുന്ന കുഞ്ഞാടിന്റെ കല്യാണത്തിന്റെ ഒരു നിഴൽ. അന്ന് ക്രിസ്തു തനിക്കു വിവാഹനിശ്ചയം ചെയ്യപ്പെട്ട തന്റെ മണവാട്ടിയായ സഭയെ മദ്ധ്യാ കാശത്തിൽ വച്ച് വേളി കഴിയ്ക്കും – മനുഷ്യനെ സ്വന്തരക്തത്താൽ വിലയ്ക്കു വാങ്ങി സ്വർഗ്ഗീയ മഹത്വത്താൽ അലങ്കരിച്ച കർത്താവായ യേശുക്രിസ്തുവിന്റെ നിഴലാണ് ബോവസ്. 'നിന്റെ ദൈവം എന്റെ ദൈവം' എന്ന് നൊവോമിയുടെ അടുത്ത് ഏറ്റുപറഞ്ഞുകൊണ്ട് വിശ്വാസത്താൽ രൂത്ത് മോവാബിൽ സ്വഭവനത്തിൽ തങ്ങാതെ, ബോവസിന്റെ വയലിൽ, പിന്നെ അവന്റെ കാൽച്ചുവട്ടിൽ, അവസാനം അവന്റെ ഭാര്യയായി അവന്റെ ഭവനത്തിൽ അവൾ ചെന്നുചേർന്നു. "അവൻ എളിയവരെ കുപ്പയിൽ നിന്ന് ഉയർത്തുന്നു. തന്റെ ജനത്തിന്റെ പ്രഭുക്കന്മാരോടുകൂടെ ഇരുത്തുന്നു...അവൻ മച്ചിയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിയ്ക്കുമാറാക്കുന്നു. (113-ാം സങ്കീർത്തനം) രൂത്തിനോട് ഹെസദ് ചെയ്ത കാരുണ്യവാനായ ബോവസ് സ്വഗാത്രമാകുന്ന മണവാട്ടി സഭയോട് അലിവു കാണിയ്ക്കുന്ന കർത്താവിന്റെ പ്രതിരൂപമാണ്.

ഒരു ദിവസത്തെ അദ്ധ്വാനം കഴിഞ്ഞുവരുന്ന രൂത്തിനോട് നൊവോമി ആകാംക്ഷയോടെ ചോദിയ്ക്കുന്ന ഒരു ചോദ്യത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിയ്ക്കട്ടെ – രൂത്ത് 2:19:-11. നീ ഇന്ന് എവിടെയാണ് കാലാ പെറുക്കിയത്? ഇതിന് രൂത്തിന് വ്യക്തമായി മറുപടി പറയുവാൻ സാധിച്ചു. അമ്മായിയമ്മയ്ക്ക് സംതൃപ്തി ഉളവാക്കുവാനും അവളെയും അവളോട് കൃപചെയ്തവനായ ബോവസിനെയും അനുഗ്രഹിക്കുവാൻ തക്കവണ്ണം തന്റെ പ്രവർത്തനങ്ങളുടെ കണക്ക് ബോധിപ്പിയ്ക്കാനും അവൾക്ക് കഴിഞ്ഞു.

## ദിവ്യബോധനം – സെമിനാർ

POCE-DOCE കോഴ്സുകളുടെ പ്രത്യാശ കീരണങ്ങൾ- പ്രവാചക സന്ദേശം എന്നീ പുസ്തകങ്ങളുടെ സെമിനാർ ഒക്ടോബർ മാസം 14-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിമുതൽ ബഥേൽ അരമനയിൽ വച്ച് നടത്തുന്നതാണ്. ബഹു. ജേക്കബ്റ്റി ഏബ്രഹാം അച്ചൻ സെമിനാറിനു നേതൃത്വം നൽകുന്നതാണ്. പഠിതാക്കൾ എല്ലാവരും ഇതിൽ വന്നു സംബന്ധിക്കേണ്ടതാണ്.




# ആദ്യം ഓർത്തഡോക്സ് ബൈബിൾ: പിന്നെ ഓർത്തഡോക്സ് സ്റ്റഡി ബൈബിൾ

**നിരീക്ഷണം**

**ഡോ. എം. കുര്യൻ തോമസ്**

മലങ്കര സഭയ്ക്ക് ഒരു ഓർത്തഡോക്സ് സ്റ്റഡി ബൈബിൾ ഉണ്ടാകണമെന്ന ആവശ്യം ഇന്ന് സജീവമായ ചർച്ചാ വിഷയമാണ്. ഇക്കഴിഞ്ഞ വൈദീക സംഘം യോഗത്തിലും ഇതു ഒരു ചർച്ചാ വിഷയമായിരുന്നു.

സ്റ്റഡി ബൈബിൾ എന്നതിന്, ... *In Christian communities, Bible study is the study of the Bible by ordinary people as a personal religious or spiritual practice. Some denominations may call this devotion or devotional acts; however in other denominations devotion has other meanings.*എന്നാണ് നിർവചനം. *ബൈബിൾ സ്റ്റഡി എന്നാൽ ക്രിസ്ത്യാനി സമൂഹങ്ങളിൽ സാധാരണ ജനങ്ങൾ സ്വകാര്യമോ ആത്മീയമോ ആയ നിലയിൽ വ്യക്തിപരമായി നടത്തുന്ന വേദപുസ്തകപഠനമാണ്. ചില ക്രൈസ്തവ സഭകൾ ഇതിനെ ഭക്തി എന്നോ സമർപ്പണ പ്രക്രിയ എന്നോ വിളിക്കുന്നു. എന്നാൽ മറ്റു ചില സഭകളിൽ ഭക്തി എന്നതിന് വ്യത്യസ്ഥമായ അർത്ഥമാണുള്ളത്* എന്നിതിന് അർത്ഥം കൊടുക്കാം. ഓർത്തഡോക്സ് കാഴ്ചപ്പാടിൽ വേദപഠനം മാത്രമല്ല ഭക്തി; അത് സഭാ ജിവിത പ്രക്രിയയിലെ ഒരു ഭാഗം മാത്രമാണ് അതുകൊണ്ട് സാധാരണക്കാരന് വി. ഗ്രന്ഥം പഠിക്കാനുള്ള അവസരവും സാഹചര്യവും ഉണ്ടാക്കിക്കൊടുക്കേണ്ട ബാദ്ധ്യത അതത് ഓർത്തഡോക്സ് സഭകൾക്കാണ് ഉള്ളത്.

ഓർത്തഡോക്സ് വിശ്വാസം വേദാനുസൃതമാണ്. അതേസമയം അത് കൂദാശാധിഷ്ഠിതമാണ് താനും. കൂദാശകളുമായി ബന്ധിപ്പിക്കാനാവാത്ത വേദപഠനവും വേദശസ്ത്ര പഠനവും ഓർത്തഡോക്സ് വിശ്വാസിക്ക് നിരർത്ഥകമാണ്. പൗരസ്ത്യ ഓർത്തഡോക്സ് ആരാധനകൾ എല്ലാം വേദഭാഗങ്ങളാൽ പരിപുഷ്ടമാണ്. സങ്കീർത്തനങ്ങൾ ഉൾപ്പെടാത്ത ഒരു നമസ്ക്കാരവും സഭയിൽ ഇല്ല. എല്ലാ കൂദാശകളും പഴയ നിയമം, പൊതു ലേഖനങ്ങൾ, പൗലോസിന്റെ പ്രബോധനം, സുവിശേഷം ഇവ ഉൾപ്പെട്ടതാണ്. അതിനാലാണ് കൂദാശാധിഷ്ഠിതമല്ലാത്ത ഒരു വേദപഠനം നസ്രാണിക്ക് അചിന്ത്യമാണെന്നു പറയുന്നത്.

മലങ്കര സഭ ഒരു സ്റ്റഡി ബൈബിൾ ഉണ്ടാക്കുകയോ അതിനുള്ള മാർഗ്ഗനിർദ്ദേശം ഇതുവരെ നൽകുകയോ ചെയ്തിട്ടില്ല. ഒരർത്ഥത്തിൽ ഒരു ഔദ്യോഗിക ബൈബിൾ പോലും സഭ ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ ഒരു ഓർത്തഡോക്സ് സ്റ്റഡി ബൈബിൾ ഉണ്ടാകേണ്ടത് അനിവാര്യമാണ് താനും. പക്ഷേ അത് ഇന്നു പ്രചരിക്കുന്ന പ്രൊട്ടസ്റ്റന്റ് വേദപുസ്തകവും അതിനെ ആസ്പദമാക്കിയുള്ള ഒന്നോ ആയാൽ അത് സത്യവിശ്വാസികളെ കുഴപ്പത്തിലാക്കുകയേ ഉള്ളു. ബൈസന്റൈൻ സഭകളുടെ സ്റ്റഡി ബൈബിൾ അവലംബിച്ചാലും വിഷയം കലുഷിതമാകും.

ഇതിനു കാരണം മലങ്കര സഭ ഇന്നു ഉപയോഗിക്കുന്ന പാശ്ചാത്യ സുറിയാനി ആരാധനാ ക്രമങ്ങളാണ് എന്നതാണ്. വി. വേദ ഭാഗങ്ങളാൽ സമ്പുഷ്ടമാക്കപ്പെട്ട ഈ ആരാധനാക്രമങ്ങൾ ജനനമനസിൽ പാടി പതിഞ്ഞതാണ്. അവ അടിസ്ഥാനം ഉറപ്പിച്ചിരിക്കുന്നത് സുറിയാനി *പ്ശീത്തോ*യിലാണ്. വേദപുസ്തകത്തിന്റെ ഗ്രീക്ക് പരിഭാഷയിലോ ബൈബിൾ സൊസൈറ്റിയുടെ *കിംഗ് ജെയിംസ് വേർഷനിലോ* അല്ല. അവയുടെ അടിസ്ഥാനത്തിൽ നസ്രാണികളുടെ ആരാധനാ ക്രമത്തിലെ വേദ

ഭാഗങ്ങൾ കണ്ടെത്താൻപോലും ആവില്ല. മലങ്കര സഭയുടെ ആരാധനയും വിശ്വാസവും കൂദാശാധിഷ്ഠതമാകയാൽ അത് ഒഴിവാക്കി ഒരു സ്റ്റഡി ബൈബിൾ ഉണ്ടാക്കുക എന്നത് അചിന്ത്യമാണ്.

ഒരൊറ്റ ഉദാഹരണം കൊണ്ട് ഇത് വ്യക്തമാക്കാം. സ്ത്രീകളുടെ ശവസംസ്കാരം നാലാം ക്രമത്തിൽ ... *കോട്ടയാൽ ചുറ്റപ്പെട്ടിരിക്കുന്ന നഗരം പോലെ ഊർശ്ലേം പണിയപ്പെട്ടിരിക്കുന്നു...* എന്നൊരു മസുമൂർ ഭാഗമുണ്ട്. ഇത് സുറിയാനിയിൽനിന്നും നേരിട്ട് പരിഭാഷപ്പെടുത്തിയതാണ്. പക്ഷേ മലങ്കരസഭ ഇന്നുപയോഗിക്കുന്ന ബൈബിൾ സൊസൈറ്റി പരിഭാഷയിൽ ഈ വേദഭാഗം കണ്ടെത്താൻ സാധിക്കുകയില്ല. ...*തമ്മിൽ ഇണക്കിയ നഗരമായി പണിതിരിക്കുന്ന നഗരമായ യേറുശലേമേ....* (സങ്കീ. 122: 3) എന്ന സമാനമായ ബൈബിൾ സൊസൈറ്റി പരിഭാഷാ ഭാഗം പ്രാർത്ഥനാക്രമത്തിലെ സന്ദർഭവുമായി യോജിക്കില്ല. എന്നാൽ കണിയാമ്പറമ്പിൽ കുര്യൻ കോർ എപ്പിസ്ക്കോപ്പായുടെ ... *യേറുശലേം ചുറ്റും കോട്ടയുള്ള നഗരം പോലെ പണിയപ്പെട്ടിരിക്കുന്നു...* (സങ്കീ. 121: 3) എന്ന പരിഭാഷ സന്ദർഭത്തിനിണങ്ങും. സുറിയാനിയിൽ നിന്നുമുള്ള വേദ പരിഭാഷയാണ് മലങ്കര സഭയ്ക്ക് അനുയോജ്യം എന്നാണ് ഇതു വ്യക്തമാക്കുന്നത്. *സ്ത്രീയേ; എനിക്കും നിനക്കും തമ്മിൽ എന്ത്?* മുതലായ പ്രോട്ടസ്റ്റന്റ് വേദപുസ്തകത്തിലെ പിഴവുകൾ ഉണ്ടാക്കുന്ന ഗുരുതരമായ ആശയക്കുഴപ്പങ്ങളും ഇവിടെ പരിഗണിക്കണം.

അതേപോലെതന്നെ *അപ്പോക്രിഫാ* എന്നും *ഉത്തര കാനോനികം* എന്നും വിവക്ഷിക്കപ്പെടുന്ന *ഇതര കാനോനിക* ഗ്രന്ഥങ്ങൾകൂടി ഉൾപ്പെട്ടാലെ നസ്രാണിയുടെ വേദപുസ്തകം പൂർണ്ണമാകൂ. പ്രോട്ടസ്റ്റന്റ് വേദപുസ്തകത്തിലെ 66 ഗ്രന്ഥങ്ങൾ മാത്രമല്ല ഓർത്തഡോക്സ് സഭയുടെ വേദപുസ്തകത്തിലുള്ളത്. ഇതര കാനോനിക ഗ്രന്ഥങ്ങൾ എന്നു നാമകരണം ചെയ്യപ്പെട്ടവയും പൗരസ്ത്യ സഭകളുടെ പൂർണ്ണ വേദപുസ്തകത്തിന്റെ ഭാഗമാണ്. അവയുടെ കൂടി അടിസ്ഥാനത്തിലുള്ള ഒരു സ്റ്റഡി ബൈബിൾ മാത്രമേ നസ്രാണിക്കു ഗുണം ചെയ്യു. *കിംഗ് ജെയിംസ് വേർഷന്റെ* മലയാള പരിഭാഷയോ ഗ്രീക്ക് ബൈബിളിന്റെ തർജ്ജമയോ നസ്രാണി മാപ്പിളയുടെ ആവശ്യത്തിനു ഉപകരിക്കില്ല എന്ന യാഥാർത്ഥ്യം മനസിലാക്കണം.

നസ്രാണിക്കു ഒരു സ്റ്റഡി ബൈബിൾ വേണം. അതിൽ സംശയമില്ല. പക്ഷേ എന്തായിരിക്കണം അത്. അവിടെയാണ് ഗൗരവമായ പരിചിന്തനം ആവശ്യമായിട്ടുള്ളത്. ആരാധനയിൽ അധിഷ്ഠിതമായ വേദശാസ്ത്രമുള്ള മലങ്കരസഭയ്ക്ക് അതിന് അനുരൂപമായ ഒരു സ്റ്റഡി ബൈബിൾ ആണ് ഉണ്ടാകേണ്ടത്. അതായത് നസ്രാണികളുടെ ആരാധനാ ക്രമങ്ങളുടെ അടിസ്ഥാനമായ പ്ശീത്താ ബൈബിളിന്റെ അടിസ്ഥാനത്തിലുള്ള ഒരു സ്റ്റഡി ബൈബിൾ.

അതിന് ആദ്യം ആവശ്യം പ്ശീത്താ ബൈബിളിന്റെ ഒരു ആധികാരിക പരിഭാഷയാണ്. കടവിൽ മാർ അത്താനാസ്യോസ്, പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ, മലങ്കര മല്പാൻ കോനാട്ട് മാത്തൻ മല്പാൻ മുതലായവർ ഭാഗികമായി പ്ശീത്താ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കണിയാമ്പറമ്പിൽ കുര്യൻ കോർഎപ്പിസ്ക്കോപ്പാ പൂർണ്ണ രൂപത്തിലും പരിഭാഷ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആദ്യം വേണ്ടത് പ്ശീത്താ പരിഭാഷയെ സഭയുടെ അംഗീകൃത വേദപുസ്തകമാക്കി തീരുമാനിക്കുക. അതനുസരിച്ച് വേദവായനകൾ ക്രമീകരിക്കുക. അതിനുശേഷം ആ പ്ശീത്തായുടെ ഒരു സ്റ്റഡി ബൈബിൾ ഉണ്ടാക്കുക. കൂദാശാധിഷ്ഠിതമായ മലങ്കരസഭയ്ക്ക് ആവശ്യം ഇതാണ്.

വെറുതെ ഒരു പരിഭാഷാ കമ്മറ്റി ഉണ്ടാക്കി സമയവും പണവും വ്യർത്ഥമാക്കുകയല്ല വേണ്ടത്. അത് നിരർത്ഥകമാണ്. നിലവിൽ ലഭ്യമായ പ്ശീത്താ പരിഭാഷകൾ ഉപയോഗിച്ച് ഒരു സ്റ്റഡി ബൈബിൾ ഉണ്ടാക്കുക. അതിനു മുമ്പുതന്നെ ഒരു അംഗീകൃത പ്ശീത്താ പരിഭാഷ പ്രസിദ്ധീകരിക്കുക. അതിനു പകരം കണിയാമ്പറമ്പിൽ അച്ചന്റെ പരിഭാഷ അംഗീകരിച്ചാലും മതി. അതിൽ തെറ്റുണ്ടെങ്കിൽ തിരുത്തണമെന്നു മാത്രം. വേദവായനകൾ അതനുസരിച്ച് ഇതര കാനോനിക ഗ്രന്ഥങ്ങൾ കൂടി ചേർത്ത് ക്രമീകരിക്കുക. അതിനു ശേഷം മാത്രം കൂദാശാധിഷ്ഠിതമായ ഒരു സ്റ്റഡി ബൈബിൾ പ്രസിദ്ധീകരിക്കുക.

എന്തായാലും മലങ്കരസഭയ്ക്ക് കൂദാശാധിഷ്ഠിതമായുള്ള നസ്രാണി വേദശാസ്ത്രത്തിനു അനുരൂപമായുള്ള സ്റ്റഡി ബൈബിൾ മതി. നാമമാത്രമായ ഒരു അനുകരണം വേണ്ട. കുറച്ചുകാലം മുമ്പ് *ഓർത്തഡോക്സ് ബൈബിൾ പരിഭാഷ* എന്ന പേരിൽ ചിലർ നടത്തിയ പണവും സമയവും മിനക്കെടുത്തുന്ന പരിപാടി ഇനി വേണ്ട.

## ചുമതലയേറ്റു



മലങ്കര ഓർത്തഡോക്സ് സഭ വിവാഹ ധനസഹായ സമിതി കൺവീനറായി ചുമതലയേറ്റ **ഏബ്രഹാം മാത്യു വീരപ്പള്ളിൽ**. സഭാ മാനേജിംഗ് കമ്മറ്റിയംഗവും ചെങ്ങന്നൂർ കടമാൻകുളം സെന്റ്മേരീസ് ഇടവകാംഗവുമാണ്.



ലേഖനം

അഭിവന്ദ്യ യൂഹാനോൻ മാർ പോളികാർപ്പോസ്

# ദാവീദ്: രാജാവ്, നിബി, പുരോഹിതൻ, മഹാകവി

സങ്കീർത്തനങ്ങൾ വായിക്കുന്നതിന് മുമ്പ് ചൊല്ലും; 'രാജാവും നിബിയുമായ ദാവീദിന്റെ സങ്കീർത്തന പുസ്തകത്തിൽ നിന്ന്' എന്ന്. ദാവീദിനോട് ഭക്തി കൂടി പ്രഖ്യാപിക്കുന്നതായിരിക്കും നിബി എന്ന പ്രയോഗം എന്ന് ചെറുപ്പത്തിൽ വിചാരിച്ചിരുന്നു. പിന്നീടാണ് മനസ്സിലാകുന്നത്, ദാവീദ് അത്ര മാത്രമല്ല ഒരു മഹാകവിയായിരുന്നു, പുരോഹിതകർമ്മം അർപ്പിക്കുവാൻ അർഹൻ ആയിരുന്നു, എല്ലാറ്റിനും ഉപരിശക്തനായ രാജാവുമായിരുന്നുവെന്ന്. എന്നാൽ അദ്ദേഹം ഒരു പ്രാർത്ഥനാമനുഷ്യനും ദൈവ മനുഷ്യനും തന്റെ എല്ലാമെല്ലാമായ സൃഷ്ടാവിനോടൊപ്പം നടന്നവനുമായിരുന്നുവെന്ന് മനസ്സിലാക്കുവാൻ കഴിയും. ജീവിതത്തിന്റെ അവസാന കാലഘട്ടം അടുത്തുവെന്നറിഞ്ഞ, ശ്ലീഹന്മാരിൽ ശ്രേഷ്ഠനായ പൗലോസ് പറയുന്നു, 'ഞാൻ നല്ല പോർ പൊരുതി ഓട്ടം തികച്ചു, നീതിയുടെ കിരീടം എനിക്കായി ദൈവം കരുതിയിരിക്കുന്നു' എന്ന്. ഇവിടെ ദാവീദിനെക്കുറിച്ച് ദൈവവചനം പറയുന്നത് ശ്രദ്ധിക്കുക, (1 ദിനവൃത്താന്തം 17 : 7 , 8) "നീ എന്റെ ജനമായ യിസ്രായലിന് പ്രഭുവായിരിക്കേണ്ടതിന് ഞാൻ നിന്നെ പുൽപ്പുറത്തുനിന്നും, ആടുകളെ നോക്കുമ്പോൾ തന്നെ എടുത്തു. നീ സഞ്ചരിച്ച് വന്ന എല്ലായിടത്തും ഞാൻ നിന്നോട് കൂടെ ഇരുന്നു." കൂടാതെ വീണ്ടും കൽപ്പിക്കുന്ന കാര്യങ്ങൾ ഞാൻ നിനക്ക് നല്ലൊരു നാമം നൽകുമെന്നും നിന്റെ രാജ്യം ഭദ്രമായിരിക്കുമെന്നും കൽപ്പിക്കുന്നു. കൂട്ടത്തിൽ ഒരു കാര്യം കൂടെ, നിന്റെ സന്തതി എന്റെ കൽപ്പന പാലിച്ചാൽ.

**1. ദൈവത്തോടൊപ്പം ആയിരുന്ന ദാവീദ്**

യിസ്രായേൽക്കാരുടെ ഹിതത്തിനു വിധേയമായിട്ടാണ് ശൗലിനെ ആദ്യം രാജാവായി നൽകുന്നത്. എന്നാൽ അവൻ കാലക്രമത്തിൽ ദൈവത്തിൽ നിന്ന് അകലുകയും അനിഷ്ടനാവുകയും തന്റെ പുരോഹിത ശ്രേഷ്ഠനും ദൈവിക കൽപനകൾ ഉപദേശിച്ച് നൽകുന്നവനും ആയ ശമുവേലിനും അപ്രിയ പാത്രമാകുകയും ചെയ്യുന്നു. അവനോട് പ്രവാചകൻ പറയുന്നു, "ഇതാ അനുസരിക്കുന്നത് യാഗത്തെക്കാളും, ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസിനേക്കാളും നല്ലത്" (1 ശമു.15 : 22). പിന്നീട് നാം കാണുന്നത് ദൈവകൽപന പ്രകാരം യിശ്ശായിയുടെ മക്കളിൽ നിന്ന് ഇളയവനായ ദാവീദിനെ രാജാവായി വാഴിക്കുന്നതാണ്. എന്നാൽ ദാവീദിന്റെ മൂത്തവരായ ഏഴുപേരും പ്രഗത്ഭരും കഴിവുറ്റവരും കാണ്മാൻ യോഗ്യന്മാരും ആയിരുന്നു. എന്നാൽ ദൈവം കൽപ്പിക്കുന്നു, "മനുഷ്യൻ നോക്കുന്നതുപോലെ അല്ല ഞാൻ നോക്കുന്നത്." അവിടെയാണ് 1 ദിനവൃത്താന്തം 17 : 7 പ്രസക്തമാകുന്നത്. 'ഞാൻ നിന്നെ പുൽപ്പുറത്തുനിന്ന് വിളിച്ചു'. ദാവീദ് അതുവരെയും തന്റെ അപ്പന്റെ ആടുകളെ മേയ്ക്കുന്ന വിശ്വസ്തനായ ഒരു ചെറു

പ്പക്കാരൻ മാത്രമായിരുന്നു. അപ്പോഴെല്ലാം വിരിഞ്ഞ ആകാശത്തട്ടിൽ കണ്ടിരുന്ന നയന മനോഹരമായ കാഴ്ചകളും രാവും പകലുമുള്ള പ്രകൃതിയുടെ സൗന്ദര്യവും അദ്ദേഹത്തിന്റെ മനസ്സിൽ തെളിഞ്ഞ് വരികയും അവയെ എല്ലാം സൃഷ്ടിച്ച സൃഷ്ടാവിനെ മനം നിറഞ്ഞ് മനോഹരമായ പാട്ടുകളാൽ സ്തുതിക്കുകയും ചെയ്തു. ദൈവകൃപ കൂടെ ഉണ്ടായിരുന്നതിനാൽ കരടിയെയും സിഹത്തെയും വലിച്ചു കീറി കളയുവാനും പിന്നീട് ആ ധൈര്യം ഗോലിയാത്തിനെ വീഴ്ത്താനും ഉപകരിക്കുന്നു.

**2. ദാവീദിന്റെ പരിശീലന കാലഘട്ടം**

ദാവീദിനെ അഭിഷേകം ചെയ്ത നാൾ മുതൽ ദൈവത്തിന്റെ ആത്മാവ് ദാവീദിന്മേൽ വരികയും യഹോവയുടെ ആത്മാവ് ശൌലിനെ വിട്ടുമാറുകയും ചെയ്തു. അതിനുപകരം ഒരു ദുരാത്മാവ് ശൗലിനെ ബാധിക്കുകയും ചെയ്തു (1 ശമുവേൽ 16 : 13-16 വാക്യങ്ങൾ). ശൗലിന്റെ ദേഹത്തുനിന്നും ദുരാത്മാവ് മാറുന്നതിനായിട്ട് കിന്നര വായനയ്ക്കായി ദാവീദിനെ നിയമിക്കുമ്പോൾ മുതൽ ദാവീദിന്റെ പരിശീലനകാലം ആരംഭിക്കുകയാണ്. ഒപ്പം തന്നെ കഷ്ടതയുടേയും അപഹാസ്യത്തിന്റെയും പ്രയാണങ്ങളുടെയും കാലം ആരംഭിക്കുകയായിരുന്നു. ദാവീദിനെ തകർത്ത് കളയുവാൻ ശൗലും കിങ്കരന്മാരും അഹോരാത്രം പണിപ്പെടുന്നു. ദാവീദ് തന്റെ മകളായ മിഖളിന്റെ ഭർത്താവ് ആണെങ്കിലും അവനെ മറ്റുള്ളവർ പുകഴ്ത്തുന്നതും അതുകൂടാതെ ശമുവേൽ പ്രവാചകൻ അവനെ രാജാവാക്കി വാഴിച്ചതും അവനെ അസൂയാലുവാക്കി മാറ്റുന്നു. ബാധയുള്ള ഒരുവനിൽ അസൂയ മുഴുത്താൽ എന്താണ് അനന്തര ഫലമെന്ന് നമുക്ക് ചിന്തിക്കാവുന്നതേയുള്ളൂ. ദാവീദിനെ നശിപ്പിക്കുക എന്ന ഒരു ലക്ഷ്യം മാത്രമായി തീർന്നു പിന്നീട് ശൗലിന്. ഇവിടെയെല്ലാം നാം അറിഞ്ഞിരിക്കേണ്ടത്, ശൗലിനോടൊപ്പം നടന്ന യുദ്ധങ്ങളിൽ നിന്നും അരമനകളിലെ ആലോചനകളിൽ നിന്നും കഷ്ടപ്പാടുകളുടേയും പ്രതിസന്ധികളുടേയും നടുവിൽ ദൈവം അവനെ ഉത്തമനായ ഭരണകർത്താവായി വാർത്തെടുക്കുകയായിരുന്നു.

ഉണങ്ങി വരണ്ട മരുഭൂമിയിലൂടെയുള്ള പലായനത്തിലും ദുഷ്ടമൃഗങ്ങൾ പാർക്കുന്ന കാനനങ്ങളുടെ അഗാധങ്ങളിലും ഗുഹകളിലെയും, പിളർപ്പുകളിലെയും, പാർപ്പുകളിലും അവൻ തന്റെ പാഠങ്ങൾ പഠിച്ച് തീർക്കുകയായിരുന്നു. തന്റെ എതിരാളി യിസ്രായേൽ രാജാവ് ആയിരുന്നിട്ടും തന്റെ രാഷ്ട്രത്തിനെതിരായോ അഭിഷിക്തനെതിരായിട്ടോ ശത്രുരാജാക്കന്മാരോട് കൂട്ടുകൂടി ഗൂഢതന്ത്രങ്ങൾ മെനയുവാൻ അവൻ ഒരുങ്ങുന്നില്ലായെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട വിഷയമാണ്. അതിനുദാഹരണമാണ് ഗത്ത് രാജാവായ ആഖിശിന്റെ അടുത്തുനിന്നും ഭ്രാന്തുനടിച്ച് ദാവീദ് രക്ഷപ്പെടുന്നത്. അതിനു ശേഷം ആ മഹാത്മാവിന്റെ നാവിൽ നിന്നും ഉതിർന്നുവീണ വാക്കുകളാണ് 34-ാം സങ്കീർത്തനം. 'യഹോവ നല്ലവനെന്ന് രുചിച്ചറിയുവിൻ, അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ'. ശൗലിനെ കൊല്ലുന്നതിനും രാജ്യം പിടിച്ചടക്കുന്നതിനും തൊട്ടു മുൻപിൽ അവസരം കിട്ടിയിട്ടും യഹോവയുടെ അഭിഷിക്തനെ തൊടുവാൻ ഭയപ്പെടുന്ന ദാവീദിനെ നാം അതിരറ്റ ആദരവോടെ കാണേണ്ടതാണ്.

**3. മഹാകവിയായ ദാവീദ്**

ആടുകളെ മേയ്ച്ചുകൊണ്ടിരുന്നപ്പോൾ അവയെ സംരക്ഷിക്കുന്ന രീതിയിലൂടെ ദൈവത്തെയും തന്നെയും ഉപമിച്ചുകൊണ്ട് മനോഹരമായി 23-ാം സങ്കീർത്തനം ഒരു മനോഹര ശിൽപ്പമായി ലോകത്തിന് നൽകിയ മഹാകവിയാണ് ദാവീദ്. വിജന പ്രദേശങ്ങളിൽ ആടിന്റെ കാവൽക്കാരനായി രാത്രികാലങ്ങളിൽ വിഹായസ്സിനെയും ആകാശവിരിവിനെയും നക്ഷത്രഗോളങ്ങളേയും പ്രകൃതിയുടെ നിശ്ശബ്ദതയേയും ശാന്തതയേയും കണ്ടിട്ട് ദാവീദ് പാടി, 'ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ അറിയിക്കുന്നു. ആകാശത്തട്ട് അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു.' കൊടുങ്കാറ്റും പെരുങ്കാറും പെരുമഴയും പെയ്തിറങ്ങിയപ്പോൾ അവയിൽ പിറുപിറുക്കാതെ അവയെല്ലാം ദൈവത്തിന്റെ ആജ്ഞാനുവർത്തികൾ മാത്രമാണെന്ന് പാടുന്നു. സുഖദായകമായി തഴുകി ഒഴുകുന്ന ചെറുകാറ്റിനെയും പെയ്തിറങ്ങുന്ന മഴമഞ്ഞിനെയും യഹോവയുടെ കൃപാകടാക്ഷമായി കാണുന്നു. ശൗലിന്റെ രാജധാനിയിലെയും ഗൃഹത്തിലെയും പീഡനങ്ങളും വേദനകളും അവിടുന്നുള്ള പലായനങ്ങളും എല്ലാം തന്റെ നന്മയ്ക്കായി ദൈവം ഒരുക്കിയിരിക്കുന്നുവെന്ന് ചൊല്ലുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

ദാവീദ് രാജാവായതിനുശേഷം തനിക്കുണ്ടായ അനുഭവങ്ങളും ദൈവപരിപാലനവുമെല്ലാം തന്നെ അനുഗ്രഹമായ വാക്കുകളിലൂടെ ഹൃദ്യവും അനുവാചകരെ ആത്മ നിർവൃതിയിൽ എത്തിക്കുന്നതും ആക്കുന്നു. തന്റെ പ്രിയപുത്രനായ അബ്ശാലോം അവന്റെ ബുദ്ധിയിലൂടേയും സാമർത്ഥ്യത്തിലൂടേയും വാക് ധോരണിയിലൂടെയും അപ്പന്റെ പ്രിയപ്പെട്ടവരെ വശത്താക്കുയും തന്റെ എല്ലാമെല്ലാമായ

പിതാവിനെ സ്ഥാന ഭ്രഷ്ടനാക്കുകയും ചെയ്തു കഴിഞ്ഞപ്പോൾ അവിടെയും ദൈവത്തിനോട് പിറു പിറുക്കാതെ, തന്റെ വീഴ്ചകളായിരിക്കാം ഇതി നെല്ലാം കാരണമെന്ന് സമാധാനിക്കുകയും കൂടെ യുള്ളവരെ ആശ്വസിപ്പിക്കുകയും ചെയ്യുന്ന ദാവീദ് തന്റെ വേദനകളും ദൈവാശ്രയബോധവും ഓർമ്മ പ്പെടുത്തിക്കൊണ്ടും ദൈവത്തെ പുകഴ്ത്തി ക്കൊണ്ടും എഴുതുന്നതാണ് 55-ാം സങ്കീർത്തനം. സ്വയാശ്രയക്കാർക്കുള്ള ഗതിയാണ് മിടുക്കനായ അബ്ശാലോം തരുന്ന പാഠം. അനുഭവങ്ങളുടെ നേർക്കാഴ്ചകളും അണ്ഡകടാഹങ്ങളുടെ ദൈവ ത്തിന്റെ വിന്യാസങ്ങളും നിയമവും നിയന്ത്രണവും സർവ്വേശ്വരൻ നടത്തുന്നതും അഗാധമായ വേദന കളുടേയും കഷ്ടപ്പാടുകളുടേയും പീഡനങ്ങളു ടേയും അപഹാസനങ്ങളിൽ നിന്ന് ലഭിച്ച അഗ്നി ശോധനയിലൂടെ ഊതി കാച്ചിയെടുത്ത അനുഭവ സമ്പത്ത് അനുവാചകരെ അനുഭവത്തിന്റെ അഗാ ധതലങ്ങളിൽ എത്തിക്കുകയും ചെയ്യുന്നു.

**4. ദാവീദിന്റെ വീഴ്ചകൾ**

"പാപി നശിക്കണമെന്നോതിയ
ദാവീദ് പാപം ചെയ്തപ്പോൾ
എൻ കർത്താവാം ഉടയോനേ
കനിയണമെന്നോതി! എന്ന് പ്രാർത്ഥിക്കു

മ്പോൾ ദാവീദിന്റെ വീഴ്ചയ്ക്ക് മുമ്പും പിമ്പും ഉള്ള അവസ്ഥ നമുക്ക് മനസ്സിലാക്കുവാൻ കഴിയും. പ്രധാനമായി രണ്ടെണ്ണമാണ് ഇവിടെ സൂചിപ്പിക്കു ന്നത്. ആദ്യ സംഭവം, 2 ശമുവേൽ 11-ാം അദ്ധ്യായം 2-ാം വാക്യം മുതൽ കാണുന്നു. "ഒരു നാൾ സന്ധ്യ ആകാറായ സമയത്ത് ദാവീദ് മെത്തയിൽ നിന്ന് എഴുന്നേറ്റ് രാജധാനിയുടെ മാളികമേൽ ഉലാത്തി ക്കൊണ്ടിരിക്കുമ്പോൾ ഒരു സ്ത്രീ കുളിക്കുന്നത് മാളികയിൽ നിന്ന് കണ്ടു ; ആ സ്ത്രീ അതിസു ന്ദരി ആയിരുന്നു''. അക്കാലങ്ങളിൽ രാജാക്ക ന്മാർക്ക് സമൃദ്ധമായി ഭാര്യമാരെ എടുക്കാമായിരു ന്നു. അതവർ ഏത് വിധേനയും ചെയ്തുമിരുന്നു. എന്നാൽ ദൈവത്തോടൊപ്പം സഞ്ചരിച്ചിരുന്ന ദാവീദ് അത് ചെയ്തതും അതിന്റെ വഴിവിട്ടുള്ള രീതിയും ദൈവത്തിന് അഹിതമായിരുന്നു. അത് നാഥാൻ പ്രവാചകൻ വഴി അറിയുകയും പശ്ചാ ത്താപ ഹൃദയത്തോടെ ദൈവത്തോട് അടുത്ത് ചെല്ലുകയും ചെയ്യുന്നു. അവന്റെ തെറ്റിന് ദൈവ ത്തോട് മാപ്പപേക്ഷിക്കുന്നു. ആ പശ്ചാത്താപവും മനോവേദനയും മുഴുവൻ നിഴലിക്കുന്നതാണ് 51 -ാം മസ്മൂർ. ദാവീദ് തെറ്റിലേയ്ക്ക് വീഴുന്നതിന്റെ അടിസ്ഥാന കാരണം ശ്രദ്ധിക്കേണ്ടതാണ്. ആല യത്തിൽ പ്രാർത്ഥിക്കാൻ പോകേണ്ട സമയത്താണ് അലസനായി മാളികയിൽ ഉലാത്തിക്കൊണ്ടിരുന്ന ത്. ആ അലസതയും, ഉദാസീനതയും, മടിയും കാണരുതാത്തത് കാണുവാൻ അവന് ഇടയാക്കു ന്നു. തെറ്റിന്റെ കൂമ്പാരങ്ങളിലേക്ക് ദാവീദ് വഴുതി വീഴുന്നു. അതുകൊണ്ടു തന്നെ പിതാക്കന്മാർ പ്രാർത്ഥനയിൽ എഴുതിചേർത്തിരിക്കുന്നു,

"അലസത ലേശം ബാധിച്ചാൽ
അശുദ്ധവഴിക്ക് വശംവദനായ്
സ്വാത്മത്തെ സ്വയമേ നിഹനിക്കും''

പ്രാർത്ഥനാ സമയങ്ങളിൽ ലോകകാര്യങ്ങളിലും ലോകമോദങ്ങളിലും അനാവശ്യ സംഭാഷണങ്ങ ളിലും മുഴുകുകയും പ്രാർത്ഥന വണ്ടിയിലും മറ്റു മായി നടത്തുകയും ചെയ്യുമ്പോൾ എല്ലാ ശ്രേണി യിലും ഉള്ളവർ ഇതറിഞ്ഞിരിക്കേണ്ടതാണ്.

2 ശമുവേൽ 24-ാം അദ്ധ്യായം വായിക്കുമ്പോൾ ജനത്തെ എണ്ണുവാൻ ദുർബുദ്ധി സാത്താൻ തോന്നിക്കുന്നതായി നാം കാണുന്നു. 1 ദിനവൃ ത്താന്തം 21 : 1 ൽ ഗാദ് പ്രവാചകൻ മുഖാന്തിരം ദൈവത്തിന്റെ അനിഷ്ടം അവനെ അറിയിക്കുന്നു. അതറിഞ്ഞ ദാവീദ് ദൈവത്തോട് അഭയ യാചന നടത്തുകയും, ശിക്ഷിക്കുന്നുവെങ്കിൽ തന്നെയും തന്റെ കുടുംബത്തെയും മതിയെന്നും ജനത്തെയോ രാജ്യത്തേയോ ശിക്ഷിക്കരുതെന്നും നിന്റെ കൈയാൽ തന്നെ എനിക്ക് ശിക്ഷ മതിയെന്നും താണുവീണ് അപേക്ഷിക്കുന്ന ദാവീദ് യെബു സായന്റെ കൈയിൽ നിന്ന് മുഴുവിലയ്ക്ക് വസ്തു വാങ്ങുകയും ബലിപീഠം പണിയുകയും ചെയ്യുന്നു. ഇത് ഏവർക്കും അനുകരണീയവും മാതൃകാപര വുമാണ്. 1 ദിനവൃത്താന്തം 25 ന്റെ 26 ൽ പറയുന്ന തുപോലെ, "ദാവീദ് അവിടെ യഹോവയ്ക്ക് ഒരു യാഗപീഠം പണിത് ഹോമയാഗങ്ങളും സമാധാന യാഗങ്ങളും കഴിച്ച് യഹോവയോട് പ്രാർത്ഥിച്ചു. അവൻ ആകാശത്തുനിന്ന് ഹോമപീഠത്തിന്മേൽ തീ ഇറക്കി അതിന് ഉത്തരം അരുളി". അതുകൊണ്ട് പിതാക്കന്മാർ പ്രാർത്ഥനയിൽ എഴുതിച്ചേർത്തു.

"യെബുസായന്റെ കളത്തറയിൽ - കർത്താവേ തിരുഹിതമാർന്ന
ക്ഷിതിപാലക നിബി ദാവീദിൻ - പരിപാവ നമാം ബലിപോലെ.

പുൽപുറത്തുനിന്ന് വിളിച്ചു ചേർക്കപ്പെട്ടവൻ ദൈവത്തിന്റെ ഉത്തമ അംഗീകാരത്തിന്റെ പിൻബല ത്തിൽ മുഖശോഭയോടും മുഖപ്രസാദത്തോടും പ്രാർത്ഥനാ മനുഷ്യനും ദൈവമനുഷ്യനുമായ നിവർന്നു നിൽക്കുന്നത് ദൈവത്തിന്റെ അരുമായ പുത്രനായിട്ടാണ്.

# നഷ്ട പ്രതാപം വീണ്ടെടുത്ത ചെങ്ങന്നൂർ താലൂക്ക്

**നാട്ടുചരിത്രം**

**വർഗീസ് ജോൺ, തോട്ടപ്പുഴ**


*ചെങ്ങന്നൂർ മെത്രാസനത്തിലെ ഭൂരിപക്ഷം വിശ്വാസികളും അധിവസിക്കുന്നത് ചെങ്ങന്നൂർ താലൂക്കിലാണ്. ചെങ്ങന്നൂർ താലൂക്ക് ഏതാണ്ട് പൂർണ്ണമായും ചെങ്ങന്നൂർ മെത്രാസനത്തിൽ ഉൾപ്പെടുന്നു. മാന്നാർ പഞ്ചായത്തിലെ ഏതാനും പള്ളികൾ അയൽ മെത്രാസനങ്ങളിൽ ഉൾപ്പെടുന്നുണ്ട്. ആലപ്പുഴ ജില്ലാ രൂപീകരണത്തിന് 60 വർഷവും ചെങ്ങന്നൂർ താലൂക്ക് പുനഃസ്ഥാപനത്തിന് 61 വർഷവും പൂർത്തിയാകുന്ന ഈ സന്ദർഭത്തിൽ ചെങ്ങന്നൂർ താലൂക്കിന്റെ ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം.*

**ചെ**ങ്ങന്നൂർ താലൂക്കിൽ നിന്ന് ഒരു നൂറ്റാണ്ടു മുൻപ് പത്തനംതിട്ട താലൂക്ക് മുറിച്ചുമാറ്റിയപ്പോൾ ചെങ്ങന്നൂരിനു നഷ്ടമായത് ഒരു നൂറ്റാണ്ടു പഴക്കമുള്ള സ്വന്തം താലൂക്ക്. കുട്ടി ജനിച്ച് വൈകാതെ അമ്മ മരിക്കുന്ന അനുഭവം.

ചെങ്ങന്നൂർ താലൂക്കിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങൾ 19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മാവേലിക്കര മണ്ഡപത്തുംവാതുക്കൽ, പന്തളം ഇടവക എന്നിവയുടെ ഭാഗങ്ങളായിരുന്നു. മാവേലിക്കര മണ്ഡപത്തുംവാതുക്കലിന്റെ വടക്കൻ ഡിവിഷനിൽ ചെന്നിത്തല, മാന്നാർ, ചെങ്ങന്നൂർ, വടക്കേക്കര, റാന്നി, ഓമല്ലൂർ, കുമ്പഴ എന്നീ ഏഴു പ്രവൃത്തികളാണുണ്ടായിരുന്നത്. 'മണ്ഡപത്തുംവാതുക്കൽ' എന്നാണ് അക്കാലത്ത് താലൂക്കുകൾ അറിയപ്പെട്ടിരുന്നത്. ഇതിനെ 'പ്രവൃത്തി'കളായി തിരിച്ചിരുന്നു. ഒരു ഇടപ്രഭുവിന്റെ ഭരണത്തിൽ ഉൾപ്പെട്ട ദേശമാണ് 'ഇടവക'. സർക്കാരിലേക്ക് ഭൂനികുതി കൊടുക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ള സ്ഥലമോ പ്രദേശമോ ആണിത്.

*'ദി ട്രാവൻകൂർ ലാൻഡ് റവന്യൂ മാനുവൽ'* അഞ്ചാം വോള്യം 362-ാം പേജിൽ കൊടുത്തിരിക്കുന്ന 1824 മാർച്ച് 11ലെ ഒരു രാജകീയ ഉത്തരവ് (നീട്ട്) ചെങ്ങന്നൂർ താലൂക്കിന്റെ സ്ഥാപനത്തെപ്പറ്റി സൂചന നൽകുന്നതാണ്. അതു താഴെ ചേർക്കുന്നു.

*"999-ാമാണ്ടു കുംഭമാസം 30-നു നീട്ടു. മാവേ*




*ചെങ്ങന്നൂർ താലൂക്കു പുനഃസംഘടന വിവിധ കാലഘട്ടങ്ങളിൽ*

# ചെങ്ങന്നൂർ പട്ടണം ചെങ്ങന്നൂർ വില്ലേജിനു പുറത്ത്

*1987 വരെ ചെങ്ങന്നൂർ പട്ടണം ഉൾപ്പെടുന്ന വില്ലേജിന്റെ പേര് 'വടക്കേക്കര' എന്നായിരുന്നു. അതേ സമയം പട്ടണത്തിൽ നിന്ന് ഏഴെട്ടു കിലോമീറ്റർ തെക്കു പടിഞ്ഞാറേക്കു മാറി 'ചെങ്ങന്നൂർ' എന്ന പേരിൽ ഒരു വില്ലേജ് ഉണ്ടായിരുന്നു. ചെങ്ങന്നൂർ വില്ലേജിൽ നിന്ന് ചെങ്ങന്നൂർ പട്ടണത്തിൽ വരണമെങ്കിൽ മറ്റൊരു വില്ലേജ് (പുലിയൂർ/പാണ്ടനാട്) കടന്നുപോകണമായിരുന്നു.*

*ചെങ്ങന്നൂർ മുനിസിപ്പാലിറ്റി നിലവിൽ വന്നത് 1978 ഏപ്രിൽ ഒന്നിനാണ്. അതിനുമുമ്പുള്ള പഞ്ചായത്തിന്റെ പേരും 'ചെങ്ങന്നൂർ' എന്നു തന്നെയായിരുന്നു. ചുരുക്കത്തിൽ അന്ന് ചെങ്ങന്നൂർ വില്ലേജും ചെങ്ങന്നൂർ പഞ്ചായത്തും പൂർണ്ണമായും വ്യത്യസ്തമായിരുന്നു. 'പന്തളം വടക്കേക്കര'യും ഉണ്ടായിരുന്നതിനാൽ ഒരുകാലത്ത് വടക്കേക്കര പകുതിയെയും വില്ലേജ് പഞ്ചായത്തിനെയും 'ചെങ്ങന്നൂർ വടക്കേക്കര' പകുതിയെന്നും വില്ലേജ് പഞ്ചായത്തെന്നും സൗകര്യാർത്ഥം വിശേഷിപ്പിച്ചു കാണുന്നുണ്ട്. 1987ൽ വടക്കേക്കര വില്ലേജിനെ 'ചെങ്ങന്നൂർ' എന്നും ചെങ്ങന്നൂർ വില്ലേജിനെ 'എണ്ണക്കാട്' എന്നും നാമകരണം ചെയ്തതോടെയാണ് ഈ ആശയക്കുഴപ്പം മാറിയത്. 1987 ആഗസ്റ്റ് 10ലെ വിജ്ഞാപനം താഴെ ചേർക്കുന്നു:*

*"ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ ബുധനൂർ പഞ്ചായത്തിൽപ്പെട്ട എണ്ണക്കാട് ആസ്ഥാനമായി 'ചെങ്ങന്നൂർ' എന്ന റവന്യൂ വില്ലേജും, ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിൽപ്പെട്ട 'വടക്കേക്കര' എന്ന റവന്യൂ വില്ലേജും നിലവിലുള്ളതാണ്. പൊതു അഭിപ്രായത്തെ ആദരിച്ചും സ്ഥലകാലനാമങ്ങൾക്കനുസരിച്ചും മേൽപ്പറഞ്ഞ വില്ലേജുകളുടെ പേരുകൾ യഥാക്രമം എണ്ണക്കാട്, ചെങ്ങന്നൂർ എന്ന പ്രകാരം ഭേദപ്പെടുത്തിയിരിക്കുന്നു" (കേരളാ ഗസറ്റ് നമ്പർ 42 പാർട്ട് 1, 1987 ഒക്ടോബർ 27).*

*പൗരാണികമായ ചെങ്ങന്നൂർ ഒരുപക്ഷേ ഇന്നത്തെ എണ്ണക്കാട് റവന്യൂ വില്ലേജ്/ബുധനൂർ ഗ്രാമപഞ്ചായത്ത് ആയിരിക്കാം.*

*ലിക്കര തെക്കു വടക്കു രണ്ടു തഹശീൽദാരന്മാരും മാവേലിക്കരയും....... ഇതിന്മണ്ണം രണ്ടു ഉദ്യോഗസ്ഥന്മാർ ഒരു സ്ഥലത്തു കച്ചേരിയിട്ടു ഇരുന്ന കാര്യങ്ങൾ വിചാരിച്ചു വരുന്നതിനാൽ ദൂരമായിട്ടുള്ള സ്ഥലങ്ങളിൽ അവരുടെ വിചാരം എത്തുപെടാതെ പണ്ടാരകാർയ്യങ്ങളിലും കുടികളുടെ സങ്കടകാർയ്യങ്ങളിലും വളരെ ദോഷമായിട്ടു കണ്ടു മാവേലിക്കര തെക്കു മണ്ടപത്തുംവാതുക്കൽ തഹശീൽദാർ മാവേലിക്കരയും മാവേലിക്കര വടക്കു മണ്ടപത്തുംവാതുക്കൽ തഹശീൽദാർ ചെങ്ങന്നൂരും ...... കച്ചേരിയിട്ടു കാർയ്യങ്ങൾ വിചാരിക്കത്തക്കവണ്ണം ചട്ടംകെട്ടേണ്ടതെന്നു തോന്നി റസിഡണ്ടുസായിപ്പ് അവർകളോടു ബോധിപ്പിച്ചതിലും അതിന്മണ്ണം തന്നെ എന്നു പറഞ്ഞിരിക്കുന്ന അവസ്ഥകൊണ്ടല്ലോ എഴുതി വന്നതിലാകുന്നു. അതിന്മണ്ണം വിചാരിച്ചുകൊള്ളത്തക്കവണ്ണം വിചാരിച്ചുകൊള്ളണം എന്നും ഇക്കാർയ്യം ചൊല്ലി ദിവാൻ ഗുണ്ഡൊ പണ്ഡിതർ വെങ്കിട്ടരായർക്കു നീട്ടു."*

കൊട്ടാരക്കര താലൂക്കിൽ നിന്ന് പത്തനാപുരവും കൽക്കുളത്തുനിന്ന് ഇരണിയലും താലൂക്കുകൾ രൂപീകരിച്ചതിനെപ്പറ്റിയും ഇതിൽ സൂചനയുണ്ട്. പഴയ റവന്യൂ വിഭജനമനുസരിച്ച് ഒരു നൂറ്റാണ്ടു മുൻപ് ചെങ്ങന്നൂർ താലൂക്കിൽ ചെങ്ങന്നൂർ, വടക്കേക്കര, ആലാ, റാന്നി, കുമ്പഴ, ഓമല്ലൂർ, പന്തളം വടക്കേക്കര എന്നീ ഏഴു പ്രവൃത്തികളാണ് ഉണ്ടായിരുന്നത്. പ്രവൃത്തിയ്ക്കു പകരം പകുതിയെ റവന്യൂ ഭരണ ഘടകമായി നിശ്ചയിച്ചപ്പോൾ (1909 – 1912 കാലത്ത് ?) ചെങ്ങന്നൂർ താലൂക്കിൽ തിരുവൻവണ്ടൂർ, പാണ്ടനാട്, ചെങ്ങന്നൂർ, പുലിയൂർ, ചെറിയനാട്, ആലാ, വടക്കേക്കര, പുത്തൻകാവ്, വെണ്മണി, പന്തളം വടക്കേക്കര, ഇലന്തൂർ, ഓമല്ലൂർ, പത്തനംതിട്ട, റാന്നി, കുമ്പഴ എന്നീ 15 പകുതികളാണ് ഉണ്ടായിരുന്നത്. കൊല്ലം ഡിവിഷനിലുൾപ്പെട്ട ചെങ്ങന്നൂർ (758 ചതുരശ്ര മൈൽ) തിരുവിതാംകൂറിലെ ഏറ്റവും വലിയ താലൂക്കായിരുന്നു.

ശ്രീമൂലം പ്രജാസഭയിൽ പല അംഗങ്ങളും അതിവിസ്തൃതമായ ചെങ്ങന്നൂർ താലൂക്ക് വിഭജിച്ച് പത്തനംതിട്ട ആസ്ഥാനമാക്കി പുതിയ ഒരു താലൂക്ക് രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ചെങ്ങന്നൂർ താലൂക്ക് പ്രതിനിധികളായ കോശി തോമസ്, എ. അയ്യപ്പൻ പിള്ള, വർഗീസ് കത്തനാർ (ഓമല്ലൂർ വടക്കേടത്ത് ഗീവർഗീസ് കത്തനാർ) തുടങ്ങിയവർ പ്രജാസഭയുടെ പത്തും (1914) പന്ത്രണ്ടും (1916) പതിമൂന്നും (1917) സമ്മേളനങ്ങളിൽ ഈ വിഷയം ഉന്നയിച്ചിരുന്നു. ഈ നിർദ്ദേശങ്ങൾ പരിഗണിച്ച് പത്തനംതിട്ട താലൂക്ക് രൂപീകരിച്ചതോടെ തിരുവിതാംകൂറിലെ ചെറിയ താലൂക്കു

കളിലൊന്നായി ചെങ്ങന്നൂർ.

ചെങ്ങന്നൂർ താലൂക്കിലെ പത്തനംതിട്ട, ഓമല്ലൂർ, ഇലന്തൂർ, റാന്നി, കുമ്പഴ എന്നീ പകുതികളും തിരുവല്ലാ താലൂക്കിലെ ചെറുകോൽ പകുതിയും ചേർത്താണ് പത്തനംതിട്ട താലൂക്ക് 1919 ഓഗസ്റ്റ് 17 (1095 ചിങ്ങം 1)ന് രൂപീകരിച്ചത്. ഇതോടൊപ്പം ആറന്മുള, മല്ലപ്പുഴശേരി എന്നീ പകുതികൾ തിരുവല്ലാ താലൂക്കിൽ നിന്ന് ചെങ്ങന്നൂർ താലൂക്കിൽ ചേർത്തു. ചെങ്ങന്നൂർ താലൂക്കിലെ പകുതികളുടെ എണ്ണം 12 ആയി കുറഞ്ഞു. തിരുവല്ലായിലെ പകുതികൾ 18ൽ നിന്ന് 15 ആയി.

ഭരണച്ചെലവുചുരുക്കൽ പരിപാടിയുടെ ഭാഗമായി ദേവസ്വം വിഭജനക്കമ്മറ്റിയുടെ റിപ്പോർട്ടനുസരിച്ച് ചെങ്ങന്നൂർ താലൂക്ക് 1922 ഓഗസ്റ്റ് 17 (1098 ചിങ്ങം 1)ന് നിർത്തലാക്കി; തിരുവല്ലാ താലൂക്കിനോട് ചേർത്തു. തിരുവല്ലാ താലൂക്കിലെ പകുതികളുടെ എണ്ണം 15ൽ നിന്ന് 27 ആയി. ഇതോടൊപ്പം വള്ളിക്കോട് പകുതി കുന്നത്തൂർ താലൂക്കിൽ നിന്ന് പത്തനംതിട്ട താലൂക്കിൽ ചേർത്തു. പത്മനാഭപുരം ഡിവിഷൻ നിർത്തലാക്കി തിരുവനന്തപുരം ഡിവിഷനോടു ചേർത്തതും ഇരണിയൽ, ഏറ്റുമാനൂർ, ആലങ്ങാട് താലൂക്കുകൾ നിർത്തലാക്കി സമീപ താലൂക്കുകളിൽ ചേർത്തതും ഇതോടൊപ്പമാണ്.

തിരുവല്ലാ താലൂക്കിലായിരുന്ന മല്ലപ്പുഴശ്ശേരി പകുതി 1931 ഓഗസ്റ്റ് 17 (1107 ചിങ്ങം 1) ന് പത്തനംതിട്ട താലൂക്കിന്റെ ഭാഗമായതോടെ തിരുവല്ലാ താലൂക്കിലെ പകുതികളുടെ എണ്ണം 26 ഉം (212 ചതുരശ്ര മൈൽ) പത്തനംതിട്ട താലൂക്കിലെ പകുതികളുടെ എണ്ണം എട്ടും (900 ചതുരശ്ര മൈൽ) ആയി. കേരളപ്പിറവി വരെ ഇതായിരുന്നു സ്ഥിതി.

കേരളപ്പിറവിയോടൊപ്പം (1956 നവംബർ 1) തിരുവല്ലാ താലൂക്ക് വിഭജിച്ച് ചെങ്ങന്നൂർ താലൂക്ക് വീണ്ടും രൂപീകരിച്ചു. ആറന്മുള, തിരുവൻവണ്ടൂർ, പാണ്ടനാട്, ചെങ്ങന്നൂർ, പുലിയൂർ, ചെറിയനാട്, ആലാ, വടക്കേക്കര, പുത്തൻകാവ്, വെണ്മണി, പന്തളം വടക്കേക്കര (എ-യും ബി-യും) മാന്നാർ, കുരട്ടിശ്ശേരി എന്നീ പകുതികൾ (വില്ലേജ്) ചെങ്ങന്നൂർ താലൂക്കിൽ ചേർത്തു. പുതിയതായി മാന്നാറും കുരട്ടിശ്ശേരിയും ലഭിച്ചപ്പോൾ 1922ലുണ്ടായിരുന്ന മല്ലപ്പുഴശേരി നഷ്ടപ്പെട്ടു. ചെങ്ങന്നൂരും തിരുവല്ലായും 1957 ഓഗസ്റ്റ് 17ന് പുതിയതായി രൂപീകരിച്ച ആലപ്പുഴ ജില്ലയുടെ ഭാഗമായി. അങ്ങനെ 35 വർഷത്തെ ഇടവേളയ്ക്കുശേഷം ചെങ്ങന്നൂർ നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുത്തു. 1922ൽ നിർത്തലാക്കിയ മറ്റു താലൂക്കുകൾ പുനഃസ്ഥാപിക്കപ്പെട്ടിട്ടില്ല. പത്മനാഭപുരം ഡിവിഷൻ 1956ൽ മദ്രാസ് സംസ്ഥാനത്തെ (പിന്നീട് തമിഴ്നാട്) കന്യാകുമാരി ജില്ലയായി.

1956 ഒക്ടോബർ ഒന്നിന് പുത്തൻകാവ് വില്ലേജിൽ നിന്ന് പുത്തൻകാവുകര വടക്കേക്കരയോടും ഉള്ളന്നൂർകര പന്തളം വടക്കേക്കരയോടും ചേർത്തു; ശേഷിച്ച പുത്തൻകാവു വില്ലേജിനെ മുളക്കുഴ വില്ലേജ് എന്നു നാമകരണം ചെയ്തു. ഇതോടൊപ്പം പന്തളം വടക്കേക്കര വില്ലേജ് മെഴുവേലി, കുളനട വില്ലേജുകളായി വിഭജിക്കപ്പെട്ടു. 1981 ഡിസംബറിൽ ആറന്മുള വില്ലേജ് വിഭജിച്ച് മെഴുവേലിയുടെ ചില ഭാഗങ്ങളും ചേർത്ത് കിടങ്ങന്നൂർ വില്ലേജ് രൂപീകരിച്ചു. പത്തനംതിട്ട ജില്ലാ രൂപീകരണത്തെ (1982 നവംബർ 1) തുടർന്ന് ആറന്മുള, കിടങ്ങന്നൂർ, മെഴുവേലി, കുളനട എന്നീ വില്ലേജുകൾ ചെങ്ങന്നൂർ താലൂക്കിൽ നിന്ന് പുതിയ ജില്ലയിലെ കോഴഞ്ചേരി താലൂക്കിൽ ചേർത്തു. 1987 ഓഗസ്റ്റ് 10ന് വടക്കേക്കര വില്ലേജിനെ 'ചെങ്ങന്നൂർ' എന്നും ചെങ്ങന്നൂർ വില്ലേജിനെ 'എണ്ണക്കാട്' എന്നും നാമകരണം ചെയ്തു.

ചെങ്ങന്നൂർ, തിരുവൻവണ്ടൂർ, പാണ്ടനാട്, എണ്ണക്കാട്, പുലിയൂർ, ചെറിയനാട്, ആലാ, മുളക്കുഴ, വെണ്മണി, മാന്നാർ, കുരട്ടിശ്ശേരി എന്നീ 11 വില്ലേജുകളും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയും തിരുവൻവണ്ടൂർ, പാണ്ടനാട്, ബുധനൂർ, പുലിയൂർ, ചെറിയനാട്, ആലാ, മുളക്കുഴ, വെണ്മണി, മാന്നാർ എന്നീ ഒൻപത് ഗ്രാമപഞ്ചായത്തുകളുമാണ് ഇപ്പോൾ ചെങ്ങന്നൂർ താലൂക്കിലുള്ളത്.

## ഓണാഘോഷ പരിപാടികൾ നടത്തി

ചെങ്ങന്നൂർ ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 12 ചൊവ്വാഴ്ച രാവിലെ 11 മണിക്ക് കാരയ്ക്കാട് സീനായ്കുന്ന് സെന്റ് മേരീസ് ദേവാലയത്തിൽ വെച്ച് കുട്ടികളുടെ കലാപരിപാടികളും തുടർന്ന് ഓണസദ്യയും നടത്തി. വികാരി മത്തായി സഖറിയ അച്ചനും ചെങ്ങന്നൂർ ഡിസ്ട്രിക്റ്റ് ഭാരവാഹികളും നേതൃത്വം നൽകി.

സെപ്റ്റംബർ 17 ഞായറാഴ്ച ഇടവങ്കാട് ഡിസ്ട്രിക്റ്റിന്റെ നേതൃത്വത്തിൽ പേരിശ്ശേരി ശാന്തി തീരത്ത് ഓണാഘോഷ പരിപാടികളും ഓണസദ്യയും നടത്തി. വൈസ് പ്രസിഡന്റ് ഫാ. റ്റിജു ഏബ്രഹാം, സെക്രട്ടറി ജോബിൻ കെ. ജോർജ്ജ്, ജോ സെക്രട്ടറി ബിനി സോളമൻ, ട്രഷറാർ അപ്രം കുന്നിൽ, ചെങ്ങന്നൂർ ഡിസ്ട്രിക്റ്റ് ഓർഗനൈസർ റ്റിബു ജോൺ, ഇടവങ്കാട് ഡിസ്ട്രിക്റ്റ് ഓർഗനൈസർ റ്റിഞ്ചു ശാമുവേൽ എന്നിവർ നേതൃത്വം നൽകി.

ഫാ. സഖറിയ പനയ്ക്കാമറ്റം



# ജീവിത രേഖ

"തൽസാമ്യം നാം പൂണ്ടിടുവാൻ
നമ്മുടെ സാമ്യമവൻ പൂണ്ടു;
നമ്മെ തൻ പിതൃസുതരാക്കി
പാവന റൂഹായോടു ചേർപ്പാൻ
മാനവ രൂപം സ്വയമേറ്റാൻ"
*(സ്ലീബാ നമസ്കാരം - പ്രഭാതം)*

**ധ്യാ**നത്തിന്റെ പിന്നാലെ രൂപപ്പെടുന്ന അനുഭവം ആണ് സുബോധം. ധ്യാനത്തിലൂടെ, കടന്നു പോയ വഴികളിലൂടെയും, നേരിട്ട അനുഭവങ്ങളെ തഴുകിയും ഒരു ഓട്ടപ്രദക്ഷിണം തന്നെ നടന്നതായി വരും. ഒന്നിനും കുറവില്ലാതെ സ്വന്തം പിതാവിന്റെ സാന്നിദ്ധ്യത്തിന്റെ മഹത്വം തികഞ്ഞു നിന്നതായ ഭവനത്തിൽ നിന്നും വ്യത്യസ്ഥമായി കൂടുതൽ എന്തൊക്കെയോ ലഭിക്കുമെന്നു കരുതി ഭവനം വിട്ടു വിദൂരതയിലേക്ക് പോയി എത്തിച്ചേരുന്നത് ശൂന്യതയിലേക്കാണ്. സ്നേഹത്തിന്റെ പുന: പരിശോധന നടന്നപ്പോൾ അവനു സുബോധം വന്നു. 'പിതാവെ അങ്ങേയ്ക്കും സ്വർഗ്ഗത്തിനുമെതിരായി ഞാൻ പാപം ചെയ്തു' എന്നാണ് തിരികെ എത്തിച്ചേർന്ന മകന്റെ നിലവിളി. സ്വന്തം ജീവിത രേഖയിലേക്ക് ശ്രദ്ധിച്ചു നോക്കേണ്ടതായ ഒരു ബാദ്ധ്യത എല്ലാവർക്കുമുണ്ട്. ക്രിസ്തു തന്നോടൊപ്പം കഴിഞ്ഞ തന്റെ 'സ്നേഹിതർക്ക്' നൽകിയ പരിശീലനം അതായിരുന്നു. ആ പരിശീലന വലയത്തിന്റെ ഉള്ളിൽ അവർ സ്വയം അറിയാതെ തന്നെ അവരുടെ ജീവിതം വ്യക്തമായ മാനസാന്തരത്തിൽ എത്തിച്ചേർന്നു. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ മക്കൾക്ക് അതെ ആത്മീയ വലയത്തിനുള്ളിൽ പരിശീലനം സിദ്ധിക്കേണ്ടവരാണ്. വ്യത്യസ്ഥമായ അതീവ ശ്രദ്ധ അനിവാര്യമത്രെ.

**സഭാ വിശ്വാസികളുടെ ലക്ഷ്യം**

സ്വാർത്ഥതയും, ദുരഭിമാനവും കാരണം ജീവിത ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് സ്വന്തം മഹത്വത്തിനു മാത്രം പ്രാധാന്യത നൽകുവാൻ എല്ലാ തലത്തിലും വെമ്പൽ കൊള്ളുന്ന സ്ഥിതിവിശേഷം എവിടെയും സംജാതമായിരിക്കുന്നു. ആരാധന വേളകളിലും പൊതുവേദികളിലും അത് മുന്നിട്ടു നിൽക്കുന്നു. 'ഒന്നിലും ലജ്ജിച്ചു പോകാതെ പൂർണ്ണ ധൈര്യം പൂണ്ട് ക്രിസ്തു എന്റെ ശരീരത്തിങ്കൽ ജീവനാൽ ആകട്ടെ മരണത്താൽ ആകട്ടെ എപ്പോഴും എന്നപോലെ ഇപ്പോഴും മഹിമപ്പെടുകയേ ഉള്ളൂ എന്ന് പ്രതീക്ഷിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നു. എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു'.ഈ കാലഘട്ടത്തിന്റെ പ്രവണതകളെ

അതിജീവിക്കുവാൻ (ഫിലിപ്പ്യ 1:20,21) എന്ന് അറിയിച്ചിരിക്കുന്നത് ലക്ഷ്യത്തിന്റെ നാരായ വേരാണ്. സ്വതന്ത്രനായി സുവിശേഷവേല നടത്തിയപ്പോഴും കാരാഗൃഹത്തിൽ ബന്ധനസ്ഥനായിരുന്നപ്പോഴും അത് അന്വർത്ഥമാക്കി. സുവിശേഷ സത്യങ്ങൾ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും പ്രതിഫലിപ്പിച്ച് കണ്ടിരുന്നത് ആദിമ സഭാ ജീവിതത്തിന്റെ പ്രത്യേകത തന്നെയായിരുന്നു.

തികച്ചും വൈരുദ്ധ്യങ്ങളുടെ നടപടികൾ സഭാ സാക്ഷ്യത്തിലേക്ക് അനുദിനം നുഴഞ്ഞുകയറുന്നു. വിവിധ പരിപാടികളിലൂടെ ലക്ഷ്യം വയ്ക്കുന്നത് അത് എങ്ങിനെ ആദായസൂത്രമാക്കാം എന്നുള്ളതാണ്. പെരുന്നാൾക്കമ്മറ്റിയിലും, പള്ളിക്കമ്മറ്റിയിലും, പാച്ചോറ് നേർച്ചയുടെ നേർച്ചക്കമ്മറ്റിയിലും, പന്തൽ ക്കമ്മറ്റിയിലും കയറിപ്പറ്റുവാൻ ആളുകൾ നിരവധി. ഫ്ളക്സ് അടിക്കുമ്പോൾ അതിൽ ഒരു മൂലയിലാ ണെങ്കിലും ഒരു ഫോട്ടോ ചേർക്കുവാൻ സാധിച്ചാൽ ആറുമാസം സംതൃപ്തിയുള്ള പ്രസന്നമുഖം! പെരുന്നാളുകളോട് ചേർന്ന് പൗരാണികതയുള്ള പല ദേവാലയങ്ങളുടെയും മനോഹരമായ മുഖവാരങ്ങൾ തകര ഷീറ്റുകൾ കൊണ്ടും വിവിധ നിറങ്ങൾ ചേർന്ന പഴയ സാരികൾ കൊണ്ടും അലംകൃതമാക്കി വികൃതമായിത്തീരുകയും ചെയ്യുന്നു! ക്രിസ്തുവിന്റെ സാക്ഷ്യം എവിടെ?

**സാക്ഷ്യത്തിന്റെ മാതൃക**

ക്രിസ്തീയ ജീവിതത്തിന്റെ മാതൃക (Pattern of Christianity) ക്രിസ്തു തന്നെ. പരിശുദ്ധനായ പൗലോസ്ശ്ലീഹാ പ്രബോധിപ്പിക്കുന്നു. 'ക്രിസ്തുവിന്റെ ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ'. (ഫിലിപ്പ്യർ 2:5). സൃഷ്ടിയുടെ പരിമിതിയിലേക്ക് ക്രിസ്തു ഇറങ്ങി വന്നത് വിനയത്തിന്റെ മകുടോദാഹരണമാണ്. സ്വയം ശിക്ഷയും മരണവും ഏറ്റെടുത്ത് പറുദീസായുടെ ഉന്നതമായ അവസ്ഥ മനുഷ്യ വംശത്തിന് യോഗ്യമാക്കിത്തീർത്തു. പ:പൗലോസ് ശ്ലീഹായ്ക്ക് സഹപ്രവർത്തകരോടുള്ള കരുതൽ, കരുണ, ആർദ്രത, മനസ്സലിവ് ഇവയെല്ലാം ആരെയും അത്ഭുതപ്പെടുത്തുന്നതായിരുന്നു. ക്രിസ്തീയ ജീവിതം സുഗന്ധപൂരിതമാക്കുന്നത് കഷ്ടതകളെ പ്രത്യാശയോടെ നേരിടുമ്പോഴാണ്. കഷ്ടതകൾ നിറഞ്ഞ ഈ ലോകത്തിൽ അത് നിത്യജീവിതത്തിന്റെ മുന്നാസ്വാദനം ആയിത്തീരുകയാണ്. 'വിശ്വാസത്തിൽ നിലനിൽക്കണമെന്നും, നാം അനേകം കഷ്ടങ്ങളിൽക്കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാണെന്നും' ആദിമ സഭ ഏകമനസ്സോടെ (അപ്പോ. 14:22) പ്രബോധിപ്പിച്ചു.

**ക്രിസ്തീയ ജീവിതത്തിന്റെ പ്രത്യാശ – രണ്ടാം വരവ്**

ക്രിസ്തുവിന്റെ രണ്ടാം വരവിന്റെ അടിസ്ഥാനം (ഫിലിപ്പ്യ 3:20) തന്റെ ഉയിർത്തെഴുന്നേൽപ്പു തന്നെയാണ്. പറവകൾക്ക് ആകാശം, മത്സ്യത്തിന് വെള്ളം, വൃക്ഷലതാദികൾക്ക് മണ്ണ് അടിസ്ഥാനങ്ങൾ ആണ്. ഒരു വിശ്വാസിയുടെ ജീവിതത്തിന്റെ അടിസ്ഥാനവും ക്രിസ്തുവിന്റെ പുനരുത്ഥാനം തന്നെ. ആരാധനയുടെ മകുടമായ വി.കുർബ്ബാന ശുശ്രൂഷയിൽ പടിഞ്ഞാറോട്ട് തിരുശരീര രക്തങ്ങൾ ഭക്തിയോടെ എഴുന്നെള്ളിക്കുന്നത് രണ്ടാമത്തെ വരവിന്റെ പ്രതീകമായിട്ടാണ്. പെരുന്നാളുകളോട് ചേർന്നുള്ള ഭക്തി നിറഞ്ഞ 'റാസ' വലിയ പെരുന്നാളാഘോഷത്തിന്റെ മുൻകുറിയും. പ്രത്യാശയുടെ പ്രകടനം ആണ് ആത്മാവിലുള്ള ആരാധനകൾ. ക്രിസ്തുവിലൂടെ ലഭ്യമായ സ്നേഹത്തിലും വിശ്വാസത്തിലും ഉറച്ച് ദൈവീക സംസർഗ്ഗം ആണ് ആരാധനയിലൂടെ ആനുഭവവേദ്യമാകുന്നത്. രക്ഷകനായ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ മരണത്തിനധീനമായ നമ്മുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ ഉയർത്തെഴുന്നേറ്റ ശരീരത്തോടു ചേർന്ന് അതിന് അനുരൂപമായി രൂപാന്തരം പ്രാപിക്കും. ക്രിസ്തീയ ജീവിതത്തിന്റെ പ്രത്യാശയുടെ (Hope of Christian Life) പൊരുളും അതുതന്നെ.

**ക്രിസ്തീയ ദൗത്യം – സന്തോഷത്തോടെയുള്ള സ്തോത്രയാഗം**

'ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയായും അപേക്ഷയാലും, നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടു കൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്'. (ഫിലിപ്പ്യ 4:6) ദൈവഹിതം എന്തെന്ന് ശ്രദ്ധിച്ച് അത് മനുഷ്യന്റെ ഇഷ്ടം ആയിത്തീരുമ്പോൾ ഒരു വ്യക്തിയിൽ ശുദ്ധീകരണം നടക്കുകയാണ്. 'നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെയെന്ന്' ആരാധനയിൽ ആവർത്തിച്ച് നാം കേൾക്കുന്നത് ഒരു ആശംസയും, പ്രാർത്ഥനയും ആണ്. സമാധാനം ഉണ്ടായിരിക്കട്ടെ എന്നതിന്റെ അർത്ഥം ഉദ്ദേശിക്കുന്നത് ശുദ്ധീകരണത്തിലായിരിക്കട്ടെ എന്നതാണ്.

ദൈവസന്നിധിയിലുള്ള സ്തോത്രാർപ്പണം നന്ദി പ്രകടനം മാത്രമല്ല, വിധേയത്വവും വെളിപ്പെടുത്തുകയാണ്. ദൈവത്തിന് അർപ്പിക്കുന്ന മഹത്വത്തിന്റെ പൂർണ്ണത എല്ലാ മാനുഷിക വ്യാപാരങ്ങളും പരസ്പര ബന്ധങ്ങളും സ്നേഹത്തിൽ വർദ്ധിച്ചു വരുമ്പോഴാണ് ലഭ്യമാകുന്നത്. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ സന്തോഷിക്കുവാനുള്ള ആഹ്വാനം വീണ്ടും വീണ്ടും ആവർത്തിക്കുന്നു. (ഫിലിപ്പ്യ 4:4). ക്രിസ്തീയ ജീവിതത്തിൽ പരമപ്രധാനമായുള്ളത് ക്രിസ്തുവിനോടു കൂടിയുള്ള സന്തോഷ ജീവിതമാണെന്നും കഷ്ടതകളുടെ ഈ ലോകത്തിൽ തന്നെ, അതിന്റെ മുൻ ആസ്വാദനം നടത്തുവാൻ കഴിയേണ്ടതാണെന്നും പ്രബോധിപ്പിക്കുന്നുണ്ട്.

ആരാധനയും, സ്തോത്ര സമർപ്പണനും, നന്ദി പ്രകടനവും, സ്നേഹവും, സന്തോഷവും, സമാധാനവുമെല്ലാം ക്രിസ്തീയ ജീവിതമാകുന്ന – ശുശ്രൂഷാ മദ്ധ്യത്തിലെ മണിനാദങ്ങൾ അത്രെ.



### വചനപരിച്ഛേദം

**ഫാ. പി. വി. ജോൺ**

# ദേവാലയം – ദൈവത്തിന്റെ ദൃഷ്ടിയും ഹൃദയവും എല്ലായ്പോഴും ഇരിക്കുന്നിടം (2:ദിന.7:14)

**വി.** മത്താ:18:4, ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെ ഞാൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റം വലിയവനാകുന്നു." അവന്റെ ചെരുപ്പുകളുടെ വാറു അഴിപ്പാൻ പോലും ഞാൻ യോഗ്യനല്ലായെന്നു പറഞ്ഞു വി.യോഹന്നാൻ സ്നാപകനെക്കുറിച്ചു കർത്താവു സാക്ഷ്യം പറയുന്നു. 'സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനേക്കാൾ വലിയവനില്ല." മനോവിനയമുള്ളവൻ മാനം പ്രാപിക്കും. സദൃ:28:23. മനോവിനയവും മനഃസ്താപവും ഉള്ളവരോടുകൂടെ ദൈവം വസിക്കുന്നു. യെശ:57:15.' താഴ്ചയുള്ളവരുടെ മനസ്സിനും മനഃസ്താപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനഃസ്താപവും മനോവിനയമുള്ളവരോടു കൂടെയും വസിക്കുന്നു. പർവ്വത പ്രസംഗത്തിൽ കർത്താവു പറഞ്ഞു: സൗമ്യതയുള്ളവൻ ഭാഗ്യവാന്മാർ അവർ ഭൂമിയെ അവകാശമാക്കും (വി.മത്താ:5:5) തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിക്കണമെന്നു പറയുമ്പോൾ താഴ്മ ധരിക്കുന്നതോടൊപ്പം പാപബോധവും സത്യഅനുതാപവും അനിവാര്യമാണെന്ന് ഈ ഭാഗം നമ്മെ പഠിപ്പിക്കുന്നു. സ്വർഗ്ഗത്തിൽ നിന്നു ഞാൻ അവരുടെ പ്രാർത്ഥനകേട്ട് അവരുടെ പാപങ്ങളെ മോചിപ്പിക്കും എന്ന് യഹോവ അരുളിച്ചെയ്തത് ശ്രദ്ധിക്കുമ്പോൾ ഈ സത്യം കുറെക്കൂടെ വ്യക്തമാക്കുന്നു.

ദൈവത്തിന്റെ മുൻപിൽ തങ്ങളെ തന്നെ താഴ്ത്തി ദൈവനാമം വിളിക്കപ്പെട്ടിരിക്കുന്ന ദൈവജനം പ്രാർത്ഥിക്കുമ്പോൾ, സ്വർഗ്ഗത്തിൽ നിന്നും പ്രാർത്ഥനകേൾക്കുകയും ദേശത്തിനു സൗഖ്യം വരുത്തുകയും ചെയ്യണമെങ്കിൽ, യഹോവയുടെ മുഖം അന്വേഷിക്കുന്നവരായിരിക്കണമെന്നതാണ് രണ്ടാമത്തെ കാര്യം. കണ്ണും അടച്ചു പ്രാർത്ഥിക്കുമ്പോൾ എന്തും തരുന്ന ഒരു ദൈവത്തെയാണ് പലരും സ്വപ്നം കാണുന്നത്. എന്നാൽ ദൈവാനുകൂലമായ ഒരു മാറ്റം ജീവിതത്തിൽ അനുപേക്ഷണീയമാണെന്ന സത്യം പലരും മറന്നു കളയുന്നു. പലപ്പോഴും നമ്മുടെ പ്രാർത്ഥനകൾക്ക് അനുകൂലമായ മറുപടി ലഭിക്കാതെ പോകുന്നതിന് ഒരു കാരണം ഈ രൂപാന്തരം ജീവിതത്തിൽ ഉണ്ടാകുന്നില്ലായെന്നതാണ്. ദൈവത്തിന്റെ മുഖം അന്വേഷിക്കുന്നവരുടെ പ്രാർത്ഥനയാണ് സ്വർഗ്ഗത്തിൽ നിന്നു കേൾക്കുന്നത്. സങ്കീർത്തനക്കാരൻ ദാവീദു പറയുന്നു. സങ്കീ:27:8, 9, എന്റെ മുഖം അന്വേഷിപ്പീൻ എന്നു നീങ്കൽ നിന്നും കല്പന വന്നു എന്ന് എന്റെ ഹൃദയം പറയുന്നു. യഹോവേ ഞാൻ നിന്റെ മുഖം അന്വേഷിക്കുന്നു. നിന്റെ മുഖം എനിക്കു മറയ്ക്കരുതേ." യഹോവയുടെ മുഖം അന്വേഷിക്കുന്നത് എന്തിന് എന്ന് സങ്കീ:27:4 ൽ ദാവീദു പറയുന്നുണ്ട്. 'ഞാൻ യഹോവയോടു ഒരു കാര്യം അപേക്ഷിച്ചു, അതുതന്നെ ഞാൻ അനുഗ്രഹിക്കുന്നു, യഹോവയുടെ മനോവീരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്ക്കാലം ഒക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിനും തന്നെ.'' സങ്കീ:105:4ൽ നാം ഇങ്ങനെ വായിക്കുന്നു!" അവന്റെ മുഖത്തെ ഇടവിടാതെ അന്വേഷിപ്പീൻ." ദൈവത്തിന്റെ മുഖം അന്വേഷിപ്പീൻ എന്നു പറയുമ്പോൾ രണ്ടു കാര്യങ്ങൾ അതിൽ അന്തർലീനമായികിടപ്പുണ്ട്. ദൈവത്തിന്റെ മുഖം മാത്രം അന്വേഷിക്കുന്നവരായി അവന്റെ ജനം മാറണം എന്നുള്ള ആഹ്വാനമാണ്. ഒന്നു. യിസ്രായേൽ ജനം ജീവനുള്ള ദൈവത്തെ ഉപേക്ഷിച്ച് വിഗ്രഹങ്ങളുടെ പുറകെ പോയതിനെയാണ് ഇതു സൂചിപ്പിക്കുന്നത്. ജീവിത പ്രതിസന്ധികളിൽ ജീവനുള്ള ദൈവത്തെയെന്നാല്ലാതെ മറ്റൊന്നിനേയും ആശ്രയിക്കരുത് എന്ന് സാരം.

തിരുമുഖം അന്വേഷിക്കുന്നവർ ആരാണെന്ന് ദാവീദ് 24–ാം സങ്കീർത്തനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. സങ്കീ:24:4–6. 'വെടിപ്പുള്ള കൈയ്യും നിർമ്മല ഹൃദയവുമുള്ളവൻ, വ്യാജത്തിനു മനസ്സുവയ്ക്കാതെയും കള്ള സത്യം ചെയ്യാതെയും ഇരിക്കുന്നവൻ അവൻ യഹോവയോടു അനുഗ്രഹവും തന്റെ രക്ഷയുടെ ദൈവത്തോടു നീതിയും പ്രാപിക്കും. ഇതാകുന്നു അവനെ അന്വേഷിക്കു

ന്നവരുടെ തലമുറ. യാക്കോബിന്റെ ദൈവമേ, തിരുമുഖം അന്വേഷിക്കുന്നവർ ഇവർ തന്നെ."

തിരുമുഖം അന്വേഷിക്കുന്നവരിൽ ഉണ്ടാകേണ്ട സാരമായ മാറ്റത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതാണ് മൂന്നാമത്തെ വസ്തുത. അവന്റെ മുഖം അന്വേഷിക്കുക മാത്രമല്ല, ദുർമാർഗ്ഗങ്ങളെ വിട്ടുതിരികയും വേണമെന്ന് അവിടെ നാം കാണുന്നു. സമൂലമായ ഒരു മാനസ്സാന്തരം ഇവിടെ ആവശ്യമായിവരുന്നു. അതാകട്ടെ ചിന്തയിലും സംസാരത്തിലും മാത്രം പോരാ; പ്രവൃത്തിയിലും, പ്രകടമാക്കണം. ആകൃത്യം വിട്ടുതിരിയാത്തവരുടെ പ്രാർത്ഥന സ്വർഗ്ഗത്തിൽ കേൾക്കുകയില്ലായെന്ന് യെശ്ശയ്യാ പ്രവാചകനിൽ കൂടെ യോഹോവ അരുളിച്ചെയ്തിരിക്കുന്നു. യെശ:1:15, "നിങ്ങൾ കൈ മലർത്തുമ്പോൾ ഞാൻ എന്റെ കണ്ണുകളെ മറച്ചു കളയും. നിങ്ങൾ എത്ര തന്നെ പ്രാർത്ഥന കഴിച്ചാലും ഞാൻ കേൾക്കുകയില്ല; നിങ്ങളുടെ കൈ രക്തം കൊണ്ടു നിറഞ്ഞിരിക്കുന്നു." നിന്നെവ..... കല്പിച്ചിരുന്ന നാശം മാറിയതിനു കാരണം അവർ ഉപവസിച്ചുവെന്നതു മാത്രമല്ല, അതോടൊപ്പം ദുർമ്മാർഗ്ഗങ്ങളെ വിട്ടുതരിയുകയും ചെയ്തുവെന്ന് യോനായുടെ പുസ്തകത്തിൽ നാം വായിക്കുന്നു. യോനാ:3:10 'അവൻ ദുർമാർഗ്ഗങ്ങളെ വിട്ടു തിരിഞ്ഞുവെന്ന് അവരുടെ പ്രവൃത്തികളിൽ കണ്ടപ്പോൾ താൻ അവർക്കുവരുത്തും എന്ന് അരുളിചെയ്തിരുന്ന അതത്;...... ക്കുറിച്ചും ദൈവം അനുതപിച്ചു; അതു വരുത്തിയതുമില്ല.

ദൈവത്തിന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന ദൈവജനം തങ്ങളെതന്നെ താഴ്ത്തി പ്രാർത്ഥിച്ചു ദൈവത്തിന്റെ മുഖം മാത്രം അന്വേഷിച്ചു തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടു തിരിയുമ്പോൾ, അവരുടെ പ്രാർത്ഥന സ്വർഗ്ഗത്തിൽ നിന്നു കേട്ടു മറുപടിലഭിക്കുന്നു. അവരുടെ പാപങ്ങൾ ക്ഷമിക്കുന്നു. അവരുടെ ദേശത്തിനു സൗഖ്യം വരുത്തുന്നു. ദൈവജനം എപ്പോഴും ദേശത്തിനു ഒരു അനുഗ്രഹമായിരിക്കണം. അബ്രഹാമിനെ യഹോവ വിളിച്ചു വേർതിരിച്ചു അനുഗ്രഹിക്കുമ്പോൾ പറയുന്ന: ഉല്പ:12:2,3' നീ ഒരു അനുഗ്രഹമായിരിക്കും...... നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും." ദൈവത്തിന്റെ ആലയത്തിൽ ചെന്ന് അവന്റെ മുഖത്തുനോക്കി ആരാധിക്കുന്ന സത്യാരാധകർക്കുലഭിക്കുന്ന ഭാഗ്യാതിരേകം മറ്റെങ്ങുനിന്നും ലഭിക്കുകയില്ല. അതാകട്ടെ ദേശത്തിനു മുഴുവൻ സൗഖ്യം വരുത്തുന്നതായി പരിണമിക്കുന്നുവെന്നതാണ് ദേവാലയ ആരാധനയുടെ മഹത്വം. 2:ദിന:7:15, 16. 'ഈ സ്ഥലത്തു കഴിക്കുന്ന പ്രാർത്ഥനയ്ക്ക് എന്റെ കണ്ണു തുറന്നിരിക്കുകയും എന്റെ ചെവി ശ്രദ്ധിച്ചിരിക്കുകയും ചെയ്യും. എന്റെ നാമം ഈ ആലയത്തിൽ ഇരിക്കേണ്ടതിന് ഞാൻ ഇപ്പോൾ അതിനെ തെരഞ്ഞെടുത്ത് വിശുദ്ധീകരിച്ചിരിക്കുന്നു. എന്റെ ദൃഷ്ടിയും എന്റെ ഹൃദയവും എല്ലായ്പ്പോഴും അവിടെ ഇരിക്കും." ദൈവം സർവ്വ വ്യാപിയായതിനാൽ എവിടെ ഇരുന്നു എങ്ങനെ പ്രാർത്ഥിച്ചാലും ദൈവം കേൾക്കും എന്നു കരുതുകയും വിശ്വസിക്കുകയും ചെയ്യുന്നവർ ഈ വാക്യങ്ങൾ ശ്രദ്ധാപൂർവ്വം പഠിക്കട്ടെ. ദൈവാലയത്തിലെ അഭൗമമായ ആരാധനയുടെ മഹത്വം അപ്പോൾ വെളിപ്പെടും. ദൈവത്തിന്റെ ദൃഷ്ടിയും ഹൃദയവും ഇരിക്കുന്ന ദേവാലയം ഉപേക്ഷിച്ചു പോകാൻ ഇടയാക്കുകയില്ല. അങ്ങനെ ദൈവജനമായി തീരുവാൻ സംഗതിയാകട്ടെ.

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാം ദൈവീക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതീക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

**ആനി, ഓതറ**

## വിശദീകരണ യോഗം നടത്തി



സഭാ കേസുകളെ സംബന്ധിച്ചുള്ള അന്തിമ വിധിയെ സംബന്ധിച്ച് മാന്തളിർ സെന്റ് തോമസ് ഓർത്തഡോക്സ് ദേവാലയത്തിന്റെ കുളനട സെന്റ് ജോർജ്ജ് ചാപ്പലിൽ വെച്ച് വിശദീകരണ യോഗം നടത്തി. യോഗത്തിൽ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് അദ്ധ്യക്ഷത വഹിച്ചു. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. വൈദീക ട്രസ്റ്റി ഫാ. ഡോ. എം. ഒ. ജോൺ, ഡോ. എൻ. കുര്യൻതോമസ്, അസ്സോസിയേറ്റ് സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ഫാ. കൊക്കാപ്പറമ്പിൽ, ഫാ. മാത്യു വർഗീസ് എന്നിവർ പ്രസംഗിച്ചു.



**എവൻഗേലിയോൻ ചിന്തകൾ**

**ഫാ. സ്റ്റീഫൻ വർഗീസ്, കുടശ്ശനാട്**

# വചനാമൃതം

### സെപ്റ്റംബർ 24
### സ്ലീബാ പെരുന്നാളിന് ശേഷം 2–ാം ഞായർ
**വേദഭാഗം വി.മത്തായി 16:5–12**

തെറ്റായ ഉപദേശത്തെ സൂക്ഷിച്ച് കൊൾവാന ത്രെ ഇന്നത്തെ വേദഭാഗത്തിന്റെ പ്രധാന സന്ദേശം. ഇസ്ലാമിക തീവ്രവാദം യുവാക്കൾക്ക് "വിശുദ്ധ യുദ്ധത്തിൽ " ആഹ്വാനം ചെയ്യുന്നുണ്ട്. ഇത് തെറ്റായ ഉപദേശങ്ങളുടെ ആഹ്വാനം ആണ്. ഇസ്ലാമിന്റെ ദൈവത്തെ സ്വീകരിക്കാത്തവരെല്ലാം അല്ലാഹുവിന്റെ ശത്രുക്കളായാണ് പരിഗണിക്കുന്നത്. അല്ലാഹു മാത്രമെ ദൈവമായുള്ളു. അതിൽ വിശ്വസിക്കാത്തവരെ നശിപ്പിക്കാനുള്ള ചാവേറുകളാകണം (...........) എന്നത് ഇക്കൂട്ടരുടെ ഉപദേശമത്രെ. ചാവേറുകളാകുന്ന ആളുകൾക്ക് ലഭിക്കുന്ന പ്രതിഫലങ്ങൾ ഇവർ പഠിപ്പിക്കുന്നുണ്ട്.

1. എല്ലാ പാപങ്ങളിൽ നിന്നുള്ള മോചനം
2. പറുദീസായിൽ അവന്റെ സ്ഥാനം സംവരണം ചെയ്തിരിക്കുന്നു.
3. വിശുദ്ധ മുത്തുകൾ കൊണ്ടുള്ള കിരീടം
4. പറുദീസായിൽ 72 കന്യകമാരെ ഭാര്യമാരായി കിട്ടും
5. കബറിടത്തിലെ സഹനത്തിൽ നിന്നുള്ള മോചനം
6. വിധിദിനത്തിന്റെ ഘോരതയിൽ നിന്നുള്ള മോചനം
7. സ്വന്തം കുടുംബത്തിൽ നിന്ന് 70 അംഗങ്ങളെ പറുദീസായ്ക്ക് കൂട്ടിക്കൊണ്ട് പോകാനുള്ള അനുവാദം.

മറ്റുള്ളവരെ നശിപ്പിക്കുന്ന പ്രബോധനം നൽകുന്ന കള്ളപ്രവാചകന്മാരെയാണ്, ഇത് പോലെയുള്ള ഇസ്ലാമിക ക്ലാസ്സുകളിൽ ദർശിക്കാൻ കഴിയുക.

(1) പരീശരുടെ സാദൂക്യരുടെയും പ്രബോധനങ്ങൾ സമൂഹത്തെ മുഴുവൻ സ്വാധീനിച്ച് അതിനെ തിന്മകൊണ്ട് നിറയ്ക്കുന്നു. "പുളിമാവ് പിണ്ഡം മുഴുവൻ പുളിപ്പിക്കുന്നു." എന്ന് പറയുമ്പോൾ ഇതാണ് അർത്ഥമാക്കുന്നത്.

സഭയിലെ പൗരോഹിത്യ ശുശ്രൂഷകർ ശ്രദ്ധിക്കേണ്ടതായ സന്ദേശം ആണ് ഇത്. ദൈവകല്പനയ്ക്ക് വിരോധമായി തെറ്റായ ഉപദേശം നൽകി അത് സഭയുടേയും മറ്റും പാരമ്പര്യമാണ് എന്ന് പഠിപ്പിക്കുന്ന പൗരോഹിത്യസ്ഥാനികൾ ഇന്ന് സഭയിൽ ഇല്ലാതില്ല. ഇക്കൂട്ടർ ദൈവസന്നിധിയിൽ അനുതാപത്തോടെ തിരിച്ച് വരേണ്ടിയിരിക്കുന്നു.

(2) ക്രൈസ്തവ ജീവിതം അല്പവിശ്വാസത്തിന്റേതല്ല.

ശിഷ്യസമൂഹം കർത്താവിന്റെ വചനത്തിന്റെ ആഴമായ പൊരുൾ തിരിച്ചറിഞ്ഞില്ല. "പുളിച്ച മാവ് സൂക്ഷിച്ചുകൊള്ളുവിൻ" എന്ന ഉപദേശം തെറ്റായ വ്യാഖ്യാനങ്ങളോട് അകലം പാലിക്കാനാണ് നിർദ്ദേശിക്കുന്നത് തിന്മകളിൽ നിന്ന് അകലം പാലിക്കാത്തവനാണ് – ക്രിസ്ത്യാനി.

കർത്താവിന്റെ അത്ഭുതം – ശേഷിപ്പുകൾ നമ്മുക്ക് നൽകുന്നുണ്ട്. അനേകർ സംതൃപ്തരായി പോയിടും, ശിഷ്യന്മാർ മാത്രം അല്പ വിശ്വാസത്തിലേക്ക് വഴുതി മാറിയത് – ദുഃഖത്തിന് ഇടം നൽകുന്നതാണ്. മനുഷ്യനെ നശിപ്പിക്കുന്ന ഉപദേശത്തെക്കാൾ ജീവനെ കൊടുക്കുന്ന പഠിപ്പിക്കലുകൾ നമ്മുക്ക് ഉണ്ടാകണം.

കുറിപ്പ്: **"മതത്തിന്റെ ഭൗതികത മനസ്സിലാക്കാതെ മതവിശ്വാസിയായിരിക്കുന്നതാണ് അപകടം" (സക്കറിയ, കലാകൗമുദി 2002)**

### ഒക്ടോബർ 1
### സ്ലീബാപെരുന്നാളിന് ശേഷം 3–ാം ഞായർ
**വേദഭാഗം : വി. ലൂക്കോസ് 16:1–13**

വി.ലൂക്കോസിന്റെ സുവിശേഷം "ദരിദ്രരുടെ സദ്യാർത്ത " എന്ന വിശേഷിപ്പിക്കുന്നുണ്ട്. ധനികന്മാരെ ദരിദ്രർക്കായി നിയോഗിക്കപ്പെട്ടിരിക്കുന്നു എന്ന സന്ദേശം വിളിച്ചോതുന്ന സന്ദേശങ്ങൾ വി.ലൂക്കോസിന്റെ സുവിശേഷങ്ങളിലുണ്ട്. സമ്പന്നർക്കായി ദൈവരാജ്യം കണ്ടെത്താൻ കഴിയും. അവർ സമ്പത്ത് ദരിദ്രർക്കായി ദാനം ചെയ്യുകയാണെങ്കിൽ – എന്നാണ് വി.ലൂക്കോസിന്റെ പക്ഷം.

"ബങ്കർ – 13 " എന്ന നോവൽ എഴുതിയ ബഹൽ എന്ന പത്രപ്രവർത്തകൻ 1997–ൽ ക്രക്കറ്റ് ലോകത്തെ വാതുവെപ്പിനെപ്പറ്റി ലോകത്തെ അറിയിച്ചത് നമ്മൾ ഓർക്കേണ്ടതാണ്. അതിന് മുമ്പേ "തെഹൽക്കാ" അഴിമതി പുറത്ത് വന്നു "സ്വദേശി പാർട്ടി" എന്ന പേരിൽ ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചവർ പിന്നീട് ബി.ജെ.പി. പ്രസിഡന്റ് കൈക്കൂ

ലി ചോദിക്കുന്നതും, വാങ്ങുന്നതും വീഡിയോയിൽ പകർത്തി, ബഹൽ ടെലിവിഷനിലൂടെ ലോകത്തെ അറിയിച്ചു. അതിന് പിന്നീടായി പ്രതിരോധ മന്ത്രി ജോർജ്ജ് ഫെർണാണ്ടസ് രാജി വെയ്ക്കേണ്ടി വന്നു. ഇക്കൂട്ടർ പണം കൈകാര്യം ചെയ്തതിൽ അവിശ്വസ്തത കാണിച്ചു.

ഇതിന് സദൃശ്യമായ വിവരണമാണ് ഇന്നത്തെ വേദഭാഗം നൽകുന്നത്. ഒരു ധനവാനും അയാളുടെ കാര്യസ്ഥനും ആണ് കഥയിലെ കഥാപാത്രങ്ങൾ ധനവാന്റെ അസാന്നിധ്യത്തിൽ കാര്യസ്ഥൻ സ്വത്ത് ദുർവ്യയം ചെയ്തുവെന്ന് പരാതികിട്ടി. കിളയ്ക്കുവാൻ ശേഷിയില്ല; ഇരപ്പാൻ ലജ്ജയുള്ളവനായ കാര്യസ്ഥൻ, തനിക്ക് സംഭവിക്കാൻ പോകുന്ന ദുരന്തത്തെ മുന്നിൽ കണ്ട് കൗശലത്തോടെ പ്രവർത്തിക്കുന്നു. അയാൾ തന്റെ യജമാനന്റെ കടക്കാരായാ എല്ലാവരോടും കടച്ചീട്ട് വാങ്ങി അത് ഇടച്ചു കൊടുക്കുന്നു.

കാര്യസ്ഥന്റെ ഈ പ്രവർത്തിയെപ്പറ്റി വ്യത്യസ്ത വീക്ഷണങ്ങൾ വ്യാഖ്യാനങ്ങൾ നിലവിലുണ്ട്.

(1) കാര്യസ്ഥൻ കടക്കാരുടെ കടം ഇളച്ചുകൊടുത്തതുകൊണ്ട് യജമാനനെ ചതിച്ചു.

(2) പലിശയാണ് ഇളച്ച് കൊടുത്തത് എന്ന് ഒരു പക്ഷം

(3) കാര്യസ്ഥന് ന്യായമായി ലഭിക്കേണ്ട കമ്മീഷനാണ് എന്നാണ്.

യേശുതമ്പുരാൻ ഈ കാര്യസ്ഥനെ " നീതിരഹിതനായ കാര്യസ്ഥൻ" എന്നാണ് വിശേഷിപ്പിക്കുന്നത്. ആയതിനാൽ യജമാനനെ ചതിച്ച കാര്യസ്ഥനാണ് എന്നാണ് കൂടുതൽ ചേരുന്നത്. എന്നാൽ ഈ കാര്യസ്ഥന്റെ "കൗശലത്തെ" - യേശുതമ്പുരാൻ ശ്രദ്ധിക്കുന്നു. അവിശ്വസ്തനും നീതിരഹിതനുമായ കാര്യസ്ഥനാണ് അദ്ദേഹം എങ്കിലും അയാളുടെ ബുദ്ധിശക്തിയെയും വിവേകത്തേയും ശ്രദ്ധിച്ചേ മതിയാകൂ.

ക്രൈസ്തവ ജീവിതത്തിൽ വിവേകം കാണിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ദൈവ ഭരണത്തിന് മുമ്പിൽ നാം അവിശ്വസ്തരായിരുന്നിരിക്കാം. അധാർമ്മികമായ സമ്പാദ്യം നമ്മുക്കുണ്ടായിരിക്കാം. ആ സമ്പത്തുകൊണ്ട് സ്നേഹിതന്മാരെ നേടണം. അവിശ്വസ്തനായ കാര്യസ്ഥൻ കടം ഇളച്ച് കൊടുത്ത് സ്നേഹിതരെ നേടിയതുപോലെ, അധാർമ്മക സമ്പത്തുകൾകൊണ്ട് സ്നേഹിതന്മാരെ നേടാനായി നമ്മൾക്ക് കഴിയണം.

ധനികനായ സക്കായി/വി.ലൂക്കോസ് 19:1-10), ഇതുപോലെ സ്നേഹിതനെ ഉണ്ടാക്കിയ യേശുഭക്തനാണ്.

കുറിപ്പ്: **'എപ്പോഴും മലമുകളിലേക്ക് കയറിക്കൊണ്ടിരിക്കാനുള്ള ഒരു ദാഹത്താൽ ഞാൻ തപ്തനായിരിക്കുന്നു. അതേ, മുകളിലേക്ക് കയറുക - അങ്ങനെ കയറിക്കൊണ്ടേയിരിക്കുമ്പോഴാണെന്റെ വിശ്രമവും!**

**- ഹരീന്ദ്രനാഥ് ചതോപദ്ധ്യായ**

## ഒക്ടോബർ 8
## സ്ലീബാ പെരുന്നാളിന് ശേഷം 3-ാം ഞായർ
**വേദഭാഗം: വി.ലൂക്കോസ് 12:13-21**

ധനികനായ ഒരു മനുഷ്യൻ സംഭവിക്കുന്ന പരാജയത്തിന്റെ ഭാവം കർത്താവ് വിവരിക്കുകയാണിവിടെ. ഈ ധനികനായ മനുഷ്യന്റെ ഭൂമി നന്നായി വിളഞ്ഞു. അപ്പോൾ അവൻ : ഞാൻ എന്തു ചെയ്യേണ്ടു? ഇത് ഒരു വല്ലാത്ത ചോദ്യമാണ്. കാരണം ദൈവം സമൃദ്ധിയായി നൽകിയപ്പോൾ എന്താണ് ചെയ്യേണ്ടത് എന്നറിയുന്നില്ല വകതിരിവും വിവേകവും നഷ്ടപ്പെട്ട മനുഷ്യനാണ് ഇദ്ദേഹം!

ഒരിക്കൽ ഒരു കഥ വായിച്ചതോർക്കുന്നു. ഒരു കോടീശ്വരനായ ഒരു വ്യക്തി ഭൗതിക സ്വത്തുകൾ ധാരാളം ഉണ്ടായിരുന്നു. പക്ഷേ സന്തോഷം മാത്രം അയാൾക്കറിയില്ല. സന്തോഷം കിട്ടാൻ പലവഴികളും അന്വേഷിച്ചു. പല മഹാന്മാരെയും വിശുദ്ധരേയും ഒക്കെ ചെന്ന് കണ്ടു ആരോ ഒരാൾ പറഞ്ഞു കൊടുത്തു - "നസ്റുദ്ദീൻ മുള്ളയെ ചെന്ന് കാണാനായിട്ട്."

ഒരു സഞ്ചി നിറയെ ആഭരണങ്ങളും പണവുമായി അയാൾ മുള്ളയുടെ അടുക്കലെത്തി. ഒരു വൃക്ഷത്തണലിൽ വിശ്രമിക്കുകയായിരുന്ന മുള്ളയോട് ധനാഢ്യനായ ഈ മനുഷ്യൻ പറഞ്ഞു "പ്രഭോ എനിക്ക് എല്ലാ സമ്പദ് സൗകര്യങ്ങളുമുണ്ട്; എന്നാൽ എനിക്ക് സന്തോഷമോ സമാധാനമോ ജീവിതത്തിലില്ല എനിക്ക് സമാധാനം തരണം".

മുള്ള ആ മനുഷ്യനെ സൂക്ഷിച്ച് നോക്കി, ധനാഢ്യനായ മനുഷ്യന്റെ കയ്യിലുണ്ടായിരുന്ന ബാഗ് കരസ്ഥമാക്കി മുള്ള ഓടി. ധനാഢ്യനായ മനുഷ്യനും പുറകെ ഓടി. പട്ടണങ്ങളിലെ ഊടുവഴികളും എല്ലാം ഓടിയെങ്കിലും മുള്ളയെ പിടിക്കാനായി സാധിച്ചില്ല. ധാരാളം ആളുകളും ദനാഢ്യനായ മനുഷ്യന്റെ അടുത്തുകൂടിയിട്ടുണ്ട്. പാതയോരത്ത് തളർന്നും തകർന്ന മനസ്സുമായി ഈ മനുഷ്യൻ ഇരിക്കയാണ്. അപ്പോഴേക്കും മുള്ള അവിടെയെത്തി. അയാൾക്ക് ബാഗ് തിരികെ നൽകി അയാൾ പറഞ്ഞു, "സമാധാനമായി, സന്തോഷംഷം. മുള്ള പറഞ്ഞു, "ആ ബാഗ് നിങ്ങളുടെ കയ്യിലിരുന്നപ്പോൾ നിങ്ങൾക്ക് അസമാധാനം, നഷ്ടപ്പെട്ട്, തിരിച്ച് കിട്ടിയപ്പോൾ സന്തോഷം." നഷ്ടപ്പെടലും, തിരിച്ചുകിട്ടലും വേണം സന്തോഷം ലഭിക്കണമെങ്കിൽ . അസമധാനത്തിന്റെ ഭാഗമാണ് സമാധാനം. സമാധാനത്തിന്റെ ഭാഗം അസമാധാനവും. അസ്വസ്തത സ്വസ്ത്തയുടെ ഭാഗം. നഷ്ടപ്പെടൽ ആനന്ദത്തിന്റെ ഭാഗം. ശാന്തി അശാന്തിയുടെ ഭാഗം, ആശാന്തി ശാന്തിയുടെ ഭാഗവും ആണ്. ഇവിടെ ധനവാനായ മനുഷ്യൻ വിഡ്ഢിയാണ്. യഥാർത്ഥ ധനം അയാൾ കരസ്ഥമാക്കിയില്ല എന്നതാണ് ധനവാന്റെ ഭോഷത്വം.

ദൈവം മരണത്തെപ്പറ്റി സൂചിപ്പിക്കുന്നതു

വരെ അയാൾ തന്റെ സമ്പത്തിനെപ്പറ്റി മാത്രം ചിന്തിക്കുന്നു. അയാളുടെ ജീവിതത്തിന്റെ ഏകലക്ഷ്യം കൃഷി സ്ഥലവും വിളവും, കളപ്പുരകളും മാത്രമാണ്.

സമ്പത്തുള്ളവന്റെ ചിന്ത മറ്റാരും തനിക്ക് സഹായത്തിന് വേണ്ട എന്നതാണ്. കുടുംബാഗങ്ങളുടെ സ്നേഹത്തിന്റെ ഊഷ്മളതയോ സുഹൃദ്ബന്ധങ്ങളുടെ കരുതൽ സ്നേഹമോ ധനവാനായ മനുഷ്യൻ ആഗ്രഹിക്കുന്നില്ല. ഔദാര്യത്തിന്റെ വിപരീതമാണല്ലോ അത്യാഗ്രഹം. അത്യാഗ്രഹത്തിന്റെ നീരാളിപ്പിടുത്തം ഈ മനുഷ്യനെ വേണ്ടുവോളം ഗ്രസിച്ചിട്ടുണ്ട്. തന്നെക്കാൾ ഹതഭാഗ്യരായവരുടെ ഭാഗധേയമൊന്നും അയാളുടെ മനസ്സിൽ കടന്നു വരുന്നില്ല. സാമൂഹ്യ ഉത്തരവാദിത്വങ്ങൾ മറക്കുന്ന ധനാഢ്യൻ ഭോഷനാണ്.

"തിന്നു കുടിച്ച് ആനന്ദിക്കുക" എന്ന തത്വചിന്തയുടെ അല്പത്വം സ്വന്തം ജീവിതത്തിന്റെ ആനന്ദത്തിൽ മാത്രം കണ്ണുനട്ടിരിക്കുന്നവൻ. എപ്പിക്യൂരിയൻ തത്വ ചിന്തയുടെ അടിസ്ഥാനത്തിൽ ജീവിക്കുന്നവനാണ്.

നഷ്ടപ്പെടാൻ ആഗ്രഹിക്കാത്തവന് കിട്ടാനും അർഹതയില്ല. ദൈവസന്നിധിയിൽ സമ്പന്നനാകാൻ പണം മാത്രം പോരാ. മനുഷ്യരെപ്പറ്റി ചിന്ത വേണം. കാരണം, ദൈവത്തിന്റെ ഒരേയൊരു ചിന്ത മനുഷ്യനാണ്.

കുറിപ്പ്: **"കേരളം നല്ലൊരു സ്ഥലമാണ്. പക്ഷെ, അവിടെ മലയാളികൾ എന്നൊരു കൂട്ടരുണ്ട്."**
**– സച്ചിദാനന്ദൻ**

## ഒക്ടോബർ 15
## സ്ലീബാ പെരുന്നാളിനേ ശേഷം 5–ാം ഞായർ
**വേദഭാഗം: വി. മത്തായി 23:1–12**

ഇന്ത്യൻ പ്രധാമന്ത്രി ആയിരുന്ന അടൽ ബിഹാരി ബാജ്പേയ് ഒരിയ്ക്കൽ അമർഷത്തോടെ ഒരു വാക്ക് ഉപയോഗിച്ചു. "പാഗൽ ഹെയ്ൻ"! എന്തൊരു ഭ്രാന്താണിത്! എന്തൊരു സ്വഭാവമാണിത്.! ക്രിസ്ത്യാനികൾക്കെതിരെയുള്ള ആക്രമങ്ങളുടെ ഭാഗമായി രാജ്യത്ത് പല സ്ഥലങ്ങളിലായി അക്രമവും അരാജകത്വവും കണ്ടപ്പോൾ അദ്ദേഹം പറഞ്ഞതാണ് ഈ വാക്ക്. ഇന്ത്യുടെ അന്നത്തെ അറ്റോർണി ജനറൽ ആയിരുന്ന സോളി സൊറാബ്ജിയാണ് ഇത് വെളിപ്പെടുത്തിയത്.

ഇന്ത്യയുടെ പ്രധാമന്ത്രി കസേരയിലിരുന്ന് അപലപിച്ചാൽ മാത്രം മതിയായിരുന്നോ? നടപടിയെടുക്കേണ്ടതായിരുന്നില്ലേ? യേശു "നീതിമാനെന്ന്" അറിഞ്ഞിട്ടും മരണത്തിന് ഏൽപ്പിച്ചു കൊടുത്ത പീലാത്തോസിന്റെ പിൻഗാമിയായിട്ടാണോ ഇരിക്കേണ്ടത്? പറയുന്നതല്ലാതെ പ്രവർത്തിക്കുന്നില്ല ഇക്കൂട്ടർ.

മതവിശ്വാസികൾക്കും മതനേതാക്കൾക്കും എതിരെയുള്ള യേശുവിന്റെ ആരോപണവും ശക്തിയുള്ളതാണ്. അധാർമ്മികതയും കപടതയും ജനങ്ങളുടെ മുമ്പാകെ നിരത്തിവെച്ച് വിസ്തരിക്കുകയാണ് യേശു. ജനങ്ങളുടെ ഇടയിൽ തീയിടാൻ തന്നെ യേശു തീരുമാനിക്കുകയാണ്. വിപ്ലവാത്മകമായ പ്രഖ്യാപനം നടത്തുന്നു.

"അവർ ഘനമുള്ള ചുമടുകളെ കെട്ടി മനുഷ്യരുടെ തോളിൽ വയ്ക്കുന്നു.; ഒരു വിരൽകൊണ്ടു പോലും അവയെ തൊടുവാൻ അവർക്ക് മനസ്സില്ല." (വാ. 4, 5)

"അവർ പറയുന്നതല്ലാതെ ചെയ്യുന്നില്ലല്ലോ." (വാ. 3)

പരീശരും ശാസ്ത്രിമാരും പറയുന്നത് അനുസരിക്കുവീൻ; എന്നാൽ അവർ പ്രവർത്തിക്കുന്നത് പോലെ ആകരുത്. കാരണം മനുഷ്യർ ജീവിക്കാൻ അനുവദിക്കാതെ ദൈവത്തിന്റെ പേരിൽ ദുർവഹമായ ചുമടുകളാണ് പുരോഹിതന്മാർ ദൈവജനത്തിന്റെ മേൽ കെട്ടിവയ്ക്കുന്നത്. പരിവുകളെ കുറിച്ചല്ലാതെ ദൈവവചനത്തെക്കുറിച്ച് പറയാൻ വി. കുർബ്ബാനകൾക്കിടയിലും അവർക്ക് കഴിയുന്നില്ല.

യേശുതമ്പുരാൻ പുതി ഒരു 'മതവീക്ഷണം' മുമ്പോട്ടു വയ്ക്കുകയാണ്.

"നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷകൻ ആകേണം." ക്രിസ്തുവിന്റെ മുമ്പിലെ വലിപ്പം ശുശ്രൂഷകനായി ഇരിക്കുന്നതിലെ മഹത്വം ഉൾക്കൊള്ളുന്നവനാണ് ലഭിക്കുന്നത്. ക്രിസ്ത്യാനികൾക്കിടയിലെ ക്രിസ്തു ആഡംബരങ്ങളിലും, പദവികളിലും സ്ഥാനമഹിമയിലും നിൽക്കുകയാണ്. എന്നാൽ ക്രിസ്തുവിന്റെ ഉള്ളിലെ ക്രിസ്തുവോ വിശക്കുന്നവന് അപ്പം കൊടുക്കുവാൻ യാത്ര ചെയ്യുന്നവനാണ്. രോഗിയെ സൗഖ്യമാക്കുന്നവനാണ്. മനസ്സു തകർന്നവരെ ആശ്ലേഷിച്ച് സ്വാന്ത്വനിപ്പിക്കുന്നവനാണ്.

പറയുന്നവ പ്രവർത്തിക്കുന്നവനാണ് ക്രിസ്തു. അങ്ങനെയാകണം ക്രിസ്ത്യാനിയും പറയുന്ന വാക്കും പ്രവർത്തിയും തമ്മിലുള്ള അന്തരം കുറച്ചു കാണിക്കുന്നവനാണ് ക്രിസ്തുവിന്റെ കൂട്ടുകാരനും, ഭക്തനും.

ക്രിസ്തുവിന്റെ കാലത്തിലെ പുരോഹിത ശുശ്രൂഷ കണ്ടിട്ട് മനംമടുത്തിട്ടാണ് യേശു രൂക്ഷമായ ഭാഷയിൽ ഇപ്രകാരം പ്രതികരിക്കുന്നത്.

ഇന്നും കർത്താവിന്റെ വിമർശനങ്ങൾക്ക് പ്രസക്തിയുണ്ടോ? ഇത് ചിന്തിക്കേണ്ടതാണ്. കർത്താവിന്റെ മുമ്പിൽ ഒരു ഇയ്യോബിനെപ്പോലെ ജീവിക്കാൻ നമുക്ക് കഴിയുമോ? ഒരു യോഹന്നാൻ സ്നാപകനായി നമുക്ക് രൂപാന്തരം പ്രാപിക്കാൻ കഴിയുമോ?

**കുറിപ്പ്:**
**"ഒറ്റപ്പെട്ട മനുഷ്യൻ മഹത്തായ ഒരാശയമാണ്."**
**ഷൗക്കത്ത് ഉസ്മാൻ**
**(അടിമയുടെ ചിരി എന്ന നോവലിൽ നിന്ന്)**

# മർത്തമറിയം സമാജം പരീക്ഷാ സഹായി

**ബൈബി**ളിലും ഡോ.യൂഹാനോൻ മാർത്തേവോദോറസ് മെത്രാപ്പോലീത്താ രചിച്ച് "അനുതാപത്തിന്റെ ആർത്ത നാദം" എന്ന കൃതിയും ആസ്പദമാക്കിയ പഠനം)

1. യോനായുടെ ജന്മ സ്ഥലം ഏത്? ഗത്ഹേഫർ
2. യോനാ ഏതു ജാതിക്കാരൻ? എബ്രായൻ
3. യോനായുടെ പുസ്തകത്തിലെ പ്രധാന വാക്യം ഏത്? 4:11
4. തർശീശിലേക്ക് പോകേണ്ടതിനു യോന എത്തിച്ചേർന്ന സ്ഥലം ഏത്? യാഫോവ്
5. ഓടാമ്പലുകളാൽ സദാകാലത്തേക്കും അടച്ചിരുന്നത് എന്താണ്? ഭൂമി.
6. ആരെ ഭജിക്കുന്നവരാണ് തങ്ങളോട് ദയാലുവായവനെ ഉപേക്ഷിക്കുന്നത്? മിഥ്യാബിംബങ്ങളെ
7. ഓരോരുത്തൻ താന്താന്റെ ദുർമാർഗവും താന്താന്റെ കൈക്കലുള്ള സാഹസവും വിട്ടു മനം തിരിയണം എന്നു പരസ്യമാക്കിയത് ആര്? നിനെവെയിലെ രാജാവ്
8. യോനാ കുടിൽ ഉണ്ടാക്കിയത് എവിടെ? നിനെവെ നഗരത്തിന്റെ കിഴക്കു വശത്ത്.
9. സൂര്യനുദിച്ചപ്പോൾ ദൈവം കല്പിച്ചു വരുത്തിയത് എന്ത്? അത്യുഷ്ണമുള്ളൊരു കിഴക്കൻ കാറ്റ്.
10. നാല് അദ്ധ്യായങ്ങളും 48 വാക്യങ്ങളും ഉള്ളതും ബൈബിളിലെ 32-ാമത്തേതുമായ യോനായുടെ പുസ്തകത്തിന്റെ ആരംഭ പദം ഏത്? അമിത്ഥാ
11. പ്രായോഗിക മാനസാന്തരത്തെ സൂചിപ്പിക്കുന്ന ഗ്രീക്കു പദം? എപ്പിസ്ത്രെഫെയിൻ
12. ആന്തരിക മാനസാന്തരത്തെ സൂചിപ്പിക്കുന്ന ഗ്രീക്കു പദം? മെറ്റാനോയിൻ
13. രചനാ കാലം ഏത്? ചരിത്രഗ്രന്ഥമെങ്കിൽ ബി. സി.780ലും ഉപമയാണെങ്കിൽ ബി.സി.350 നും ബി. സി.250 നും ഇടയിലും രചിക്കപ്പെട്ടു
14. 'അമിത്ഥാ' എന്ന പദത്തിന്റെ അർത്ഥം? എന്റെ സത്യം
15. 'മിഷൻ' എന്ന പദത്തിന്റെ അർത്ഥം? അയക്കുക
16. 'മിഷൻ' എന്ന പദം ഏതു വാക്കിൽ നിന്നും രൂപം കൊണ്ടു? മിറ്റോ എന്ന ലത്തീൻ പദത്തിൽ നിന്നും.
17. 'കാറാ' എന്ന പദത്തിന്റെ അർത്ഥം? വിളിക്കുക (എബ്രായാ പദം)
18. 'ബാഹാർ' എന്ന പദത്തിന്റെ അർത്ഥം? തെരഞ്ഞെടുക്കുക ( ")
19. 'കാലെയോ' എന്ന പദത്തിന്റെ അർത്ഥം? വിളി, ആഹ്വാനം (ഗ്രീക്കു പദം)
20. 'തർശീശ്' എന്ന പദത്തിന്റെ അർത്ഥം? കടൽ, ആനന്ദത്തെപ്പറ്റിയുള്ള ധ്യാനം
21. 'തെഹോം' എന്ന പദത്തിന്റെ അർത്ഥം? ആഴി
22. 'സൂഫ് എന്ന പദത്തിന്റെ അർത്ഥം? കടൽപുല്ല്
23. 'സോറ്റേറിയ' എന്ന പദത്തിന്റെ അർത്ഥം? രക്ഷ
24. 'സോസെയിൻ' എന്ന പദത്തിന്റെ അർത്ഥം? രക്ഷിക്കുക
25. 'പൗരസ്ത്യ ചിന്തയിൽ' 'രക്ഷ'യെ വിശേഷിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന പദം? ദൈവീകരണം (തെയോസിസ്)
26. നിനെവെയെ മഹത്തായ നഗരം എന്നു എത്ര പ്രാവശ്യം വിശേഷിപ്പിച്ചിരിക്കുന്നു? 4
27. അനുതാപത്തിന്റെ ആയുധങ്ങൾ ഏവ? ഉപവാസവും, രട്ടും.
28. യോനാ എത്ര പ്രാവശ്യം മരിക്കുന്നതിന് ആഗ്രഹിച്ചു? 2 പ്രാവശ്യം
29. നിനെവെയിലെ ജനസംഖ്യ എത്ര ആയിരുന്നു? 1,20,000 ൽ ചില്വാനം
30. യോനാ നിനെവെ നഗരത്തിൽ കടന്നു ഒരു ദിവസത്തെ വഴി ചെന്നു ഘോഷിച്ചു പറഞ്ഞത് എന്ത്? ഇനി 40 ദിവസം കഴിഞ്ഞാൽ നിനെവെ ഉന്മൂലനമാകും.
31. 'നീ ആവണക്കു നിമിത്തം കോപിക്കുന്നതു വിഹിതമോ' എന്ന യഹോവയുടെ ചോദ്യത്തിന് യോനാ നൽകിയ മറുപടി എന്ത്? 'ഞാൻ മരണ പര്യന്തം കോപിക്കുന്നതിന് വിഹിതം തന്നെ.
32. ദൈവം നിനെവെ നിവാസികളെ വിശേഷിപ്പിച്ചതെങ്ങനെ? 'വലങ്കൈയ്യും ഇടങ്കൈയ്യും തമ്മിൽ തിരിച്ചറിഞ്ഞുകൂടാത്തവർ
33. സമാപന വാക്യത്തിന്റെ (4:11) സവിശേഷത എന്ത്? സമസ്ത സൃഷ്ടികളോടുമുള്ള ദൈവത്തിന്റെ സ്നേഹവും കരുതലും ധ്വനിക്കുന്നു.
34. പരിസ്ഥിതിയും പ്രകൃതി സംരക്ഷണവും സംബന്ധിച്ച് യോനായുടെ പുസ്തകം നൽകിയ സന്ദേശം എന്ത്? മനുഷ്യർ അനുതപിച്ചപ്പോൾ, അവരിലൂടെ പ്രകൃതിയും രക്ഷയിലേക്ക്
35. 'അനുതാപം' എന്നാൽ എന്ത്? 'പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യവും ദൈവത്തിങ്കലേക്കുള്ള തിരിച്ചു വരവും
36. അനുതാപത്തിനുള്ള തടസ്സങ്ങൾ ഏവ? സാഹചര്യം, ധൃതിവേണ്ട എന്ന ചിന്ത, നിരാശ, സ്വയനീതികരണം, ദൈവഭയമില്ലായ്ക.
37. അനുതാപത്തിന്റെ പുരോഗതിയുടെ പടവുകൾ ഏവ? പാപബോധം, മനസ്താപം, മാനസാന്തരം, ദൈവാശ്രയം, ഫല-പ്രദാനം.
38. അനുതാപത്തിന് പഴയനിയമം നൽകുന്ന നിർവചനം എന്ത്? വ്യക്തിപരമായ രൂപാന്തരവും ദൈവത്തിങ്കലേക്കുള്ള തിരിച്ചു വരവും ആണ് അനുതാപം. അനുതാപത്തിലേക്കു നമ്മെ നയിക്കുന്നത് ദൈവമാണ്. സാധു സഹായമാണ് (എളിയ വരെ ആദരിക്കുന്നത്) അനുതാപത്തിന്റെ ലക്ഷണം.
39. അനുതാപത്തിന് പുതിയനിയമം നൽകുന്ന നിർവചനം എന്ത്? അനുതാപം തിരിച്ചു വരവിനായുള്ള ഒരു ദൈവ വിളിയും, ദൈവീകദാനവുമാണ്. ഇത് നിരസിക്കുന്നത് ദൈവ കോപത്തിന് കാരണമാകുന്നു.
40. യോനായുടെ പുസ്തകത്തിന് ഇതര പ്രവാചക ഗ്രന്ഥങ്ങളിൽ നിന്നുള്ള വ്യത്യാസങ്ങൾ ഏവ? യോനാ പ്രവാചകന്റെ ലഘുജീവചരിത്രം ഉൾക്കൊള്ളുന്നു, സംഭവങ്ങളുടെ ചരിത്ര പശ്ചാത്തലം വ്യക്തമല്ല, ഒരു പുറജാതി നഗരത്തിനാണ് സന്ദേശം നൽകിയത്.
41. യോനാ പ്രവാചകന്റെ, ജീവചരിത്ര രേഖ തയ്യാറാക്കുക? യരോ ബയാം രണ്ടാമന്റെ ഭരണകാലത്ത് ജീവി

ച്ചിരുന്നു. ഗത്ഹേഫർ കാരനായ അമിത്ഥായുടെ പുത്രൻ. 2 രാജാക്കന്മാർ 14:25 വേദപുസ്തകത്തിലെ ഏക ചരിത്ര രേഖ. വടക്കേ യിസ്രായേലിൽ പ്രവാച കനായിരുന്നു. ആമോസ് പ്രവാചകന്റെ സമകാലീനൻ. സറഫ്തയിലെ വിധവയുടെ മകൻ എന്നു യഹൂദാ പാര മ്പര്യം.

42. 'നിനവെ' ക്കുറിച്ച് ഒരു ഖണ്ഡികയിൽ കവിയാതെ വിശദീകരിക്കുക? അസ്സീറിയാ സാമ്രാജ്യത്തിന്റെ തല സ്ഥാനം. സൻഹേരീബ് ഇതിനെ തലസ്ഥാന നഗരി യാക്കി നദികളായ ടൈഗ്രീസും സാബും സന്ധിക്കു ന്നതിന് സമീപം സ്ഥിതി ചെയ്തിരുന്നു. ബാബിലോ ണിയരായിരുന്ന നിവാസികൾ അശ്ശേരാ ദൈവങ്ങളെ ആരാധിച്ചിരുന്നു. സമ്പൽ സമൃദ്ധവും പ്രസിദ്ധവും മനോഹരവും ആയ നഗരം 'നാശത്തിന്റെ നഗരം' എന്നു നഹും പ്രവാചകൻ വിളിച്ചു. ചതിവും കളവും നിറഞ്ഞ നഗരം. പ്രവാചകനായ സെഫന്യാവ്, നഗര ത്തിന്റെ നാശം പ്രവചിച്ചിരുന്നു. ക്രൂരരായ രാജാക്ക ന്മാർ യുദ്ധ തടവുകാരോടും ക്രൂരത കാട്ടിയിരുന്നു. ബി. സി. ഏഴാം നൂറ്റാണ്ടിൽ അസ്സിറിയൻ സാമ്രാജ്യം ഛിന്ന ഭിന്നമായി. ബാബിലോണ്യരും മേദ്യരും ചേർന്ന് ബി. സി.612-ൽ നിനെവെയെ നശിപ്പിച്ചു.

43. ഗ്രന്ഥ കർത്താവിനെക്കുറിച്ച് വിശദീകരിക്കുക? രച യിതാവ് യോനാ ആണെന്നതിന് തെളിവില്ല. യോനാ യുടെ പേരിൽ മറ്റ് ആരോ എഴുതിയത് ആവാം എന്നു പണ്ഡിത മതം.

44. രചയിതാവ് യോനാ അല്ല എന്ന നിഗമനത്തിന് അടി സ്ഥാനമായ വസ്തുതകൾ ഏവ? യോനാ എഴുതിയത് എന്ന് പുസ്തകത്തിൽ പരാമർശമില്ല. പുസ്തകത്തിലെ അറമായ വാക്കുകളും ശൈലികളും യോനായുടെ കാലഘട്ടത്തിനു വളരെ വർഷങ്ങൾക്കു ശേഷം പ്രയോ ഗത്തിൽ വന്നിട്ടുള്ളവയാണ്

രാജാവിന്റെ പേര് പരാമർശിക്കാത്തതിനാൽ രചയി താവ്, പിൽക്കാലങ്ങളിൽ ജീവിച്ചിരുന്ന ആളും രാജാ വിനെ നേരിട്ടറിയാത്ത ആളുമാണ്. സങ്കീർത്തനങ്ങ ളുടെ സ്വാധീനം പുസ്തകത്തിൽ കാണുന്നതിനാൽ, സങ്കീർത്തനങ്ങളുടെ രചനയ്ക്ക് ശേഷമുള്ള കാലഘ ട്ടത്തിൽ രയിച്ചതാണീ പുസ്തകം.

45. 2 രാജാ 14:25 ലെ യോനാ അല്ല രചയിതാവ് എന്ന അഭിപ്രായത്തിന്റെ അടിസ്ഥാനങ്ങൾ ഏവ?

ദൈവ സ്നേഹം ദൈവ കരുണ എന്നീ ആശയങ്ങൾ പ്രവാസകാലത്തും അതിനു ശേഷവും രൂപപ്പെട്ടതാ ണ്. പുസ്തകത്തിലെ എബ്രായാ, അറമായാ ഭാഷാ പ്രയോഗങ്ങൾ പ്രവാസാനന്തര കാലഘട്ടത്തിലേതാണ്. രചയിതാവിന് യിരമ്യാ പ്രവാചകനെ പരിചയമുണ്ടാ യിരുന്നതായുള്ള സൂചനകളും യോവേൽ പ്രവചന ത്തിൽ നിന്നുള്ള ഉദ്ധരണികളും കാണുന്നതിനാൽ പ്രവാസത്തിന്റെ സമാപനത്തിലോ പ്രവാസാനന്തരമോ രചിക്കപ്പെട്ടതാകാനാണ് സാധ്യത.

46. യോനായുടെ പുസ്തകം ഒരു ചരിത്രഗ്രന്ഥമാണെ ന്നുള്ള അഭിപ്രായത്തിനുള്ള കാരണങ്ങൾ?

യോനായും പിതാവും ചരിത്ര പുരുഷന്മാരാണ്. പുസ്ത കത്തിൽ പരാമർശിക്കുന്ന ദേശങ്ങളും ചരിത്രയാ ഥാർത്ഥ്യങ്ങളാണ്. യേശുക്രിസ്തു, കൃതിയുടെ ചരി ത്രപരമായ ആധികാരികത അംഗീകരിച്ചിട്ടുണ്ട്. യഹൂ ദന്മാർ ഈ കൃതിയുടെ ചരിത്രപരമായ ആധികാരികത നിക്ഷേധിച്ചിട്ടില്ല. പഴയ നിയമ കാനോനും ഈ കൃതി യുടെ ചരിത്രപരമായ ആധികാരികതയെ അംഗീകരി ച്ചിട്ടുണ്ട്. മനുഷ്യരും മൃഗങ്ങളും ദുഃഖമാചരിക്കുന്ന പതിവ് ആസ്യയിൽ ഉണ്ടായിരുന്നതായി ചരിത്രകാര നായ ഹെറോഡോട്ടസ് രേഖപ്പെടുത്തിയിട്ടുണ്ട്. നിനെ വെയെക്കുറിച്ചുള്ള വിവരണം മതേതര ചരിത്രവുമായി ചേർന്നു പോകുന്നു. പ്രവാചകന്മാർ വിദേശങ്ങളിലേക്ക് നിയോഗിതരാകുന്ന രീതി അസാധാരണമായിരുന്നില്ല. ബി.സി.812–783 കാലഘട്ടം നിനെവെയിലെ രാജാവാ യിരുന്ന അഡാഡ്നിരാരി മൂന്നാമന്റെ കാലത്താണ് യോനാ നിനെവെയിൽ എത്തിയത് എന്ന് വിൻക്ലയർ എന്ന പണ്ഡിതൻ അഭിപ്രായപ്പെടുന്നു.

47. യോനായുടെ പുസ്തകം ഒരു ദൃഷ്ടാന്ത കഥയാ ണെന്നു പറയാനുള്ള കാരണങ്ങൾ ഏവ?

ബൈബിളിൽ, ചരിത്രഗ്രന്ഥങ്ങളുടെ ഗണത്തിലല്ല, പ്രവാചക പുസ്തകങ്ങളുടെ കൂട്ടത്തിലാണ് ഈ കൃതി ഉൾപ്പെട്ടിരിക്കുന്നത്. ഗ്രന്ഥകർത്താവ് യോനാ ആകുന്നു എന്ന് പുസ്തകത്തിൽ സൂചനയില്ല. ഗ്രന്ഥ ത്തിന്റെ ഭാഷാരീതിയും ലക്ഷണവും ഒരു ചരിത്രഗ്ര ന്ഥത്തിന് ചേർന്നതല്ല. നിനെവെയുടെ പാപങ്ങൾ ഏതെല്ലാമെന്ന് പറഞ്ഞിട്ടില്ല. യോനായെ മൽസ്യം ഛർദ്ദിച്ച കരയെക്കുറിച്ച് പരാമർശമില്ല.

ആ സ്ഥലത്തു നിന്നു നിനെവെയിലേക്കുള്ള യോനാ യുടെ യാത്രയെക്കുറിച്ച് പറഞ്ഞിട്ടില്ല. യോനാ മൂന്നു രാവും മൂന്നു പകലും മൽസ്യത്തിന്റെ ഉള്ളിൽ ജീവി ച്ചിരുന്നു എന്നതും ജീവനോടെ പുറത്തുവന്നു എന്നതും സംഭവ്യമല്ല. ആവണക്ക് പെട്ടെന്ന് വളർന്ന് വലുതായി എന്നതും സംഭവ്യമല്ല

48. ഗ്രന്ഥത്തിന്റെ സന്ദേശം/ഗ്രന്ഥത്തിന്റെ ലക്ഷ്യം അഥവാ ഉദ്ദേശം പ്രധാന ചിന്തകൾ എന്ത്?

ഇനി പറയുന്നവ അറിയിക്കുക എന്നതായിരുന്ന സന്ദേശം അഥവാ ഉദ്ദേശം: അനുതപിച്ചാൽ ദൈവം സ്വീകരിക്കും. അനുതാപം മൂലം ജാതികൾക്കും ദൈവ കൃപ പ്രാപിക്കാം. പുറജാതികളെ ദൈവരാജ്യ അവ കാശികൾ ആക്കുന്നതിന് യിസ്രായേലിന് ഉത്തരവാ ദിത്വമുണ്ട്. ദൈവസ്നേഹം സാർവ്വത്രികം ആകുന്നു.

49. യോനായുടെ പുസ്തകത്തിൽ സവിശേഷതകൾ എന്തെല്ലാം? ഗദ്യവും പദ്യവും ചേർത്തിരിക്കുന്നു. പ്രേഷിത ദൗത്യത്തിന് പ്രാധാന്യം നൽകുന്നു. ഇതര പഴയനിയമഭാഗങ്ങൾ പരാമർശിക്കപ്പെടുന്നു. യോനാക്കും ഏലിയാവിനും തമ്മിൽ സാമ്യങ്ങൾ. യോനായുടെ സന്ദേശം എട്ടുവാക്കുകളിൽ ഉൾക്കൊ ള്ളുന്നു. കൊടുങ്കാറ്റ്, കിഴക്കൻ കാറ്റ് എന്നീ നിർജീവ മാധ്യമങ്ങളും മൽസ്യം ആവണക്ക് എന്നിവയും സന്ദേശ വാഹകരാകുന്നു.

50. യോനായും ഏലിയാവും തമ്മിലുള്ള സാമ്യങ്ങൾ എന്തെല്ലാം? യോനായെ ആവണക്കിന്റെ ചുവട്ടിലും ഏലിയാവിനെ ചൂരച്ചെടിയുടെ ചുവട്ടിലും ദൈവം സമീ പിക്കുന്നു. രണ്ടു പേരും തങ്ങളുടെ ജീവനെ എടുത്തു

കളയണമെന്ന് അപേക്ഷിക്കുന്നു. രണ്ടു പേരും ദൈവിക മാർഗത്തിലൂടെ പരിപോഷിക്കപ്പെടുന്നു. ദൈവം രണ്ടു പേരെയും ചോദ്യം ചെയ്യുന്നു. ഇരുവരും സ്വന്തവഴിയിൽ നിന്ന് ദൈവം ആവശ്യപ്പെട്ട വഴിയിലേക്കു തിരിയുന്നു.

51. പ്രവാചകൻ ആരായിരിക്കണം? സത്യത്തിന് സാക്ഷ്യം വഹിക്കണം. നിർമ്മല ഹൃദയമുള്ളവനാകണം. സൗമ്യതയും താഴ്മയും ഉണ്ടായിരിക്കണം. പ്രാർത്ഥന ജീവിതം നയിക്കണം. കാണാതെ പോയ ആളുകളെ തേടണം. തിന്മക്കെതിരെ പ്രതികരിക്കണം

52. ബൈബിളിൽ പ്രവാചകന്മാരെ സൂചിപ്പിക്കുന്നതിന് ഉപയോഗിച്ചിരിക്കുന്ന പദങ്ങൾ ഏവ? നബി (എബ്രായ പദം): വിളിക്കുക, വിളിച്ചറിയിക്കുക, പ്രവചിക്കുക എന്നീ അർത്ഥങ്ങൾ ഉള്ള 'നബ്' എന്ന ക്രിയ ധാതുവാണ് മൂലം. 300ൽ അധികം പ്രാവശ്യം 'നബി' എന്ന പദം പഴയ നിയമത്തിൽ കാണപ്പെടുന്നു. റോയേഗ് (എബ്രായ പദം): 'കാണുന്നവൻ' എന്നർത്ഥം വരുന്ന ഈ പദം '9' പ്രാവശ്യം പഴയ നിയമത്തിൽ കാണുന്നു. ദർശകൻ' എന്നു ഭാഷാന്തരം ചെയ്തിരിക്കുന്നു. പ്രൊഫെതേസ് (ഗ്രീക്കു പദം): 'മറ്റുള്ളവരുടെ മുമ്പിൽ സംസാരിക്കുന്നവൻ, മുന്നറിയിക്കുന്നവൻ' എന്നാണർത്ഥം.

53. പഴയ നിയമ പ്രവാചകന്മാരുടെ പ്രത്യേകതകൾ എന്തെല്ലാം? പ്രത്യേക ദൗത്യത്തിനായി വിളിക്കപ്പെട്ടു. ഒരു പ്രത്യേക ജനതയിലേക്ക് അയക്കപ്പെട്ടു. 'യഹോവ അരുളിച്ചെയ്യുന്നു, കർത്താവ് പറയുന്നു' എന്നീ ആമുഖങ്ങളോടുകൂടി പ്രവചിച്ചു. രക്ഷ, 'ശിക്ഷ' അല്ലെങ്കിൽ നാശം' അറിയിച്ചു,

54. പുതിയ നിയമ പ്രവാചന്മാരുടെ പ്രത്യേകതകൾ എന്തെല്ലാം? 'പ്രവാചകൻ' ഒരു സഭാസ്ഥാനി ആയിരുന്നു. പ്രവാചകന്, പ്രാദേശിക സഭയുടെ ചുമതല ഇല്ലായിരുന്നു. പ. റൂഹയാൽ നിയോഗിതനാകയാൽ പ്രവാചകനെ തടയുന്നതിന് സഭക്ക് അധികാരം ഇല്ലായിരുന്നു.

55. തർശീശ് എവിടെ സ്ഥിതി ചെയ്യുന്നു? സ്പെയിനിൽ ക്വാഡൽക്വിറി നദീതീരത്തെ ഫൊയ്നീക്യാ നഗരമായ് 'തിട്ടസ്സെസ്' ആണിതെന്നു കരുതുന്നു.

56. കപ്പൽക്കാരുടെ പ്രതികരണം എപ്രകാരമായിരുന്നു? അവർ ഭയപ്പെട്ടു. ഓരോരുത്തൻ താന്താന്റെ ദേവനോടു നിലവിളിച്ചു. കപ്പലിന്റെ ഭാരം കുറക്കേണ്ടതിന് ചരക്ക് കടലിൽ എറിഞ്ഞു. യോനായെ വിളിച്ചുണർത്തി പ്രാർത്ഥിക്കുന്നതിന് ആവശ്യപ്പെട്ടു. കുറ്റവാളിയെ കണ്ടെത്തുന്നതിന് ചീട്ടിട്ടു. യഹോവയോടു നിലവിളിച്ചു. യോനായെ എടുത്തു സമുദ്രത്തിൽ ഇട്ടു. യഹോവക്കു യാഗം കഴിച്ചു നേർച്ചകളും നേർന്നു.

57. കപ്പിത്താൻ യോനായോടു പറഞ്ഞ 3 കാര്യങ്ങൾ ഏവ? 1:6

58. എന്തിന് ഉണർന്നിരിക്കണം?
പരീക്ഷകളിൽ അകപ്പെടാതിരിപ്പാൻ (Mt. 26:41)
വിശ്വാസ വിപരീതങ്ങൾക്കെതിരെ (Acts: 20:30)
കർത്താവിന്റെ രണ്ടാമത്തെ വരവിനായി (Mt. 24:42)

59. എന്തിനായിരുന്നു അക്കാലത്ത് ചീട്ട് ഇട്ടിരുന്നത്?
കുറ്റക്കാരെ കണ്ടുപിടിക്കുന്നതിന് (യോനാ 1:7)
തെരഞ്ഞെടുപ്പ് നടത്തേണ്ടതിന് (Isam 10:20:21)
വസ്തു വീതിക്കുന്നതിന് (Acts. 26:55)

60. യോനായോടുള്ള നാവികരുടെ ചോദ്യങ്ങൾ ഏവ? 1:8 അനർത്ഥത്തിന്റെ കാരണക്കാരൻ ആര്? തൊഴിൽ എന്ത്? എവിടെ നിന്നു വരുന്നു? നാട് ഏത്? ഏത് ജാതിക്കാരൻ?

61. യോനായുടെ ഉത്തരം എന്തായിരുന്നു?
1:9 "ഞാൻ ഒരു എബ്രായൻ, കരയും കടലും ഉണ്ടാക്കിയ സ്വർഗീയ ദൈവമായ യഹോവയെ ഞാൻ ഭജിച്ചു വരുന്നു.

62. യോനാ നിർദ്ദേശിച്ച പരിഹാര മാർഗം എന്ത്? 1:12, "എന്നെ എടുത്തു സമുദ്രത്തിൽ ഇട്ടുകളവിൻ അപ്പോൾ സമുദ്രം അടങ്ങും, എന്റെ നിമിത്തം ഈ വലിയ കോൾ നിങ്ങൾക്കു തട്ടിയിരിക്കുന്നു എന്നു ഞാൻ അറിയുന്നു എന്നു പറഞ്ഞു."

63. കപ്പൽക്കാരുടെ സ്വഭാവ സവിശേഷതകൾ/മാതൃകകൾ ഏവ?
ദൈവവിശ്വാസികൾ. നീതി ബോധമുള്ളവർ. 1:7 മനസ്സലിവ് ഉള്ളവർ (1:13)

64. ആത്മ നദിയുടെ പ്രവർത്തനങ്ങൾ ഏവ?
പത്ഥ്യമല്ലാത്ത വെള്ളം പത്ഥ്യമായിതീരുന്നു.(Ezek 47:8)
ഇക്കരെയും അക്കരെയും ഫലവൃക്ഷങ്ങൾ വളരുന്നു (47:12)
ചലിക്കുന്ന സകല പ്രാണികളും ജീവിക്കുന്നു (47:9)
വൃക്ഷങ്ങളുടെ ഇല വാടുകയില്ല, ഫലം ഇല്ലാതായി പോകയുമില്ല (47:12)
വൃക്ഷങ്ങളിൽ മാസം തോറും പുതിയ ഫലം കായ്ക്കും (47:12)
വൃക്ഷങ്ങളുടെ ഫലം തിന്മാനും ഇല ചികിത്സക്കും ഉതകും (47:12)

65. പഴയ നിയമത്തിൽ 'രക്ഷ' എന്നതിന്റെ അർത്ഥങ്ങൾ ഏവ?
സുരക്ഷിതത്വം Job. 13:16
ക്ലേശങ്ങളിൽ നിന്നുള്ള വിമോചനം Ps. 42:11, 44:4, Is. 25:9, 38:20
ശത്രുവിൽ നിന്നുള്ള വിമോചനം Isam 11: 9, 13 ച 2 king 13:5, 12:7, 20:17/2 chron
യിസ്രായേൽ ചെങ്കടൽ കടന്നത് Ex. 14:13
വരുവാനിരിക്കുന്ന മഹത്വം യെശ 45:17, 52:10, Jen. 3:23
ദൈവ സ്വഭാവം Ps. 18:46, 38:22, 51:14, 88:1

66. പുതിയ നിയമത്തിൽ 'രക്ഷ' എന്നതിന്റെ അർത്ഥങ്ങൾ ഏവ?
രോഗസൗഖ്യം Mt. 9:22
അപകടത്തിൽ നിന്നുള്ള വിടുതൽ Mt. 8:25; 14:30
അധാർമ്മികരിൽ നിന്നുള്ള വിടുതൽ Acts 2:40
രണ്ടാം വരവിൽ സംഭവ്യമാക്കുന്നത് Rom 13:11
1 Cor. 5:5, 2 Tim 4:18, Hebrews 9: 28; 1 Pet. 1:4; Rev. 12:10

തയ്യാറാക്കിയത്: **ഫാ. ഫിലിപ്പ് ജേക്കബ്, മൂലമണ്ണിൽ**




**ചെ**ങ്ങന്നൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായെ ഭദ്രാസന കാര്യത്തിൽ സഹായിക്കുന്നതിനായി യു.കെ-യുറോപ്പ്-ആഫ്രിക്കാ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് കൽപ്പന മുഖാന്തിരം ആഗസ്റ്റ് മാസം 15-ാം തീയതി മുതൽ നിയമിച്ചു. 17നു അഭി. തിരുമേനി ഭദ്രാസന ആസ്ഥാനത്ത് എത്തിച്ചേരുകയും അഭി. ഇടവക മെത്രാപ്പോലീത്താബൊക്കെ നൽകി സ്വീകരിക്കുകയും ചെയ്തു.

കാതോലിക്കാ ദിന ധനസമാഹരണ കവർ 18-ാം തീയതി അഭി. ഇടവക മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വെച്ച് പരിശുദ്ധ ബാവാ തിരുമനസ്സുകൊണ്ട് ഏറ്റുവാങ്ങി.

ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ 2016-2017 വാർഷിക പൊതുയോഗം ആഗസ്റ്റ് മാസം 19-ാം തീയതി ബഥേൽ അരമനയിൽ വച്ച് അഭി. ഇടവക മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു

ജൂലൈ മാസം 3-ാം തീയതി സഭാ കേസിന് അന്ത്യം കുറിച്ചുകൊണ്ട് ഭാരതത്തിന്റെ പരമോന്നത നീതിപീഠത്തിൽ നിന്നുണ്ടായ വിധിന്യായത്തെ തുടർന്ന് ചെങ്ങന്നൂർ ഭദ്രാസന വിശദീകരണയോഗം ആഗസ്റ്റ് മാസം 27-ാം തീയതി മാന്തളിർ സെന്റ് തോമസ് പള്ളിയുടെ സെന്റ് ജോർജ്ജ് ചാപ്പലിൽ വച്ച് നടന്നു. അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്താ അദ്ധ്യക്ഷം വഹിച്ചു. അഭി. ക്രിസോസ്റ്റോമോസ് തിരുമനസ്സുകൊണ്ട് ഉത്ഘാടനം ചെയ്തു. ഡോ. കുര്യൻ തോമസ് മുഖ്യപ്രഭാക്ഷണം നടത്തി. സഭാ സ്ഥാനികളും മറ്റ് പ്രഗത്ഭവ്യക്തികളും പങ്കെടുത്തു

ഭദ്രാസന യുവജനപ്രസ്ഥാനം ചെങ്ങന്നൂർ ഡിസ്ട്രിക്ടിന്റെ ആഭിമുഖ്യത്തിൽ കാരയ്ക്കാട് സീനായ്ക്കുന്ന് സെന്റ് മേരീസ് ഇടവകയിൽ വെച്ച് ഭിന്ന ശേഷിയുള്ള കുട്ടികളോടൊപ്പം ഓണാഘോഷം സെപ്റ്റംബർ 12-ാം തീയതി വിപുലമായ ചടങ്ങുകളോടെ നടത്തപ്പെട്ടു. ഭദ്രാസന സെക്രട്ടറി അദ്ധ്യക്ഷം വഹിച്ച യോഗം, കൊടിക്കുന്നിൽ സുരേഷ് എം. പി. ഉത്ഘാടനം ചെയ്തു. കുട്ടികളുടെ വിവിധ പരിപാടികളും, ഓണസദ്യയും നടന്നു.

അഖില മലങ്കര മർത്തമറിയം വനിതാസമാജം അന്തർദേശീയ വാർഷിക സമ്മേളനം ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ പന്തളം എമിനൻസ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് 2017 സെപ്റ്റംബർ മാസം 28 മുതൽ ഒക്ടോബർ 1 വരെ തീയതികളിൽ നടത്തപ്പെടുന്നു. ആയതിന്റെ വിജയത്തിനായി എല്ലാവരുടേയും പ്രാർത്ഥനയും, സഹകരണവും അഭ്യർത്ഥിക്കുന്നു.

സെപ്റ്റംബർ മാസം 14-ാം ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളിലും സ്ലീബാ പെരുന്നാൾ ആഘോഷിച്ചു. പിരളശ്ശേരി സെന്റ് ജോർജ്ജ് ഇടവകാംഗവും, ഇടവങ്കാട് സെന്റ് മേരീസ് പള്ളി വികാരിയുമായ ഫാ. പി. കെ. കോശി അച്ചന്റെ പിതാവ് പി. സി. കോശി, തോട്ടപ്പുഴ മാർ ഗ്രീഗോറിയോസ് ഇടവകാംഗവും സഭാ മനേജിംഗ് കമ്മറ്റി അംഗവുമായ ശ്രീ. വർഗ്ഗീസ് ജോൺ തോട്ടപ്പുഴയുടെ മാതാവ് അന്നമ്മ യോഹന്നാൻ, ചെങ്ങന്നൂർ ഭദ്രാസന ആഫീസിന്റെ അക്കൗണ്ടന്റായി സേവനം അനുഷ്ഠിച്ചു വരുന്ന ശ്രീ. റെഞ്ജി വർഗീസിന്റെ മാതാവ് ലീലാമ്മ വർഗീസ്, ഭദ്രാസന ആഡിറ്റർ ചാർട്ടേർഡ് അക്കൗണ്ടന്റ് പി. കെ. രാജുവിന്റെ പിതാവ് പി. കെ. കുര്യൻ എന്നിവർ കർത്താവിൽ നിദ്ര പ്രാപിച്ചു. ഭദ്രാസനത്തിന്റെ അനുശോചനവും, പ്രാർത്ഥനയും അറിയിക്കുന്നു

**ഫാ. തോമസ് കൊക്കാപ്പമ്പിൽ**
(ഭദ്രസാന സെക്രട്ടറി)

## ദശാംശ പദ്ധതി

**ദശാംശം നൽകിയ ഇടവകകൾ**

| | | |
|---|---|---|
| നെല്ലിക്കൽ സെന്റ് മേരീസ് | 02.07.2017 | 21050/- |
| കൂർത്തമല സെന്റ് മേരീസ് | 09.07.2017 | 41490/- |
| കാരക്കാട് സീനായിക്കുന്ന് സെന്റ് മേരീസ് | 16.07.2017 | 29100/- |
| പേരിശ്ശേരി സെന്റ് മേരീസ് | 23.07.2017 | 33840/- |
| കുട്ടമ്പേരൂർ സെന്റ് മേരീസ് | 30. 07.2017 | 40420/- |
| പുലിയൂർ സെന്റ് മേരീസ് & സെന്റ് ജോർജ്ജ് | 06.08.2017 | 18300/- |
| ഉമയാറ്റുകര സെന്റ് തോമസ് | 13.08.2017 | 37715/- |
| നൂറനാട് സെന്റ് തോമസ് | 20.08.2017 | 10400/- |
| കുറിച്ചിമുട്ടം സെന്റ് സ്റ്റീഫൻസ് | 27.08.2017 | 18300/- |
| ബുധനൂർ സെന്റ് ഏലിയാസ് | 10.09.2017 | 26150/- |

## ബാലപത്രിക

**ആനി ജേക്കബ് ചാരുനിൽക്കുന്നതിൽ**



# സന്താപത്തിലൂടെ സന്തോഷത്തിലേക്ക്

സ്നേഹമുള്ളവരെ,

രണ്ടാംലോകമഹായുദ്ധത്തോട് അനുബന്ധിച്ച് എഴുതിയ ഒരു പുസ്തകത്തിൽ ഒരു സംഭവ കഥ വിശദീകരിക്കുന്നുണ്ട്. യുദ്ധത്തോടനുബന്ധിച്ച് ലണ്ടനിൽ ബോംബിംഗ് നടക്കുന്ന കാലത്ത് ഒരു ക്രിസ്തീയ വിശ്വാസി വീട്ടിലേക്ക് ധൃതിയിൽ നടന്നു പോകുകുയായിരുന്നു. തന്റെ നെഞ്ചിനകത്തുണ്ടായിരുന്ന വേദന നിമിത്തം അയാൾക്ക് അത്ര വേഗത്തിൽ നടക്കാൻ കഴിവില്ലായിരുന്നു.

പല ഡോക്ടർമാരും ചികിത്സിച്ചിട്ടും ഭേദമാകാതെ അയാളെ നിരാശനാക്കിത്തീർത്തിരുന്ന ഒരു സുഖക്കേടായിരുന്നു അത്. ചീറിപ്പായുന്ന ബോംബിന്റെ ചീളുകൾക്ക് തനിക്ക് അപകടമൊന്നും സംഭവിക്കുവാൻ ദൈവം അനുവദിക്കയില്ലയെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു.

എന്നാൽ പെട്ടെന്ന് ഒരു ബോംബിന്റെ ഭാഗം ഏറ്റ് അയാൾ നിലത്തുവീണുപോയി.

അതിവേദനയോടെ ആശുപത്രിയിലേക്ക് മാറ്റപ്പെടുമ്പോൾ ദൈവം എന്തുകൊണ്ടാണ് തന്നെ രക്ഷിക്കാത്തതെന്ന് അയാൾ ചിന്തിച്ചു.

ശസ്ത്രക്രിയയ്ക്കുവേണ്ടി തയ്യാറാക്കുമ്പോഴും അദ്ദേഹം പ്രത്യാശ കൈവിടാതെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഡോക്ടർമാർ അയാളുടെ നെഞ്ചിനുള്ളിൽ നിന്നും ആ ചീളെടുത്തു മാറ്റുമ്പോൾ നില വിലുള്ള നെഞ്ചു വേദനയുടെ കാരണവും അവർ കണ്ടുപിടിച്ചു. അയാളുടെ ശ്വാസകോശത്തിനുള്ളിൽ ഒരു ചെറിയ തടിനുറുക്ക് എങ്ങനെയോ കടന്നു കൂടിയിരുന്നു. അതെടുത്തു കളഞ്ഞപ്പോൾ മുതൽ അയാൾ സുഖം പ്രാപിച്ച് ആരോഗ്യവാനായിതീർന്നു.

ബോംബിന്റെ ചീളുതറച്ചതു മൂലം പെട്ടന്നു നടത്തിയ ആ ശസ്ത്രക്രീയ മുഖാന്തിരം തന്റെ രോഗ കാരണം കണ്ടുപിടിക്കപ്പെട്ടതിൽ അയാൾ ദൈവത്തെ വാഴ്ത്തി സ്തുതിച്ചു. നിർഭാഗ്യമെന്ന് അയാൾക്കു തോന്നിയ സംഭവം ദൈവത്തിന്റെ അത്ഭുതകരമായ നടത്തിപ്പിലെ ഒരു കണ്ണിയായിരുന്നു എന്ന് അയാൾക്കു മനസ്സിലായി.

കൂട്ടുകാരെ, നീ ദൈവഹിതത്തിന്റെ കേന്ദ്രത്തിലാണ് ജീവിക്കുന്നതെങ്കിൽ, നിന്റെ അഗ്നിശോധനകളും നിരാശകളുമെല്ലാം യഥാർത്ഥത്തിൽ അനുഗ്രഹങ്ങൾ തന്നെ ആയിരിക്കും. നമ്മുടെ ജീവിതത്തിൽ സന്തോഷത്തിന്റെ കിണറുകൾ കുഴിക്കുവാൻ ദൈവം ഉപയോഗിക്കുന്നത് സന്താപമാകുന്ന മൺവെട്ടിയാണ് എന്ന് ഓർമ്മയിൽ സൂക്ഷിക്കുക.

ദൈവം അനുഗ്രഹിക്കട്ടെ, സ്നേഹത്തോടെ,

**ആനിച്ചേച്ചി**

### പ്രവർത്തനോദ്ഘാടനം



ബുധനൂർ സെന്റ് ഏലിയാസ് യുവജന പ്രസ്ഥാനത്തിന്റെ വിവിധ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം കേന്ദ്ര പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. വികാരി. ഫാ. എം. കെ. ഇമ്മാനുവേൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഒ. സി. വൈ. എം. കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. അജി കെ. തോമസ്, ഒ. സി. വൈ. എം. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ടിജു ഏബഹ്രാം ഭദ്രാസന സെക്രട്ടറി ജോബിൻ കെ. ജോർജ്ജ്, ഭദ്രാസന പി. ആർ. ഒ. സജി പട്ടരുമഠം, കേന്ദ്ര കമ്മറ്റിയംഗം റോബിൻ ജോ വർഗീസ്, ഫാ. ജാൾസൺ ജോർജ്, യൂണിറ്റ് വൈസ് പ്രസിഡന്റ് ബിജു താളുകാട്ട്, സെക്രട്ടറി അജു വർഗീസ്, ട്രഷറാർ ജോഫിൻ എം. സി. എന്നിവർ പ്രസംഗിച്ചു. എസ്. എസ്. എൽ. സി., പ്ലസ്ടു പരീക്ഷയിൽ ഉന്നത വിജയം കൈവരിച്ച വിദ്യാർത്ഥികളെ യോഗത്തിൽ അനുമോദിച്ചു. യുവജന പ്രസ്ഥാനം കേന്ദ്ര ഓഫീസ് നിർമ്മാണ ഫണ്ടിലേക്ക് 20000 രൂപ കേന്ദ്ര പ്രസിഡന്റിന് ഇടവക വികാരി കൈമാറി.

## ഹരിത പത്രിക

**പി. എ. ഐസക്, കുറ്റൂർ**




ഒക്ടോബർ മാസം ആരംഭത്തോടെ ശീതകാല പച്ചക്കറി കൃഷി ആരംഭിക്കാം. കൃഷി ആരംഭിച്ച് 60, 70 ദിവസത്തിനുള്ളിൽ വിളവെടുക്കാം. ക്യാബേജ്, കോളിഫ്ളവർ, ക്യാരറ്റ്, തക്കാളി, ഉള്ളി, ബ്രോക്കളി, ബീറ്റ്റൂട്ട്, ക്യാപ്സിക്കം എന്നിവ അടുക്കള തോട്ടത്തിലും കൃഷി ചെയ്യാവുന്നതാണ്. പ്ലാസ്റ്റിക് ചാക്കിലും, ഗ്രോബാഗിലും, നിലത്തും കൃഷി ചെയ്യാം. നല്ല സൂര്യപ്രകാശം ലഭിക്കുന്ന നീർവാർച്ചയുള്ള ഏതു സ്ഥലത്തും കൃഷി ഇറക്കാം. കൃഷി ആരംഭിക്കുന്നതിന് 20 ദിവസം മുമ്പ് വിത്തുകൾ പാകി തൈകൾ തയാറാക്കണം. തൈകൾ മുളപ്പിക്കുന്നതിന് ചെറിയ ട്രേകൾ വിപണിയിൽ സുലഭമാണ്. ചകിരിച്ചോറും ഉണങ്ങിയ ചാണകപ്പൊടിയും ചേർത്തിളക്കിയ മിശ്രിതം ട്രേകളിൽ നിറച്ചുവേണം വിത്തുപാകാൻ. ക്യാരറ്റും ചെറിയ ഉള്ളിയും പാകേണ്ട ആവശ്യമില്ല. മണ്ണിൽ കുമ്മായം ചേർത്ത് അമ്ലത്വം മാറ്റണം. വാട്ടരോഗത്തിന് ഒരു പരിധിവരെ പ്രതിവിധിയാണിത്. ട്രേകളിൽ വിത്ത് പാകിയ ശേഷം സ്യൂഡോമോണസ് കലക്കി ട്രേ നനയ്ക്കണം. ഗ്രോബാഗ് / ചാക്കിൽ നിറയ്ക്കുന്ന മിശ്രിതത്തിൽ ഉണങ്ങിയ ചാണകപ്പൊടി, എല്ലുപൊടി, വേപ്പിൻപിണ്ണാക്ക്, എന്നിവ മണ്ണിൽ ചേർക്കാം. തൈകൾ നാലില പ്രായം ആകുമ്പോൾ എടുത്ത് സുഡോമോണസ് ലായനിയിൽ മുക്കിവേണം നടുവാൻ. വൈകുന്നേരം നടുന്നതാണ് നല്ലത്.

വേരുപിടിച്ചു കഴിഞ്ഞാൽ 10 ദിവസം ഇടവിട്ട് ഒരുകിലോ പച്ചച്ചാണകം, 1 കിലോ കടല പിണ്ണാക്ക്, അര കിലോ വേപ്പിൻപിണ്ണാക്ക്, 10 ലിറ്റർ വെള്ളത്തിൽ കലക്കി മൂന്ന് ദിവസം കഴിഞ്ഞ് രണ്ടിരട്ടി വെള്ളം ചേർത്ത് നേർപ്പിച്ച് അരലിറ്റർ വീതം ഒഴിച്ചുകൊടുക്കാം. 20 ദിവസത്തിൽ ഒരിക്കൽ 20 ഗ്രാം സുഡോമോണസ് 1 ലിറ്റർ വെള്ളത്തിൽ കലക്കി ഒഴിച്ചുകൊടുക്കാം. ഇലകളിൽ ചിത്രകീടമോ, പുഴുക്കേടോ കണ്ടാൽ വേപ്പാധിഷ്ഠിത ജൈവകീടനാശിനികൾ തളിക്കണം. തക്കാളി വളർന്നു വരുമ്പോൾ താങ്ങ് കൊടുക്കണം.

രാസവളം ചേർക്കുന്നവർ എൻ.പി.കെ. വളങ്ങൾ മണ്ണിൽ ഈർപ്പം ഉള്ളപ്പോൾ വളരെ ചെറിയ അളവിൽ ചെടിയുടെ തണ്ടിൽ നിന്നും അകറ്റി ഇടാം. ടെറസിൽ ചെയ്യുന്ന കൃഷിക്ക് രാസവളം ഒഴിവാക്കണം. നല്ല വിളവ് ലഭിക്കും ഏതു പ്രായക്കാർക്കും അൽപം മനസ്സുവച്ചാൽ വിഷം ഇല്ലാതെ കൃഷി ചെയ്യാവുന്നതെ ഉള്ളൂ.

സംശയങ്ങൾക്ക് ഭദ്രാസന ഇക്കോളജി വിഭാഗവുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 9447347899

## പ്രകാശനം ചെയ്തു



ഡോ. എം. കുര്യൻ തോമസ് രചിച്ച എം. ഒ. സി. പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ച 'യോജിക്കേണ്ടും സമയമിതാ' എന്ന പുസ്തകത്തിന്റെ പ്രകാശന കർമ്മം അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ വൈദീക ട്രസ്റ്റി ഫാ. ഡോ. എം. ഒ. ജോണിന് നൽകി പ്രകാശനം ചെയ്തു.



സൺഡേസ്കൂൾ പുത്തൻകാവ് ഡിസ്ട്രിക്റ്റ്, മാരാമൺ സമഷ്ടി ഓർത്തഡോക്സ് സെന്ററിൽ വെച്ച് നടത്തിയ ഏകദിന ക്യാമ്പിൽ പങ്കെടുത്ത വിദ്യാർത്ഥികളും നേതൃത്വം നൽകിയ വൈദീകരും അദ്ധ്യാപകരും പ്രവർത്തകരും തുമ്പമൺ ഭദ്രാസനാധിപൻ അഭിവന്ദ്യ കുര്യാക്കോസ് മാർ ക്ലീമ്മീസ് തിരുമേനിയോടൊപ്പം



# സണ്ടേസ്കൂൾ വാർത്തകൾ

ബഹു സഹപ്രവർത്തകരേ,

അപ്പോസ്തോലിക വിശ്വാസം കാത്ത് പരിരക്ഷിക്കുന്നതിൽ പലരും വിമുക്തത കാട്ടുകയും മറ്റ് സഭകളുടെയും സമുദായത്തിന്റേയും ആദർശങ്ങൾ നമ്മുടെ വിശ്വാസത്തിൽ കൂട്ടികലർത്തി യഥാർത്ഥ തനിമയെ ഇല്ലായ്മചെയ്തുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമായി മാറിക്കഴിഞ്ഞു. ഇത് ഭവനത്തിൽ തന്നെ കുറഞ്ഞ് സഭയിലേക്കും വ്യാപിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ നമ്മുടെ കുഞ്ഞുങ്ങൾ യഥാർത്ഥ വിശ്വാസം തങ്ങളുടെ ഭാഗമാക്കി തീർക്കുവാനും അത് സഭയുടെ തനിമ വീണ്ടെടുക്കുവാനും സാധിതമാകുവാൻ അദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ അദ്ധ്യാപനത്തിൽ ഇതര വിശ്വാസങ്ങൾ കൂട്ടികലർത്തുവാൻ ഒരിക്കലും അനുവദിക്കരുത്. വിവാഹ കൂദാശകൾ പോലും മറ്റ് വിഭാഗവുമായി ചേർക്കുവാൻ പോലും ചിന്തിക്കരുത്. സഭയോടും ദൈവത്തോടും ഉള്ള ബന്ധം അരക്കിട്ട് ഉറപ്പിക്കുവാൻ ഓരോ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സാധിക്കണം. നമ്മളിൽ നിന്നും പിരിഞ്ഞു പോയ സമൂഹങ്ങൾ ഒരു പക്ഷേ പലനിലയിലും വളർന്നെന്നു വരാം. ആസ്ഥി വർദ്ധിച്ചെന്നു വരും. അതിന്റെ പ്രൗഡിയല്ല, പിതാക്കന്മാർ ഏല്പിച്ച സത്യവിശ്വാസം അഭങ്കുരം പാലിപ്പാൻ നമ്മൾക്ക് കടപ്പാടുണ്ട്. അത് ഓരോരുത്തരും തന്റെ ചുമതലയായി ഏറ്റെടുക്കുവാൻ സന്നദ്ധരാകണം.

**ഭദ്രാസന സഹപാഠ്യമത്സരം**

ഡിസ്ട്രിക്തല സഹപാഠ്യമത്സരം ഡിസിട്രിക്ട് ഇൻസ്പെക്ടർമാരുടെയും ചുമതലയിൽ നടത്തപ്പെട്ടു. ഒന്നും രണ്ടും സ്ഥാനം നല്കപ്പെട്ടവർ പുത്തൻ കാവ് മെത്രോപോലീത്തൻ ഹയർ സെക്കന്ററി സ്കൂളിൽ വച്ച് ഒക്ടോബർ 14-ാം തീയതി ശനിയാഴ്ച നടത്തപ്പെടുന്ന സഹപാഠ്യമത്സരവേദിയിൽ പങ്കെടുക്കുകയും ഭദ്രാസനതലത്തിൽ ഉയർന്ന മാർക്കു നേടുവാനും സൗത്ത് സെൻട്രൽ സോണിൽ നമ്മുടെ ഭദ്രാസനം ഉന്നത വിജയം കരസ്ഥമാക്കുവാൻ പ്രയത്നിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം.

**വാർഷിക പരീക്ഷ**

ഡിസംബറിൽ നടത്തപ്പെടുന്ന മത്സരപ്പരീക്ഷയിൽ ഇപ്പോഴേ കുട്ടികൾ ഉത്സുകരാകേണ്ടതാണ്. നല്ല ടാലന്റുള്ള വിദ്യാർത്ഥികൾ നമ്മൾക്കുണ്ട്. അത് അദ്ധ്യാപകർ പ്രോത്സാഹനം നല്കി ഉന്നതമായ വിജയം കരസ്ഥമാക്കുവാൻ പ്രോത്സാഹിപ്പിക്കേണ്ടത് നമ്മുടെ കടമയാണ് എന്നകാര്യം കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു. ഏത് പ്രസ്ഥാനത്തിന്റെയും മത്സര രംഗങ്ങളിൽ വിദ്യാർത്ഥികളെ ഉപയോഗിക്കുന്നതിനാൽ സണ്ടേസ്കൂൾ പാഠത്തോടുള്ള അവരുടെ അകൽച്ച ഭാവിയിൽ ദൂഷ്യ ഫലങ്ങൾ ഉളവാക്കുവാൻ കാരണമായിതീരും എന്ന ചിന്ത ഓരോ പ്രസ്ഥാനങ്ങളും മനസ്സിലാക്കണം, ഒരു വർഷത്തെ പ്രവർത്തനങ്ങളും മറ്റും അടങ്ങിയ സർക്കുലർ ഡിസംബറിൽ തന്നെ വികാരിമാർക്കും പ്രഥമാദ്ധ്യാപകർക്കും നൽകുന്നതാണെങ്കിലും ആ സർക്കുലറിലെ തീയതിയിൽ തന്നെ മറ്റ് പ്രസ്ഥാനങ്ങൾ അവരുടെ പ്രോഗ്രാം പിന്നീട് ക്രമീകരിക്കുമ്പോൾ അത് നമ്മുടെ കുഞ്ഞുങ്ങളുടെ മനസ്സിനെ നൊമ്പരപ്പെടുത്തുകയും ചെയ്യും എന്നതും മനസ്സിലാക്കി ഓരോ പ്രസ്ഥാനത്തോടും ചേർന്ന് പ്രവർത്തിപ്പാൻ സംഗതിയാക്കേണ്ടതാണ്.

**ഓറിയന്റേഷൻ ക്ലാസ്സ്**

സെപ്റ്റംബർ 21-ാം തീയതി വ്യാഴാഴ്ച ബഥേൽ അരമനയിൽ വച്ച് നടത്തപ്പെടുന്നതാണ്. യാതൊരു കാരണവശാലും ചിതറി വരുന്നവർക്ക് മറ്റൊരു ക്ലാസ്സ് വീണ്ടും ക്രമീകരിക്കുവാൻ ബുദ്ധിമുട്ട് ഉണ്ടാകുമെന്നതിനാൽ ഭദ്രാസനം ക്രമീകരിച്ചിട്ടുള്ള തീയതിയിൽ തന്നെ പങ്കെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

കൗൺസിലിനുവേണ്ടി,

**വർഗീസ് ജി.** (ഡയറക്ടർ)

# സി. ഡി. പ്രകാശനം ചെയ്തു



മനോരമ മ്യൂസിക് പുറത്തിറക്കുന്ന 'പുത്തൻകാവിൽ കൊച്ചുതിരുമേനി' എന്ന ഓഡിയോ സി.ഡി. പ്രകാശനത്തോടനുബന്ധിച്ച് നടന്ന സമ്മേളനം കോട്ടയം പഴയ സെമിനാരി സെന്ററിൽ പരിശുദ്ധ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. ഇടത്തുനിന്ന് ഫാ. റെന്നി തോമസ്, സുനിൽ പി. ഉമ്മൻ, ഫാ. വിൽസൺ ശങ്കരത്തിൽ, തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ, ഫാ. ഡോ. ഒ. തോമസ്, മലയാള മനോരമ മാനേജിംഗ് എഡിറ്റർ ജേക്കബ് മാത്യു, ഏബ്രഹാം തോമസ് എന്നിവർ സമീപം.